सत्यमेव जयते

**Government of India**

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4136 | नई दिल्ली | मंगलवार | 31 दिसंबर 2024/ | 10 पौष 1946 (शक) | खण्ड | 13 |
| No. | 4136 | NEW DELHI | Tuesday | 31 December 2024/ | 10 Pousha, 1946 (Saka) | Vol. | 13 |
| നമ്പർ | 4136 | ന്യൂഡൽഹി | ചൊവ്വ | 31 ഡിസംബർ 2024/ | 10 പൌഷം, 1946 (ശക) | വാല്യം | 13 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 16th October, 2023/24th Aswina, 1945 (Saka).*

The translation in Malayalam of The Rights of Persons with Disabilities Act, 2016 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ആക്റ്റ്, 2016–ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973–ലെ 50)–ന്റെ 2–ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

S. K. G. RAHATE,
*Secretary to the Government of India.*

# വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ആക്റ്റ്, 2016

## (2016-ലെ 49-ാം നമ്പർ)

വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളും അതുമായി ബന്ധപ്പെട്ടതോ
അതിന് ആനുഷംഗികമായതോ ആയ സംഗതികളിൽ
ഐക്യരാഷ്ട്ര സഭയുടെ ഉടമ്പടിക്ക്
പ്രഭാവം നൽകുന്നതിനുള്ള
ഒരു
ആക്റ്റ്

ഐക്യരാഷ്ട്ര പൊതുസഭ വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളിന്മേലുള്ള അതിന്റെ ഉടമ്പടി 2006 ഡിസംബർ 13-ാം തീയതി അംഗീകരിച്ചിട്ടുള്ളതിനാലും;

പ്രസ്തുത ഉടമ്പടി വൈകല്യങ്ങളുള്ള ആളുകളുടെ ശാക്തീകരണത്തിനായി താഴെ പറയുന്ന,—

(ക) സഹജമായ അന്തസ്സ്, സ്വയം തിരഞ്ഞെടുക്കലുകൾ നടത്താനുള്ള സ്വാതന്ത്ര്യമുൾപ്പെടെ വ്യക്തിപരമായ സ്വയംഭരണാവകാശം, എന്നിവയോടുള്ള ആദരവ്, വ്യക്തികളുടെ സ്വാതന്ത്ര്യം;

(ഖ) വിവേചനമില്ലായ്മ;

(ഗ) പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തവും സമൂഹത്തിൽ അംഗീകരിക്കലും;

(ഘ) മനുഷ്യവൈവിധ്യത്തിന്റെയും മനുഷ്യത്വത്തിന്റെയും ഭാഗമായി വ്യത്യസ്തതയോടുള്ള ബഹുമാനവും വൈകല്യങ്ങളുള്ള ആളുകളെ സ്വീകരിക്കലും;

(ങ) അവസര സമത്വം;

(ച) പ്രാപ്യത;

(ഛ) പുരുഷൻമാർക്കും സ്ത്രീകൾക്കും ഇടയിൽ സമത്വം;

(ജ) വൈകല്യങ്ങളുള്ള കുട്ടികളിലെ വികസന ശേഷികളോടുള്ള ബഹുമാനവും അവരുടെ അനന്യതകൾ സംരക്ഷിക്കുന്നതിന് വൈകല്യങ്ങളുള്ള കുട്ടികളുടെ അവകാശത്തോടുള്ള ബഹുമാനവും,

എന്നീ തത്വങ്ങൾ പ്രതിപാദിക്കുന്നതിനാലും;

ഭാരതം പ്രസ്തുത ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുള്ളതിനാലും;

ഭാരതം 2007 ഒക്ടോബർ 1-ാം തീയതി പ്രസ്തുത ഉടമ്പടി സ്ഥിരീകരിച്ചിട്ടുള്ളതിനാലും;

പ്രസ്തുത ഉടമ്പടി നടപ്പാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ആക്റ്റ്, 2016 എന്ന് പേര് പറയാം.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, നിശ്ചയിക്കാവുന്ന, അങ്ങനെയുള്ള തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "അപ്പലേറ്റ് അതോറിറ്റി" എന്നാൽ 14-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം അല്ലെങ്കിൽ 53-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തതോ, 59-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാനനിർദ്ദേശം ചെയ്തതോ ആയ, അതത് സംഗതി പോലെ, ഒരു അതോറിറ്റി എന്ന് അർത്ഥമാകുന്നു;

(ഖ) "സമുചിത സർക്കാർ" എന്നാൽ,—

(i) കേന്ദ്ര സർക്കാരോ പ്രസ്തുത സർക്കാർ പൂർണ്ണമായതോ ഗണ്യമായ ധനസഹായം ചെയ്യുന്ന ഏതെങ്കിലും സ്ഥാപനമോ അല്ലെങ്കിൽ കന്റോൺമെന്റ്സ് ആക്റ്റ്, 2006 (2006-ലെ 41) പ്രകാരം രൂപീകരിച്ച ഒരു കന്റോൺമെന്റ് ബോർഡോ സംബന്ധിച്ച്, കേന്ദ്രസർക്കാർ;

(ii) ഒരു സംസ്ഥാന സർക്കാരോ പ്രസ്തുത സർക്കാർ പൂർണ്ണമായോ ഗണ്യമായോ ധനസഹായം ചെയ്യുന്ന ഏതെങ്കിലും സ്ഥാപനമോ അല്ലെങ്കിൽ ഒരു കന്റോൺമെന്റ് ബോർഡ് അല്ലാതെ ഏതെങ്കിലും തദ്ദേശാധികാര സ്ഥാപനമോ സംബന്ധിച്ച്, സംസ്ഥാന സർക്കാർ,

എന്നർത്ഥമാകുന്നു;

(ഗ) "തടസ്സം" എന്നാൽ വൈകല്യങ്ങളുള്ള ആളുകൾക്ക് സമൂഹത്തിലുള്ള പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തം തടസ്സപ്പെടുത്തുന്ന, ആശയവിനിമയപരമോ സാംസ്കാരികമോ സാമ്പത്തികമോ പാരിസ്ഥിതികമോ സ്ഥാപന സംബന്ധമോ രാഷ്ട്രീയമോ സാമൂഹ്യമോ മനോഭാവ സംബന്ധമോ ഘടനാപരമോ ആയ ഘടകങ്ങൾ ഉൾപ്പെടെയുള്ള ഏതെങ്കിലും ഘടകം എന്നർത്ഥമാകുന്നു;

(ഘ) "പരിചരണം നൽകുന്നയാൾ" എന്നാൽ വൈകല്യമുള്ള ആളിന് പ്രതിഫലത്തിനോ അല്ലാതെയോ, പരിചരണമോ പിന്തുണയോ സഹായമോ നൽകുന്ന, രക്ഷാകർത്താക്കളും മറ്റ് കുടുംബാംഗങ്ങളും ഉൾപ്പെടെയുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ങ) “സാക്ഷ്യപ്പെടുത്തുന്ന അതോറിറ്റി” എന്നാൽ 57-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഒരു അതോറിറ്റി എന്നർത്ഥമാകുന്നു;

(ച) “ആശയ വിനിമയം” എന്നതിൽ ആശയ വിനിമയത്തിനുള്ള ഉപാധികളും രീതികളും, ഭാഷകൾ, വാക്യങ്ങളുടെ പ്രദർശനം, ബ്രയിലി, സ്പർശനക്ഷമമായ ആശയ വിനിമയം, അടയാളങ്ങൾ, ലാർജ്ജ് പ്രിന്റ്, പ്രാപ്യമായ മൾട്ടിമീഡിയ, ലിഖിത രൂപത്തിലുള്ളത്, ഓഡിയോ, വീഡിയോ, ദൃശ്യപ്രദർശനങ്ങൾ, ആംഗ്യഭാഷ, സാധാരണഭാഷ, ഹ്യൂമൻ-റീഡർ, വർദ്ധകവും ആനുകൽപികവുമായ സമ്പ്രദായങ്ങൾ, പ്രാപ്യമായ വിവര-ആശയവിനിമയ സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടുന്നു;

(ഛ) “ക്ഷമതയുള്ള അധികാരസ്ഥാനം” എന്നാൽ 49-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ജ) “വിവേചനം” എന്നാൽ വൈകല്യവുമായി ബന്ധപ്പെട്ട്, ഏതെങ്കിലും രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക, സിവിൽ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രവർത്തന രംഗത്തിലെ എല്ലാ മനുഷ്യാവകാശങ്ങളും മൗലിക സ്വാതന്ത്ര്യങ്ങളും മറ്റുള്ളവരുമായി തുല്യ അടിസ്ഥാനത്തിലുള്ള അംഗീകരിക്കലിനെയോ അനുഭവിക്കലിനെയോ വിനിയോഗിക്കലിനെയോ ഹനിക്കുകയോ അസാധുവാക്കുകയോ ലക്ഷ്യമോ ഫലമോ ആയിട്ടുള്ള, വൈകല്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഏതെങ്കിലും വേർതിരിക്കലോ ഒഴിവാക്കലോ പരിമിതപ്പെടുത്തലോ എന്നർത്ഥമാകുന്നതും കൂടാതെ എല്ലാ തരത്തിലുമുള്ള വിവേചനവും ന്യായമായ സൗകര്യത്തിന്റെ നിഷേധവും ഉൾപ്പെടുന്നതുമാണ്;

(ഝ) “സ്ഥാപനം” എന്നതിൽ ഒരു സർക്കാർ സ്ഥാപനവും സ്വകാര്യ സ്ഥാപനവും ഉൾപ്പെടുന്നതാകുന്നു;

(ഞ) “ഫണ്ട്” എന്നാൽ 86-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ദേശീയ ഫണ്ട് എന്നർത്ഥമാകുന്നു;

(ട) “സർക്കാർ സ്ഥാപനം” എന്നാൽ ഒരു കേന്ദ്ര ആക്റ്റിനാലോ സംസ്ഥാന ആക്റ്റിനാലോ അവയ്ക്ക് കീഴിലോ സ്ഥാപിച്ച ഒരു കോർപ്പറേഷനോ സർക്കാരിന്റെയോ ഒരു തദ്ദേശ അധികാരസ്ഥാനത്തിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ധനസഹായത്തിലോ ഉള്ള ഒരു അധികാരസ്ഥാനമോ നികായമോ അല്ലെങ്കിൽ കമ്പനീസ് ആക്റ്റ്, 2013 (2013-ലെ 18)-ലെ 2-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു സർക്കാർ കമ്പനി എന്നർത്ഥമാകുന്നതും അതിൽ സർക്കാരിന്റെ ഒരു വകുപ്പ് ഉൾപ്പെടുന്നതുമാകുന്നു;

(ഠ) “പരമാവധി പിന്തുണ” എന്നാൽ വ്യവസ്ഥിത വൈകല്യമുള്ള ഒരാളിന് ദൈനംദിന പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസം, തൊഴിൽ, കുടുംബവും സാമൂഹ്യജീവിതവും ഉൾപ്പെടെ സൗകര്യങ്ങൾ പ്രാപ്യമാകുന്നതിനും ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഭാഗഭാക്കാകുന്നതിനും വേണ്ടി സ്വതന്ത്രവും കാര്യവിവരവുമുള്ള തീരുമാനമെടുക്കുന്നതിനും ചികിത്സയ്ക്കും തെറാപ്പിയ്ക്കും ആവശ്യമാകാവുന്ന ശാരീരികവും മാനസികവും കൂടാതെ മറ്റുവിധത്തിലുമുള്ള സമഗ്രമായ ഒരു പിന്തുണ എന്നർത്ഥമാകുന്നു;

(ഡ) "ഉൾച്ചേർന്ന വിദ്യാഭ്യാസം" എന്നാൽ വൈകല്യമുള്ളതും അല്ലാത്തതുമായ വിദ്യാർത്ഥികൾ ഒരുമിച്ച് പഠനം നടത്തുന്നതും വിവിധ തരത്തിലുള്ള വൈകല്യങ്ങളുള്ള വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഉചിതമായി അനുരൂപമാക്കിയ അദ്ധ്യാപന-പഠന സംവിധാനമുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം എന്നർത്ഥമാകുന്നു;

(ഢ) "വിവര-ആശയ വിനിമയ സാങ്കേതിക വിദ്യ" എന്നതിൽ ടെലികോം സേവനങ്ങൾ, വെബ് അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ, ഇലക്ട്രോണിക്കും പ്രിന്റും സേവനങ്ങൾ, ഡിജിറ്റലിലും വെർച്ചലും സേവനങ്ങൾ എന്നിവ ഉൾപ്പെടെ വിവര-ആശയവിനിമയവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും നൂതനാവിഷ്കരണങ്ങളും ഉൾപ്പെടുന്നതാകുന്നു;

(ണ) "സ്ഥാപനം" എന്നാൽ വൈകല്യങ്ങളുള്ള ആളുകളുടെ പ്രവേശനത്തിനും പരിരക്ഷയ്ക്കും സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പുനരധിവാസത്തിനും കൂടാതെ മറ്റേതെങ്കിലും പ്രവർത്തനങ്ങൾക്കുമുള്ള ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(ത) "തദ്ദേശ അധികാരസ്ഥാനം" എന്നാൽ ഭരണഘടനയുടെ 243<u>ത</u> അനുച്ഛേദത്തിലെ (ങ), (ച) എന്നീ ഖണ്ഡങ്ങളിൽ നിർവചിച്ചിട്ടുള്ള ഒരു മുനിസിപ്പാലിറ്റി അല്ലെങ്കിൽ ഒരു പഞ്ചായത്ത്; കന്റോൺമെന്റ്സ് ആക്റ്റ്, 2006 (2006-ലെ 41) പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു കന്റോൺമെന്റ് ബോർഡ്; കൂടാതെ പൗരസംബന്ധമായ കാര്യങ്ങൾ നടത്തുന്നതിന് പാർലമെന്റിന്റെയോ ഒരു സംസ്ഥാന നിയമസഭയുടെയോ ഒരു ആക്റ്റ് പ്രകാരം സ്ഥാപിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഥ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നതും "വിജ്ഞാപനം ചെയ്യുക" അല്ലെങ്കിൽ "വിജ്ഞാപനം ചെയ്തത്" എന്നീ പദപ്രയോഗങ്ങൾ അതനുസരിച്ച് വ്യാഖ്യാനിക്കേണ്ടതുമാണ്;

(ദ) "വ്യവസ്ഥിത വൈകല്യമുള്ള ആൾ" എന്നാൽ നിർദ്ദിഷ്ട വൈകല്യം അളക്കാവുന്ന വിധം നിർവ്വചിച്ചിട്ടില്ലാത്തിടത്ത്, നാല്പതു ശതമാനത്തിൽ കുറയാതെ ഒരു നിർദ്ദിഷ്ട വൈകല്യം ഉള്ള ഒരാൾ എന്നർത്ഥമാകുന്നതും അതിൽ നിർദ്ദിഷ്ട വൈകല്യം അളക്കാവുന്ന വിധം നിർവ്വചിച്ചിട്ടുള്ളിടത്ത്, സാക്ഷ്യപ്പെടുത്തുന്ന അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തുന്ന പ്രകാരം വൈകല്യമുള്ള ഒരു ആൾ ഉൾപ്പെടുന്നതുമാകുന്നു;

(ധ) "വൈകല്യമുള്ള ആൾ" എന്നാൽ പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കുന്നതിൽ സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം തുല്യമായി, അയാളുടെ പൂർണ്ണവും ഫലപ്രദവുമായ ഭാഗഭാഗിത്വത്തിന് തടസ്സമുണ്ടാക്കുന്ന, ദീർഘകാലത്തെ ശാരീരികമോ മാനസികമോ ബൗദ്ധികമോ ഇന്ദ്രിയ സംബന്ധമോ ആയ കുറവുള്ള ഒരു ആൾ എന്നർത്ഥമാകുന്നു;

(ന) "പരമാവധി പിന്തുണാവശ്യകതകളുള്ള വൈകല്യമുള്ള ആൾ" എന്നാൽ 58-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം സാക്ഷ്യപ്പെടുത്തിയ വ്യവസ്ഥിത വൈകല്യമുള്ള, പരമാവധി പിന്തുണ ആവശ്യമായ ഒരു ആൾ എന്നർത്ഥമാകുന്നു;

(പ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ഫ) "സ്വകാര്യസ്ഥാപനം" എന്നാൽ ഒരു കമ്പനി, ഫേം, സഹകരണ അല്ലെങ്കിൽ മറ്റു സംഘം, സമാജങ്ങൾ, ട്രസ്റ്റ്, ഏജൻസി, സ്ഥാപനം, സംഘടന, യൂണിയൻ, ഫാക്ടറി അല്ലെങ്കിൽ സമുചിത സർക്കാർ വിജ്ഞാപനം മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു സ്ഥാപനം എന്നർത്ഥമാകുന്നു;

(ബ) "പൊതുകെട്ടിടം" എന്നാൽ വിദ്യാഭ്യാസപരമോ തൊഴിൽപരമോ ആയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഒരു കെട്ടിടം ഉൾപ്പെടെയുള്ള, ജനങ്ങൾ പൊതുവെ ഉപയോഗിക്കുന്നതോ അവർക്ക് പ്രാപ്യമായതോ ആയ ഒരു സർക്കാർ അല്ലെങ്കിൽ സ്വകാര്യ കെട്ടിടം, തൊഴിൽ സ്ഥലം, വാണിജ്യപരമായ പ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്ക് പ്രയോജനമുള്ളവ, മതപരമോ സാംസ്കാരികമോ ഒഴിവ് സമയ അല്ലെങ്കിൽ വിനോദപരമോ ആയ പ്രവർത്തനങ്ങൾ, വൈദ്യശാസ്ത്രപരമായ അല്ലെങ്കിൽ ആരോഗ്യസേവനങ്ങൾ, നിയമനിർവ്വഹണ ഏജൻസികൾ, ദുർഗ്ഗുണപരിഹാര പാഠശാലകൾ അല്ലെങ്കിൽ നീതിന്യായ ഫോറങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ അല്ലെങ്കിൽ പ്ലാറ്റ്ഫോമുകൾ, നിരത്തുകൾ, ബസ് സ്റ്റാന്റുകൾ അല്ലെങ്കിൽ ടെർമിനസ്, വിമാനത്താവളങ്ങൾ അല്ലെങ്കിൽ ജലപാതകൾ എന്നർത്ഥമാകുന്നു;

(ഭ) "പൊതു സൗകര്യങ്ങളും സേവനങ്ങളും" എന്നതിൽ പാർപ്പിട സൗകര്യം, വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പരിശീലനങ്ങൾ, ഉദ്യോഗവും ഔദ്യോഗിക ജീവിത പുരോഗതിയും, ഷോപ്പിംഗ് അല്ലെങ്കിൽ വിപണനം, മതപരം, സാംസ്കാരികം, ഒഴിവ് സമയ അല്ലെങ്കിൽ വിനോദപരം, വൈദ്യശാസ്ത്രപരം, ആരോഗ്യവും പുനരധിവാസവും, ബാങ്കിംഗ്, ധനകാര്യവും ഇൻഷ്വറൻസും, വാർത്താവിനിമയം, തപാലും ഇൻഫർമേഷനും, നീതിയ്ക്കുള്ള പ്രാപ്യത, പൊതുജനങ്ങൾക്ക് പ്രയോജനമുള്ളവ, പരിവഹണം ഉൾപ്പെടെ പൊതുവെ പൊതുജനങ്ങൾക്കുള്ള സേവനങ്ങളുടെ എല്ലാ തരത്തിലുമുള്ള വിതരണം ഉൾപ്പെടുന്നതാകുന്നു;

(മ) "ന്യായമായ സൗകര്യം" എന്നാൽ വൈകല്യങ്ങളുള്ള ആളുകൾ മറ്റുള്ളവരുടേതിന് തുല്യമായി അവകാശങ്ങളുടെ അനുഭവമോ വിനിയോഗമോ ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക സംഗതിയിൽ ആനുപാതികമല്ലാത്തതോ അധികമോ ആയ ഒരു ഭാരം ഏൽപിക്കാതെയുള്ള ആവശ്യവും ഉചിതവുമായ മാറ്റം വരുത്തലും ക്രമീകരണങ്ങളും എന്നർത്ഥമാകുന്നു;

(യ) "രജിസ്റ്റർ ചെയ്ത സംഘടന" എന്നാൽ പാർലമെന്റിന്റെയോ ഒരു സംസ്ഥാന നിയമസഭയുടെയോ ഒരു ആക്റ്റ് പ്രകാരം യഥാവിധി രജിസ്റ്റർ ചെയ്ത, വൈകല്യങ്ങളുള്ള ആളുകളുടെ ഒരു സമാജമോ, അംഗഭംഗം വന്ന ആളുകളുടെ ഒരു സംഘടനയോ, വൈകല്യങ്ങളുള്ള ആളുകളുടെ മാതാപിതാക്കളുടെ ഒരു സമാജമോ, വൈകല്യങ്ങളുള്ള ആളുകളുടെയും കുടുംബാംഗങ്ങളുടെയും ഒരു സംഘടനയോ ഒരു സന്നദ്ധ സംഘടനയോ ഒരു സർക്കാരിതര സംഘടനയോ ധർമ്മപരമായ ഒരു സംഘടനയോ ഒരു ട്രസ്റ്റോ, ഒരു സംഘമോ വൈകല്യങ്ങളുള്ള ആളുകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന, ലാഭേച്ഛയില്ലാത്ത ഒരു കമ്പനിയോ എന്നർത്ഥമാകുന്നു;

(യക) "പുനരധിവാസം" എന്നത് വൈകല്യങ്ങളുള്ള ആളുകൾക്ക് കായികവും ഇന്ദ്രിയസംബന്ധവും ബുദ്ധിപരവും മാനസികവും പരിസ്ഥിതി സംബന്ധവും അല്ലെങ്കിൽ സാമൂഹ്യവുമായി പരമാവധി പ്രവർത്തനതലങ്ങൾ കൈവരിക്കുന്നതിനും

നിലനിർത്തുന്നതിനും കഴിവുണ്ടാക്കുക എന്ന ലക്ഷ്യത്തോടു കൂടിയുള്ള ഒരു പ്രക്രിയയെ സൂചിപ്പിക്കുന്നു;

(യഖ) "പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്" എന്നാൽ,—

(i) വൈകല്യങ്ങളുള്ള ആളുകളിൽ നിന്നും ജീവനക്കാരെ നിയോഗിക്കുന്നത് അന്വേഷിക്കുന്ന ആളുകൾ;

(ii) ജോലി അന്വേഷിക്കുന്ന വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾ;

(iii) ജോലി അന്വേഷിക്കുന്ന വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകളെ നിയമിക്കാവുന്ന ഒഴിവുകൾ,

എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചു കൊണ്ടോ മറ്റു വിധത്തിലോ വിവരങ്ങൾ ശേഖരിക്കുന്നതിനും നൽകുന്നതിനുമായി സർക്കാർ സ്ഥാപിച്ചതും പരിപാലിക്കുന്നതുമായ ഏതെങ്കിലും ഓഫീസ് അല്ലെങ്കിൽ സ്ഥലം എന്നർത്ഥമാകുന്നു;

(യഗ) "നിർദ്ദിഷ്ട വൈകല്യം" എന്നാൽ പട്ടികയിൽ നിർദ്ദേശിച്ച പ്രകാരമുള്ള വൈകല്യങ്ങൾ എന്നർത്ഥമാകുന്നു;

(യഘ) "ഗതാഗത സംവിധാനങ്ങൾ" എന്നതിൽ റോഡ് ഗതാഗതം, റെയിൽ ഗതാഗതം, വ്യോമ ഗതാഗതം, ജല ഗതാഗതം, ലാസ്റ്റ് മൈൽ കണക്ടിവിറ്റിക്കുള്ള പാരാ ട്രാൻസിറ്റ് സംവിധാനങ്ങൾ, റോഡ്-തെരുവ് അടിസ്ഥാന സൗകര്യങ്ങൾ മുതലായവ ഉൾപ്പെടുന്നതാകുന്നു;

(യങ) "സാർവ്വത്രിക രൂപകല്പന" എന്നാൽ അനുരൂപമാക്കലിന്റെയോ വിദഗ്ധരൂപകൽപനയുടെയോ ആവശ്യകതയില്ലാത്ത, എല്ലാ ആളുകൾക്കും സാദ്ധ്യമായ പരമാവധി പരിധിയിൽ ഉപയോഗപ്രദമായ ഉൽപന്നങ്ങൾ, പരിസരങ്ങൾ, കർമ്മപരിപാടികൾ, സേവനങ്ങൾ എന്നിവയുടെ രൂപകല്പന എന്നർത്ഥമാകുന്നതും വൈകല്യങ്ങളുള്ള ആളുകളുടെ പ്രത്യേക വിഭാഗത്തിനായുള്ള ഉന്നത സാങ്കേതികവിദ്യകൾ ഉൾപ്പെടെയുള്ള സഹായക ഉപകരണങ്ങൾക്ക് ബാധകമാകുന്നതുമാണ്.

## അദ്ധ്യായം II

## അവകാശങ്ങളും അർഹതകളും

3. <u>സമത്വവും വിവേചനരാഹിത്യവും.</u>—(1) സമുചിത സർക്കാർ, വൈകല്യങ്ങളുള്ള ആളുകൾ സമത്വത്തിനുള്ള അവകാശം, അന്തസ്സോടെയുള്ള ജീവിതം, അവന്റെ അല്ലെങ്കിൽ അവളുടെ സമഗ്രതയോടുള്ള ബഹുമാനം എന്നിവ മറ്റുള്ളവർക്ക് തുല്യമായി അനുഭവിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(2) സമുചിത സർക്കാർ ഉചിതമായ സാഹചര്യം നൽകിക്കൊണ്ട് വൈകല്യമുള്ള ആളുകളുടെ കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) വൈകല്യമുള്ള യാതൊരാളെയും, ദോഷം ആരോപിക്കപ്പെട്ട പ്രവൃത്തിയോ ഒഴിവാക്കലോ, ഒരു നിയമാനുസൃതമായ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടിയുള്ള ഒരു ആനുപാതിക മാർഗ്ഗമാണെന്ന് കാണാത്ത പക്ഷം, വൈകല്യത്തിന്റെ അടിസ്ഥാനത്തിൽ വിവേചനത്തിന് വിധേയനാക്കുവാൻ പാടുള്ളതല്ല.

(4) വൈകല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം യാതൊരാളുടെയും, അയാളുടെ അല്ലെങ്കിൽ അവളുടെ വ്യക്തി സ്വാതന്ത്ര്യം ഇല്ലാതാക്കാൻ പാടുള്ളതല്ല.

(5) സമുചിത സർക്കാർ വൈകല്യങ്ങളുള്ള ആളുകൾക്ക് ന്യായമായ സൗകര്യം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. <u>വൈകല്യങ്ങളുള്ള സ്ത്രീകളും കുട്ടികളും.</u>—(1) സമുചിത സർക്കാരും തദ്ദേശ അധികാരസ്ഥാനങ്ങളും വൈകല്യങ്ങളുള്ള സ്ത്രീകളും കുട്ടികളും അവരുടെ അവകാശങ്ങൾ മറ്റുള്ളവർക്ക് തുല്യമായി അനുഭവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) സമുചിത സർക്കാരും തദ്ദേശ അധികാരസ്ഥാനങ്ങളും വൈകല്യങ്ങളുള്ള എല്ലാ കുട്ടികൾക്കും, അവരെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും, തുല്യഅടിസ്ഥാനത്തിൽ അവരുടെ വീക്ഷണങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനുള്ള അവകാശം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അവരുടെ പ്രായവും വൈകല്യവും പരിഗണിച്ച് അവർക്ക് ഉചിതമായ പിന്തുണ നൽകേണ്ടതുമാണ്.

5. <u>സാമൂഹ്യ ജീവിതം.</u>—(1) വൈകല്യങ്ങളുള്ള ആളുകൾക്ക് സമൂഹത്തിൽ ജീവിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) സമുചിത സർക്കാർ,—

(ക) വൈകല്യങ്ങളുള്ള ആളുകൾ ഏതെങ്കിലും പ്രത്യേക ജീവിതക്രമത്തിൽ ജീവിക്കുന്നതിന് ബാദ്ധ്യതപ്പെടുന്നില്ലെന്നതിനും; കൂടാതെ

(ഖ) വൈകല്യങ്ങളുള്ള ആളുകൾക്ക് പ്രായത്തിനും ലിംഗ ഭേദത്തിനും അർഹമായ പരിഗണനയോടെ, ഉപജീവനത്തിനുള്ള പിന്തുണയ്ക്ക് ആവശ്യമായ വ്യക്തിപരമായ സഹായം ഉൾപ്പെടെയുള്ള ഒരു നിര ആഭ്യന്തര-പാർപ്പിട, മറ്റു സാമൂഹ്യ സഹായ സേവനങ്ങളിൽ പ്രാപ്യത നൽകുന്നതിനും,

യത്നിക്കേണ്ടതാണ്.

6. <u>ക്രൂരതയിലും മനുഷ്യത്വമില്ലാത്ത പെരുമാറ്റത്തിലും നിന്നുള്ള സംരക്ഷണം.</u>—(1) സമുചിത സർക്കാർ, വൈകല്യങ്ങളുള്ള ആളുകളെ പീഡനത്തിനും ക്രൂരമോ മനുഷ്യത്വമില്ലാത്തതോ അപമാനകരമോ ആയ പെരുമാറ്റത്തിനും വിധേയമാക്കുന്നതിൽ നിന്നും സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) വൈകല്യമുള്ള യാതൊരാളും,—

(i) ആശയവിനിമയത്തിനുള്ള പ്രാപ്യമായ രീതികളിലും മാർഗ്ഗങ്ങളിലും രൂപങ്ങളിലും നേടിയ, അവന്റെയോ അവളുടെയോ സ്വതന്ത്രവും കാര്യവിവരത്തോടെയുമുള്ള സമ്മതമില്ലാതെയും;

(ii) വൈകല്യത്തെക്കുറിച്ച് ഗവേഷണം നടത്തുന്നതിനായി, നിർണ്ണയിക്കപ്പെട്ട രീതിയിൽ, സമുചിത സർക്കാർ രൂപീകരിച്ചിട്ടുള്ളതും അതിൽ പകുതിയിൽ കുറയാത്ത അംഗങ്ങൾ ഒന്നുകിൽ വൈകല്യങ്ങളുള്ളവർ തന്നെയായിരിക്കുകയോ അല്ലെങ്കിൽ 2-ാം വകുപ്പ് (യ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള രജിസ്റ്റർ ചെയ്ത സംഘടനയിലെ അംഗങ്ങളായിരിക്കുകയോ ചെയ്യുന്ന വൈകല്യത്തെക്കുറിച്ച് ഗവേഷണം നടത്തുന്നതിനുള്ള ഒരു സമിതിയുടെ മുൻകൂർ അനുവാദമില്ലാതെയും,

ഏതെങ്കിലും ഗവേഷണത്തിന് വിധേയനാകുവാൻ പാടുള്ളതല്ല.

7. <u>ദുർവിനിയോഗം, അക്രമം, ചൂഷണം എന്നിവയിൽ നിന്നും സംരക്ഷണം.</u>—(1) സമുചിത സർക്കാർ, വൈകല്യങ്ങളുള്ള ആളുകളെ എല്ലാ തരത്തിലുമുള്ള ദുർവിനിയോഗം, അക്രമം, ചൂഷണം എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവ തടയുന്നതിനായി—

(ക) ദുർവിനിയോഗം, അക്രമം, ചൂഷണം എന്നീ സംഭവങ്ങൾ നടപടിക്കെടുക്കേണ്ടതും അങ്ങനെയുള്ള സംഭവങ്ങൾക്കെതിരെ ലഭ്യമായ നിയമ പരിഹാരങ്ങൾ നൽകേണ്ടതും;

(ഖ) അങ്ങനെയുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരി ക്കേണ്ടതും അവ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടിക്രമം നിർണ്ണയിക്കേണ്ടതും;

(ഗ) അങ്ങനെയുള്ള സംഭവങ്ങളിലെ പീഡിതരെ രക്ഷപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും; കൂടാതെ

(ഘ) പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

(2) ഏതെങ്കിലും ആളിനോ രജിസ്റ്റർ ചെയ്ത സംഘടനയ്ക്കോ, വൈകല്യമുള്ള ഏതെങ്കിലും ആളിനെതിരെ ദുർവിനിയോഗമോ, അക്രമമോ, ചൂഷണമോ ആയ ഒരു പ്രവൃത്തി നടന്നിട്ടുള്ളതായോ, നടക്കുന്നതായോ, നടക്കാൻ സാധ്യതയുള്ളതായോ അയാൾക്കോ അതിനോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, ഏത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് അധികാരിതയുള്ള തദ്ദേശാതിർത്തിക്കുള്ളിലാണോ അങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നത്, അദ്ദേഹത്തിന് അത് സംബന്ധിച്ച് വിവരം നൽകാവുന്നതാണ്.

(3) എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, അങ്ങനെയുള്ള വിവരം ലഭിക്കുമ്പോൾ അത് നിർത്തുന്നതിനോ തടയുന്നതിനോ, അതത് സംഗതിപോലെ, അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതോ വൈകല്യമുള്ള അങ്ങനെയുള്ള ആളിന്റെ സംരക്ഷണത്തിന്—

(ക) അങ്ങനെയുള്ള കൃത്യത്തിലെ പീഢിതനെ, അങ്ങനെയുള്ള ആളിന്റെ സുരക്ഷിത സൂക്ഷിപ്പോ പുനരധിവാസമോ അല്ലെങ്കിൽ രണ്ടുംകൂടിയോ, അതത് സംഗതി പോലെ, ഏർപ്പെടുത്തുന്നതിന് പോലീസിനെയോ വൈകല്യങ്ങളുള്ള ആളുകൾക്കു

വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനയെയോ അധികാരപ്പെടുത്തി, രക്ഷിക്കുന്നതിന്;

(ഖ) വൈകല്യമുള്ള ആളിന്, അങ്ങനെയുള്ള ആൾ അപ്രകാരം ആഗ്രഹിക്കുന്നെങ്കിൽ സംരക്ഷകമായ സൂക്ഷിപ്പ് ഏർപ്പെടുത്തുന്നതിന്;

(ഗ) വൈകല്യമുള്ള അങ്ങനെയുള്ള ആളിന് ജീവനാംശം ഏർപ്പെടുത്തുന്നതിന്,

ഒരു ഉത്തരവ് ഉൾപ്പെടെ ഉചിതമെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതോ ആണ്.

(4) വൈകല്യമുള്ള ഏതെങ്കിലും ആളിന് നേർക്കുള്ള ദുർവിനിയോഗമോ അക്രമമോ ചൂഷണമോ സംബന്ധിച്ച് ഒരു പരാതി ലഭിക്കുന്നതോ മറ്റുവിധത്തിൽ അറിവിൽ വരുന്നതോ ആയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ സങ്കടക്കാരനായ ആളിനെ—

(ക) (2)-ാം ഉപവകുപ്പ് പ്രകാരം അയാൾക്കോ അവൾക്കോ സംരക്ഷണത്തിന് അപേക്ഷിക്കാനുള്ള അവകാശവും സഹായം നൽകുന്നതിന് അധികാരിതയുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ വിവരങ്ങളും;

(ഖ) വൈകല്യങ്ങളുള്ള ആളുകളുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന ഏറ്റവും അടുത്തുള്ള സംഘടനയുടെയോ സ്ഥാപനത്തിന്റെയോ വിവരങ്ങൾ;

(ഗ) സൗജന്യ നിയമസഹായത്തിനുള്ള അവകാശം;

(ഘ) ഈ ആക്റ്റിലെയോ അങ്ങനെയുള്ള കുറ്റങ്ങൾ കൈകാര്യം ചെയ്യുന്ന മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരം ഒരു പരാതി നൽകുന്നതിനുള്ള അവകാശം,

എന്നിവ അറിയിക്കേണ്ടതാണ്:

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും, ഒരു കോഗ്നൈസബിൾ കുറ്റം ചെയ്തതായി വിവരം ലഭിക്കുന്നതിൻമേൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ, നിയമപ്രകാരം മുന്നോട്ട് പോകുന്നതിനുള്ള അദ്ദേഹത്തിന്റെ ചുമതലയിൽ നിന്നും വിമുക്തനാക്കുമെന്ന് ഏതെങ്കിലും രീതിയിൽ വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.

(5) ആരോപിക്കപ്പെട്ട കൃത്യമോ പെരുമാറ്റമോ ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) പ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ഒരു കുറ്റമാകുമെന്ന് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കണ്ടെത്തുകയാണെങ്കിൽ, അദ്ദേഹത്തിന്, അക്കാര്യത്തിൽ അധികാരിതയുള്ള ജുഡീഷ്യൽ അല്ലെങ്കിൽ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്, അതത് സംഗതിപോലെ, ആ അർത്ഥത്തിലുള്ള പരാതി അയയ്ക്കാവുന്നതാണ്.

8. <u>സംരക്ഷണവും സുരക്ഷിതത്വവും</u>.—(1) വൈകല്യങ്ങളുള്ള ആളുകൾക്ക് അപായസാധ്യത, സായുധസംഘർഷം, മാനുഷികമായ അടിയന്തരഘട്ടങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നീ സാഹചര്യങ്ങളിൽ തുല്യസംരക്ഷണവും സുരക്ഷിതത്വവും ഉണ്ടായിരിക്കേണ്ടതാണ്.

(2) ദേശീയ ദുരന്തനിവാരണ അതോറിറ്റിയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും, വൈകല്യങ്ങളുള്ള ആളുകളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി, ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റ്, 2005 (2005-ലെ 53)-ലെ 2-ാം വകുപ്പ് (ങ) ഖണ്ഡപ്രകാരം നിർവ്വചിച്ചിട്ടുള്ള അവയുടെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ വൈകല്യങ്ങളുള്ള ആളുകളുടെ ഉൾപ്പെടുത്തൽ ഉറപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റ്, 2005 (2005-ലെ 53)-ലെ 25-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ജില്ലയിലെ വൈകല്യങ്ങളുള്ള ആളുകളുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖ വച്ചുപോരേണ്ടതും ദുരന്തനിവാരണ തയ്യാറെടുപ്പ് വർദ്ധിപ്പിക്കുന്നതിനായി അപായസാദ്ധ്യത സംബന്ധിച്ച ഏതെങ്കിലും സാഹചര്യങ്ങൾ അങ്ങനെയുള്ള ആളുകളെ അറിയിക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(4) അപായസാദ്ധ്യതയെയോ സായുധസംഘർഷത്തെയോ പ്രകൃതി ദുരന്തങ്ങളെയോ തുടർന്നുള്ള ഏതെങ്കിലും സാഹചര്യത്തിൽ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അധികാരസ്ഥാനങ്ങൾ, വൈകല്യങ്ങളുള്ള ആളുകളുടെ പ്രാപ്യതാവശ്യങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട സംസ്ഥാന കമ്മീഷണറുമായി കൂടിയാലോചിച്ച്, അങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

9. <u>വീടും കുടുംബവും.</u>—വൈകല്യമുള്ള യാതൊരു കുട്ടിയെയും വൈകല്യത്തിന്റെ കാരണത്താൽ, കുട്ടിയുടെ ഉത്തമ താൽപര്യത്തിന് ആവശ്യമെങ്കിൽ, ക്ഷമതയുള്ള ഒരു കോടതിയുടെ ഒരു ഉത്തരവിലൂടെയല്ലാതെ അവന്റെ അല്ലെങ്കിൽ അവളുടെ മാതാപിതാക്കളിൽ നിന്നും വേർപെടുത്താൻ പാടില്ലാത്തതാണ്.

(2) മാതാപിതാക്കൾക്ക്, വൈകല്യമുള്ള ഒരു കുട്ടിയെ സംരക്ഷിക്കുന്നതിന് കഴിയാത്തിടത്ത്, ക്ഷമതയുള്ള കോടതി, അങ്ങനെയുള്ള കുട്ടിയെ അവന്റെ അല്ലെങ്കിൽ അവളുടെ അടുത്ത ബന്ധുക്കളോടൊപ്പമോ, അത് സാധ്യമല്ലെങ്കിൽ സമൂഹത്തിനകത്ത് ഒരു കുടുംബ പശ്ചാത്തലത്തിലോ, അസാധാരണമായ സംഗതികളിൽ, ആവശ്യമാകാവുന്ന പ്രകാരം സമുചിത സർക്കാർ അല്ലെങ്കിൽ സർക്കാരിതര സ്ഥാപനങ്ങൾ നടത്തുന്ന അഭയകേന്ദ്രത്തിലോ താമസിപ്പിക്കേണ്ടതാണ്.

10. <u>പ്രത്യുൽപാദനപരമായ അവകാശങ്ങൾ.</u>—(1) സമുചിത സർക്കാർ വൈകല്യങ്ങളുള്ള ആളുകൾക്ക് പ്രത്യുൽപാദനപരമായ ആസൂത്രണത്തെയും കുടുംബാസൂത്രണത്തെയും സംബന്ധിച്ച് ഉചിതമായ വിവരത്തിന് പ്രാപ്യത ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(2) വൈകല്യമുള്ള യാതൊരാളെയും, വന്ധ്യതയിലേക്കു നയിക്കുന്ന ഏതെങ്കിലും വൈദ്യശാസ്ത്ര സംബന്ധമായ നടപടിക്ക് അയാളുടെയോ അവളുടെയോ സ്വതന്ത്രവും അറിവോടെയുള്ള സമ്മതം കൂടാതെ വിധേയമാക്കാൻ പാടില്ലാത്തതാണ്.

11. <u>വോട്ടുചെയ്യുന്നതിലുള്ള പ്രാപ്യത.</u>—ഭാരതത്തിന്റെ തെരഞ്ഞെടുപ്പു കമ്മീഷനും സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനുകളും വൈകല്യങ്ങളുള്ള ആളുകൾക്ക് എല്ലാ തെരഞ്ഞെടുപ്പു കേന്ദ്രങ്ങളും പ്രാപ്യമാണെന്നും തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട എല്ലാ സാമഗ്രികളും അവർക്ക് എളുപ്പത്തിൽ മനസിലാക്കാവുന്നതും പ്രാപ്യവുമാണെന്നും ഉറപ്പാക്കേണ്ടതാണ്.

12. <u>നീതിയുടെ പ്രാപ്യത.</u>—(1) സമുചിത സർക്കാർ വൈകല്യങ്ങളുള്ള ആളുകൾക്ക് വൈകല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം കൂടാതെ, ഏതെങ്കിലും കോടതിയിലോ ട്രൈബ്യൂണലിലോ അധികാരസ്ഥാനത്തിലോ കമ്മീഷനിലോ അല്ലെങ്കിൽ ജുഡീഷ്യലോ അർദ്ധ ജുഡീഷ്യലോ അന്വേഷണാത്മകമോ ആയ അധികാരങ്ങളുള്ള മറ്റ് ഏതെങ്കിലും നികായത്തിലോ പ്രാപ്യതയ്ക്കുള്ള അവകാശം വിനിയോഗിക്കുന്നതിന് കഴിയുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(2) സമുചിത സർക്കാർ വൈകല്യങ്ങളുള്ള ആളുകൾക്ക്, പ്രത്യേകിച്ചും കുടുംബത്തിന് പുറത്തു താമസിക്കുന്നവർക്കും പരമാവധി പിന്തുണ ആവശ്യമുള്ള അംഗഭംഗം വന്നവർക്കും നിയമപരമായ അവകാശങ്ങൾ വിനിയോഗിക്കുന്നതിന് അനുയോജ്യമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ്, 1987 (1987-ലെ 39) പ്രകാരം രൂപീകരിച്ചിട്ടുള്ള ദേശീയ ലീഗൽ സർവ്വീസസ് അതോറിറ്റിയും സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റികളും അവർ നിർദ്ദേശിക്കുന്ന ഏതെങ്കിലും പദ്ധതിയിലോ കർമ്മപരിപാടിയിലോ സൗകര്യത്തിലോ സേവനത്തിലോ വൈകല്യങ്ങളുള്ള ആളുകൾക്ക് മറ്റുള്ളവർക്ക് തുല്യമായി പ്രാപ്യത ഉറപ്പാക്കുന്നതിനുവേണ്ടി ന്യായമായ സൗകര്യം ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്.

(4) സമുചിത സർക്കാർ—

(ക) അവരുടെ എല്ലാ പൊതു രേഖകളും പ്രാപ്യമായ രൂപത്തിലാണെന്ന് ഉറപ്പാക്കുന്നതിനും;

(ഖ) ഫയലിംഗ് വകുപ്പുകൾക്കോ, രജിസ്ട്രി അല്ലെങ്കിൽ മറ്റേതെങ്കിലും ഓഫീസ് ഓഫ് റെക്കോർഡ്സിനോ പ്രാപ്യമായ രൂപങ്ങളിൽ ഫയലിംഗും സൂക്ഷിപ്പും രേഖകളും തെളിവുകളും റഫർ ചെയ്യുന്നതും സാദ്ധ്യമാക്കിതീർക്കുന്നതിന് ആവശ്യമായ ഉപകരണം വിതരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിനും;

(ഗ) വൈകല്യങ്ങളുള്ള ആളുകൾ നൽകുന്ന സാക്ഷ്യങ്ങളോ വാദങ്ങളോ അഭിപ്രായമോ അവരുടെ മുൻഗണനാ ഭാഷയിലും ആശയവിനിമയ ഉപാധികളിലും രേഖപ്പെടുത്തുന്നത് സുഗമമാക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഉപകരണവും ലഭ്യമാക്കുന്നതിനും,

നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. <u>നിയമപരമായ ശേഷി.</u>—(1) സമുചിത സർക്കാർ വൈകല്യങ്ങളുള്ള ആളുകൾക്ക്, മറ്റുള്ളവർക്ക് തുല്യമായി, സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ ഉടമയായിരിക്കുന്നതിനും പിൻതുടർച്ചയ്ക്കും അവരുടെ സാമ്പത്തിക കാര്യങ്ങളുടെ നിയന്ത്രണത്തിനും അവകാശം ഉണ്ടെന്നും കൂടാതെ ബാങ്ക് വായ്പകൾക്കും ഒറ്റികൾക്കും മറ്റു രൂപത്തിലുള്ള സാമ്പത്തിക കടമെടുപ്പിനും പ്രാപ്യത ഉണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

(2) സമുചിത സർക്കാർ വൈകല്യങ്ങളുള്ള ആളുകൾ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും മറ്റുള്ളവരുമായി തുല്യ അടിസ്ഥാനത്തിൽ നിയമപരമായശേഷി

അനുഭവിക്കുന്നുണ്ടെന്നും നിയമത്തിന് മുന്നിൽ മറ്റ് ഏതെങ്കിലും ആളെപ്പോലെ എല്ലായിടത്തും തുല്യ അംഗീകാരത്തിനുള്ള അവകാശം ഉണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

(3) പിന്തുണ നൽകുന്ന ഒരാളും വൈകല്യമുള്ള ഒരാളും തമ്മിൽ ഒരു പ്രത്യേക ധനപരമോ വസ്തു അല്ലെങ്കിൽ മറ്റു സാമ്പത്തിക ഇടപാടിലോ ഒരു പരസ്പരവിരുദ്ധ താൽപര്യം ഉത്ഭവിക്കുമ്പോൾ, അങ്ങനെയുള്ള പിന്തുണ നൽകുന്ന ആൾ ആ ഇടപാടിൽ വൈകല്യമുള്ള ആളിന് പിന്തുണ നൽകുന്നതിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്:

എന്നാൽ പിന്തുണ നൽകുന്നയാൾ വൈകല്യമുള്ള ആളുമായി രക്തബന്ധമോ വിവാഹബന്ധുത്വമോ ദത്തു മുഖേനയോ ബന്ധപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം പരസ്പരവിരുദ്ധ താൽപര്യമുണ്ട് എന്ന ഒരു അനുമാനം പാടില്ലാത്തതാണ്.

(4) വൈകല്യമുള്ള ഒരാളിന്, പിന്തുണയ്ക്കുള്ള ഏതെങ്കിലും ക്രമീകരണം വ്യത്യാസപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ പൊളിക്കുകയോ ചെയ്യാവുന്നതും മറ്റൊരാളുടെ പിന്തുണ തേടാവുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലോ രൂപഭേദപ്പെടുത്തലോ പൊളിക്കലോ പിൽകാല സ്വഭാവത്തോടെ ആയിരിക്കേണ്ടതും വൈകല്യമുള്ള ആൾ മേൽപ്പറഞ്ഞ പിന്തുണയ്ക്കുള്ള ക്രമീകരണത്തിന് ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും മൂന്നാം കക്ഷി ഇടപാടിന് അസാധുവാക്കാൻ പാടില്ലാത്തതുമാണ്.

(5) വൈകല്യമുള്ള ആളിന് പിന്തുണ നൽകുന്ന ഏതെങ്കിലും ആൾ അനുചിതമായ സ്വാധീനം ചെലുത്താൻ പാടില്ലാത്തതും അവന്റെയോ അവളുടെയോ സ്വായാധിപത്യം, അന്തസ്സ്, സ്വകാര്യത എന്നിവയെ ബഹുമാനിക്കേണ്ടതുമാണ്.

**14.** <u>രക്ഷാകർതൃത്വത്തിനുള്ള വ്യവസ്ഥ.</u>—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിലും അന്നു മുതൽക്കും, സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രകാരമുള്ള ഒരു ജില്ലാ കോടതിയോ നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള ഏതെങ്കിലും അധികാരസ്ഥാനമോ മതിയായതും ഉചിതവുമായ പിന്തുണ നൽകിയിട്ടുള്ള വൈകല്യമുള്ള ഒരാളിന് നിയമപരമായി ബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിന്, ഒരു പരിമിത രക്ഷാകർത്താവിന്റെ കൂടുതൽ പിന്തുണ സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ നൽകാവുന്നതാണ്:

എന്നാൽ ജില്ലാ കോടതിക്കോ നാമനിർദ്ദേശം ചെയ്ത അധികാരസ്ഥാനത്തിനോ, അതത് സംഗതിപോലെ, പൂർണ്ണ പിന്തുണ ആവശ്യമുള്ള വൈകല്യമുള്ള ആളിന് അങ്ങനെയുള്ള പിന്തുണ അനുവദിക്കാവുന്നതും അല്ലെങ്കിൽ പരിമിത രക്ഷാകർതൃത്വം തുടർച്ചയായി അനുവദിക്കപ്പെടേണ്ടിടത്ത്, ആ സംഗതിയിൽ, നൽകേണ്ട പിന്തുണയുടെ സ്വഭാവവും രീതിയും നിശ്ചയിക്കുന്നതിന്, കോടതിയോ സ്ഥാനനിർദ്ദേശം ചെയ്ത അധികാരസ്ഥാനമോ, അതത് സംഗതിപോലെ, നൽകേണ്ട പിന്തുണ സംബന്ധിച്ച തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്.

<u>വിശദീകരണം.</u>—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, "പരിമിത രക്ഷാകർതൃത്വം" എന്നാൽ രക്ഷാകർത്താവും വൈകല്യമുള്ള ആളും തമ്മിൽ പരസ്പരധാരണയിലും വിശ്വാസത്തിലും പ്രവർത്തിക്കുന്ന കൂട്ടായ തീരുമാനത്തിന്റെ ഒരു സമ്പ്രദായം എന്നർത്ഥമാകുന്നതും ആയത് ഒരു പ്രത്യേക കാലയളവിലേക്കും പ്രത്യേക തീരുമാനത്തിനും

സന്ദർഭത്തിനുമായി പരിമിതപ്പെടുത്തേണ്ടതും വൈകല്യമുള്ള ആളിന്റെ ഇച്ഛയ്ക്കനുസൃതമായി പ്രവർത്തിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നുമുതൽക്കും, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ പ്രകാരം വൈകല്യമുള്ള ആളിനുവേണ്ടി നിയമിക്കപ്പെടുന്ന ഓരോ രക്ഷാകർത്താവും ഒരു പരിമിത രക്ഷാകർത്താവായി പ്രവർത്തിക്കുന്നുവെന്ന് കരുതപ്പെടേണ്ടതാണ്.

(3) ഒരു നിയമാനുസൃത രക്ഷാകർത്താവിനെ നിയമിച്ചുകൊണ്ടുള്ള സ്ഥാനനിർദ്ദേശം ചെയ്ത അധികാരസ്ഥാനത്തിന്റെ തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന വൈകല്യമുള്ള ഏതെങ്കിലും ആളിന്, സംസ്ഥാന സർക്കാർ, ആ ആവശ്യത്തിലേക്ക്, വിജ്ഞാപനം ചെയ്യാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള അപ്പീൽ അധികാരസ്ഥാനത്തിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

15. <u>പിന്തുണയ്ക്കുള്ള അധികാരസ്ഥാനങ്ങളെ സ്ഥാനനിർദ്ദേശം ചെയ്യുന്നത്.</u>—(1) സമുചിത സർക്കാർ, വൈകല്യങ്ങളുള്ള ആളുകൾക്ക്, അവരുടെ നിയമപരമായ ശേഷി വിനിയോഗിക്കുന്നതിൽ പിന്തുണ നൽകുന്നതിന് സമൂഹത്തെ സജ്ജമാക്കുന്നതിനും സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനും ഒന്നോ അതിലധികമോ അധികാരസ്ഥാനങ്ങളെ സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാനനിർദ്ദേശം ചെയ്ത അധികാരസ്ഥാനം, സ്ഥാപനങ്ങളിൽ താമസിക്കുന്നവരും പരമാവധി പിന്തുണ ആവശ്യമുള്ളവരുമായ വൈകല്യങ്ങളുള്ള ആളുകൾക്ക് നിയമപരമായ ശേഷി വിനിയോഗിക്കുന്നതിന് ഉചിതമായ പിന്തുണയ്ക്കുള്ള ക്രമീകരണങ്ങളും ആവശ്യമായേക്കാവുന്ന മറ്റ് ഏതെങ്കിലും നടപടികളും സജ്ജീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അദ്ധ്യായം III

## വിദ്യാഭ്യാസം

16. <u>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കർത്തവ്യം.</u>—സമുചിത സർക്കാരും തദ്ദേശാധികാര സ്ഥാനങ്ങളും അവർ ധനസഹായം നൽകുന്നതോ അംഗീകരിക്കുന്നതോ ആയ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഉൾച്ചേർന്ന വിദ്യാഭ്യാസം നൽകുന്നതിന് യത്നിക്കേണ്ടതും പ്രസ്തുത ലക്ഷ്യത്തിനായി—

(i) വിവേചനം കൂടാതെ അവരെ പ്രവേശിപ്പിക്കുകയും മറ്റുള്ളവർക്ക് തുല്യമായി വിദ്യാഭ്യാസവും കായികവും വിനോദപരവുമായ പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങളും നൽകുകയും;

(ii) കെട്ടിടവും ക്യാമ്പസും വിവിധ സൗകര്യങ്ങളും പ്രാപ്യമാക്കുകയും;

(iii) വ്യക്തിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി ന്യായമായ സൗകര്യം നൽകുകയും;

(iv) പൂർണ്ണമായ ഉൾപ്പെടുത്തലെന്ന ലക്ഷ്യത്തിന് അനുസൃതമായി അക്കാഡമികവും സാമൂഹ്യവുമായ വികസനത്തെ പരമാവധിയാക്കുന്ന സാഹചര്യങ്ങളിൽ വേർതിരിച്ച് പരിഗണിച്ചതോ മറ്റുവിധത്തിലോ ആയ, ആവശ്യമായ പിന്തുണ നൽകുകയും;

(v) അന്ധനായ അല്ലെങ്കിൽ ബധിരനായ അല്ലെങ്കിൽ രണ്ടും കൂടിയായ ആളുകൾക്ക് ഏറ്റവും ഉചിതമായ ഭാഷകളിലും ആശയവിനിമയത്തിനുള്ള രീതികളിലും മാർഗ്ഗങ്ങളിലും വിദ്യാഭ്യാസം നൽകുന്നു എന്ന് ഉറപ്പാക്കുകയും;

(vi) കുട്ടികളിലെ പ്രത്യേകമായ പഠന വൈകല്യങ്ങൾ ഏറ്റവും നേരത്തെ കണ്ടുപിടിക്കുകയും അവ തരണം ചെയ്യുന്നതിന് അനുയോജ്യമായ ബോധനപരമായ നടപടികളും മറ്റു നടപടികളും സ്വീകരിക്കുകയും;

(vii) വൈകല്യമുള്ള ഓരോ വിദ്യാർത്ഥിയെയും സംബന്ധിച്ച് വിദ്യാഭ്യാസത്തിലെ പങ്കാളിത്തം, നേട്ടതലങ്ങൾ സംബന്ധിച്ച പുരോഗതി, പൂർത്തീകരണം എന്നിവ നിരീക്ഷിക്കുകയും;

(viii) വൈകല്യങ്ങളുള്ള കുട്ടികൾക്കും പരമാവധി പിന്തുണാവശ്യങ്ങളുള്ള വൈകല്യങ്ങളുള്ള കുട്ടികളുടെ സഹായികൾക്കും ഗതാഗത സൗകര്യങ്ങൾ നൽകുകയും,

ചെയ്യേണ്ടതാണ്.

17. <u>ഉൾച്ചേർന്ന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും സുകരമാക്കുന്നതിനുമുള്ള പ്രത്യേക നടപടികൾ.</u>—സമുചിത സർക്കാരും തദ്ദേശ അധികാര സ്ഥാനങ്ങളും 16-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്, അതായത്:—

(ക) വൈകല്യങ്ങളുള്ള കുട്ടികളെ തിരിച്ചറിയുന്നതിനും അവരുടെ പ്രത്യേക ആവശ്യങ്ങളും ഏത് പരിധിവരെ അവ നിറവേറ്റപ്പെടുന്നു എന്ന് തിട്ടപ്പെടുത്തുന്നതിനും ഓരോ അഞ്ചു വർഷത്തിലും സ്കൂളിൽ പോകുന്ന കുട്ടികളുടെ സർവ്വെ നടത്തുന്നതിന്:

എന്നാൽ ആദ്യത്തെ സർവ്വെ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടുവർഷത്തെ ഒരു കാലയളവിനുള്ളിൽ നടത്തേണ്ടതാണ്;

(ഖ) മതിയായ എണ്ണം അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന്;

(ഗ) ആംഗ്യഭാഷയിലും ബ്രയിലിയിലും യോഗ്യത നേടിയ വൈകല്യമുള്ള അദ്ധ്യാപകരും കൂടാതെ ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കാൻ പരിശീലനം ലഭിച്ച അദ്ധ്യാപകരും ഉൾപ്പെടെയുള്ള അദ്ധ്യാപകരെ പരിശീലിപ്പിക്കുകയും നിയമിക്കുകയും ചെയ്യുന്നതിന്;

(ഘ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് പിന്തുണ നൽകുന്നതിനായി പ്രൊഫഷണലുകളെയും ജീവനക്കാരെയും പരിശീലിപ്പിക്കുന്നതിന്;

(ങ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി മതിയായ എണ്ണം റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിന്;

(ച) സംസാരത്തിലോ ആശയവിനിമയത്തിലോ ഭാഷയിലോ വൈകല്യങ്ങളുള്ള ആളുകളുടെ ദൈനംദിന ആശയവിനിമയ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും, അവരെ അവരുടെ സമൂഹത്തിലും സമാജത്തിലും ഭാഗഭാക്കാകുകയും സഹായമാകുകയും ചെയ്യുന്നതിന് പ്രാപ്തമാക്കുന്നതിനും, ഒരാളുടെ തനതായ സംഭാഷണ രീതിയുടെ ഉപയോഗത്തെ പോഷിപ്പിക്കുന്നതിന് ആശയവിനിമയത്തിന്റെ രീതികളും മാതൃകകളും, ബ്രയിലി, ആംഗ്യഭാഷ എന്നിവയും ഉൾപ്പെടെയുള്ള ഉചിതമായ വർദ്ധകവും ആനുകല്പികവുമായ രീതികളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന്;

(ഛ) വ്യവസ്ഥിത വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ, മറ്റു പഠനോപകരണങ്ങൾ, ഉചിതമായ സഹായോപകരണങ്ങൾ എന്നിവ പതിനെട്ടു വയസ്സുവരെ സൗജന്യമായി നൽകുന്നതിന്;

(ജ) വ്യവസ്ഥിത വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഉചിതമായ സംഗതികളിൽ, സ്കോളർഷിപ്പുകൾ നൽകുന്നതിന്;

(ഝ) പരീക്ഷാപേപ്പർ പൂർത്തീകരിക്കുന്നതിന് അധിക സമയം, പകർപ്പെഴുത്തുകാരന്റെയോ കേട്ടെഴുത്തുകാരന്റെയോ സൗകര്യം, രണ്ടാം ഭാഷയും മൂന്നാം ഭാഷയും കോഴ്സുകളിൽ നിന്നും ഒഴിവാക്കൽ എന്നിവ പോലെയുള്ള, വൈകല്യങ്ങളുള്ള വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പാഠ്യപദ്ധതിയിലും പരീക്ഷാ സമ്പ്രദായത്തിലും അനുയോജ്യമായ മാറ്റങ്ങൾ വരുത്തുന്നതിന്;

(ഞ) പഠനം മെച്ചപ്പെടുത്തുന്നതിനായി ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന്; കൂടാതെ

(ട) ആവശ്യമായേക്കാവുന്ന മറ്റ് ഏതെങ്കിലും നടപടികളും.

18. <u>വയോജന വിദ്യാഭ്യാസം.</u>—സമുചിത സർക്കാരും തദ്ദേശ അധികാരസ്ഥാപനങ്ങളും വയോജന വിദ്യാഭ്യാസത്തിലും തുടർ വിദ്യാഭ്യാസ പരിപാടികളിലും വൈകല്യങ്ങളുള്ള ആളുകളുടെ പങ്കാളിത്തം മറ്റുള്ളവർക്ക് തുല്യമായി പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അദ്ധ്യായം IV
## നൈപുണ്യ വികസനവും തൊഴിലും

19. <u>തൊഴിലധിഷ്ഠിത പരിശീലനവും സ്വയം തൊഴിലും.</u>—സമുചിത സർക്കാർ വൈകല്യങ്ങളുള്ള ആളുകളുടെ തൊഴിലിനെ സുകരമാക്കുന്നതിനും പിന്തുണയ്ക്കുന്നതിനും പ്രത്യേകിച്ച് അവരുടെ തൊഴിൽപരമായ പരിശീലനത്തിനും സ്വയംതൊഴിലിനും സൗജന്യനിരക്കുകളിൽ വായ്പകൾക്കുള്ള വ്യവസ്ഥ ഉൾപ്പെടെയുള്ള പദ്ധതികളും കർമ്മപരിപാടികളും ആവിഷ്കരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളും കർമ്മപരിപാടികളും—

(ക) മുഖ്യധാരയിലെ തൊഴിൽപരവും നൈപുണ്യപരവുമായ, ഔപചാരികവും അനൗപചാരികവുമായ എല്ലാ പരിശീലന പദ്ധതികളിലും പരിപാടികളിലും വൈകല്യമുള്ള ആളെ ഉൾപ്പെടുത്തൽ;

(ഖ) വൈകല്യമുള്ള ഒരാളിന് പ്രത്യേക പരിശീലനം ലഭിക്കുന്നതിന് മതിയായ പിന്തുണയും സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തുക;

(ഗ) കമ്പോളവുമായി സജീവ ബന്ധമുള്ള വൈകല്യങ്ങളുള്ള ആളുകൾക്കും വികസനപരവും ബുദ്ധിപരവും വിവിധങ്ങളായ വൈകല്യങ്ങളും ഓട്ടിസവും ഉള്ളവർക്കും, പ്രത്യേകമായി നൈപുണ്യപരിശീലന പരിപാടികൾ;

(ഘ) സൂക്ഷ്മ വായ്പ ഉൾപ്പെടെ സൗജന്യ നിരക്കിലുള്ള വായ്പകൾ;

(ങ) വൈകല്യങ്ങളുള്ള ആളുകൾ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ വിപണനം;

(ച) വൈകല്യങ്ങളുള്ള ആളുകൾ ഉൾക്കൊള്ളുന്ന നൈപുണ്യ പരിശീലനത്തിലും സ്വയം തൊഴിലിലും കൈവരിച്ച പുരോഗതിയുടെ വേർതിരിച്ച വിവരങ്ങളുടെ വച്ചുപോരൽ,

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യേണ്ടതാണ്.

20. <u>തൊഴിലിൽ വിവേചനരാഹിത്യം.</u>—(1) യാതൊരു സർക്കാർ സ്ഥാപനവും തൊഴിലുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തിൽ വൈകല്യമുള്ള ഏതെങ്കിലും ആൾക്കെതിരെ വിവേചനം കാണിക്കാൻ പാടില്ലാത്തതാണ്:

എന്നാൽ സമുചിത സർക്കാരിന്, ഏതെങ്കിലും സ്ഥാപനത്തിൽ നടന്നു വരുന്ന പ്രവൃത്തിയുടെ സ്വഭാവം പരിഗണിച്ച്, വിജ്ഞാപനം മുഖേന, അങ്ങനെയുള്ള നിബന്ധനകൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അതിന് വിധേയമായി ഈ വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും ഏതെങ്കിലും സ്ഥാപനത്തെ ഒഴിവാക്കാവുന്നതാണ്.

(2) ഓരോ സർക്കാർ സ്ഥാപനവും വൈകല്യമുള്ള ജീവനക്കാർക്ക് ന്യായമായ സൗകര്യവും ഉചിതമായ, തടസ്സരഹിതവും അനുകൂലവുമായ സാഹചര്യവും നൽകേണ്ടതാണ്.

(3) ഒരു ആളിന് വൈകല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം യാതൊരു ഉദ്യോഗക്കയറ്റവും നിഷേധിക്കാൻ പാടില്ലാത്തതാണ്.

(4) യാതൊരു സർക്കാർ സ്ഥാപനവും, അവന്റെയോ അവളുടെയോ സേവനകാലത്ത് ഒരു വൈകല്യം ഉണ്ടാകുന്ന ഒരു ജീവനക്കാരനെ ഒഴിവാക്കാനോ തരം താഴ്ത്താനോ പാടില്ലാത്തതാണ്:

എന്നാൽ ഒരു ജീവനക്കാരൻ വൈകല്യം ഉണ്ടായ ശേഷം അയാൾ വഹിച്ചിരുന്ന പദവിക്ക് അനുയോജ്യനല്ലാത്തപക്ഷം, സമാന ശമ്പള നിരക്കും സേവന ആനുകൂല്യങ്ങളുമുള്ള മറ്റേതെങ്കിലും പദവിയിലേക്ക് മാറ്റപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല ആ ജീവനക്കാരനെ ഏതെങ്കിലും പദവിയിൽ ഉൾക്കൊള്ളിക്കാൻ സാധ്യമല്ലാത്തപക്ഷം അയാളെ അനുയോജ്യമായ ഒരു പദവി ലഭ്യമാകുന്നതുവരെയോ അയാൾക്ക് സൂപ്പർ ആനുവേഷൻ പ്രായം ആകുന്നത് വരെയോ, ഏതാണോ ആദ്യം അതുവരെ, അനുവദനീയ പരിധിക്ക് ഉപരിയായ ഒരു തസ്തികയിൽ നിലനിർത്താവുന്നതാണ്.

(5) സമുചിത സർക്കാരിന് വൈകല്യങ്ങളുള്ള ജീവനക്കാരുടെ നിയമനത്തിനും സ്ഥലം മാറ്റത്തിനുമുള്ള നയങ്ങൾ രൂപീകരിക്കാവുന്നതാണ്.

21. <u>തുല്യമായ അവസര നയം.</u>—(1) ഓരോ സ്ഥാപനവും, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, അത് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുന്ന തുല്യമായ അവസര നയം കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(2) ഓരോ സ്ഥാപനവും പ്രസ്തുത നയത്തിന്റെ ഒരു പകർപ്പ് മുഖ്യ കമ്മീഷണർ അല്ലെങ്കിൽ സംസ്ഥാന കമ്മീഷണർ മുമ്പാകെ, അതത് സംഗതിപോലെ, രജിസ്റ്റർ ചെയ്യേണ്ടതാണ്.

22. <u>രേഖകളുടെ വച്ചുപോരൽ.</u>—(1) ഓരോ സ്ഥാപനവും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് വൈകല്യങ്ങളുള്ള ആളുകളുടെ തൊഴിൽ, നൽകിയിട്ടുള്ള സൗകര്യങ്ങൾ, ആവശ്യമായ മറ്റു വിവരങ്ങൾ എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും വച്ചുപോരേണ്ടതാണ്.

(2) ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും തൊഴിൽ അന്വേഷിക്കുന്ന വൈകല്യങ്ങളുള്ള ആളുകളുടെ രേഖകൾ വച്ചുപോരേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം വച്ചുപോരുന്ന രേഖകൾ, സമുചിത സർക്കാർ, അവർക്കുവേണ്ടി അധികാരപ്പെടുത്താവുന്ന അങ്ങനെയുള്ള ആളുകളുടെ പരിശോധനയ്ക്ക് ന്യായമായ എല്ലാ സമയത്തും ലഭ്യമാക്കേണ്ടതാണ്.

23. <u>പരാതി പരിഹാര ഓഫീസറുടെ നിയമനം.</u>—(1) ഓരോ സർക്കാർ സ്ഥാപനവും, 19-ാം വകുപ്പിന്റെ ആവശ്യത്തിലേക്കായി ഒരു പരാതി പരിഹാര ഓഫീസറെ നിയമിക്കേണ്ടതും അങ്ങനെയുള്ള ഓഫീസറുടെ നിയമനം സംബന്ധിച്ച് ചീഫ് കമ്മീഷണറെയോ സംസ്ഥാന കമ്മീഷണറെയോ, അതത് സംഗതിപോലെ, അറിയിക്കേണ്ടതുമാണ്.

(2) 20-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കാതിരിക്കലിൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന് പരാതി പരിഹാര ഓഫീസർക്ക് ഒരു പരാതി സമർപ്പിക്കാവുന്നതും, അദ്ദേഹം അത് അന്വേഷിക്കേണ്ടതും തിരുത്തൽ നടപടിക്കായി പ്രസ്തുത കാര്യം സ്ഥാപനത്തിന് മുമ്പാകെ ഉന്നയിക്കേണ്ടതുമാണ്.

(3) പരാതി പരിഹാര ഓഫീസർ പരാതികളുടെ ഒരു രജിസ്റ്റർ കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന രീതിയിൽ വച്ചുപോരേണ്ടതും, ഓരോ പരാതിയും അതു രജിസ്റ്റർ ചെയ്തത് മുതൽ രണ്ട് ആഴ്ചയ്ക്കുള്ളിൽ അന്വേഷിക്കേണ്ടതുമാണ്.

(4) സങ്കടമനുഭവിക്കുന്ന ആളിന്, അവന്റെ അല്ലെങ്കിൽ അവളുടെ പരാതിയിൽ സ്വീകരിച്ച നടപടിയിൽ തൃപ്തിയില്ലെങ്കിൽ, അവന് അല്ലെങ്കിൽ അവൾക്ക് വൈകല്യം സംബന്ധിച്ച ജില്ലാതല സമിതിയെ സമീപിക്കാവുന്നതാണ്.

## അദ്ധ്യായം V

## സാമൂഹ്യ സുരക്ഷയും ആരോഗ്യവും പുനരധിവാസവും വിനോദവും

24. സാമൂഹ്യ സുരക്ഷ.—(1) സമുചിത സർക്കാർ, അതിന്റെ സാമ്പത്തിക ശേഷിയുടെയും വളർച്ചയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് വൈകല്യങ്ങളുള്ള ആളുകളുടെ, അവരെ സ്വതന്ത്രമായി ജീവിക്കുന്നതിനോ സമൂഹത്തിൽ ജീവിക്കുന്നതിനോ പ്രാപ്തരാക്കുന്നതിന് മതിയായ ജീവിതനിലവാരത്തിനുള്ള അവകാശം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികളും കർമ്മപരിപാടികളും രൂപീകരിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള പദ്ധതികൾക്കും കർമ്മപരിപാടികൾക്കും കീഴിൽ വൈകല്യങ്ങളുള്ള ആളുകൾക്കുള്ള സഹായത്തിന്റെ തോത് മറ്റുള്ളവർക്ക് ബാധകമായ സമാന പദ്ധതികളെക്കാൾ ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം കൂടുതലായിരിക്കേണ്ടതാണ്.

(2) സമുചിത സർക്കാർ ഈ പദ്ധതികളും കർമ്മപരിപാടികളും ആസൂത്രണം ചെയ്യുമ്പോൾ, വൈകല്യത്തിന്റെ വൈവിധ്യം, ലിംഗം, പ്രായം, സാമൂഹ്യ-സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പദ്ധതികൾ,—

(ക) സുരക്ഷിതത്വം, പൊതുശുചിത്വനിലവാരം, ആരോഗ്യസംരക്ഷണം, കൗൺസിലിംഗ് എന്നിവ അടിസ്ഥാനമാക്കി നല്ല ജീവിത സാഹചര്യങ്ങളുള്ള സാമൂഹ്യ കേന്ദ്രങ്ങൾ;

(ഖ) കുടുംബമില്ലാത്തതോ ഉപേക്ഷിക്കപ്പെട്ടതോ അഭയസ്ഥാനമോ ഉപജീവനമാർഗ്ഗമോ ഇല്ലാത്ത, വൈകല്യങ്ങളുള്ള കുട്ടികൾ ഉൾപ്പെടെയുള്ള ആളുകൾക്കുള്ള സൗകര്യങ്ങൾ;

(ഗ) പ്രകൃതി ദുരന്തങ്ങളുടെയോ മനുഷ്യനിർമ്മിത ദുരന്തങ്ങളുടെയോ കാലത്തും സംഘർഷപ്രദേശങ്ങളിലും ഉള്ള പിന്തുണ;

(ഘ) വൈകല്യമുള്ള സ്ത്രീകൾക്ക് ഉപജീവനമാർഗ്ഗത്തിനും അവരുടെ കുട്ടികളെ വളർത്തുന്നതിനുമുള്ള പിന്തുണ;

(ങ) സുരക്ഷിതമായ കുടിവെള്ളം, ഉചിതവും പ്രാപ്യവുമായ ശുചീകരണ സൗകര്യങ്ങൾ, പ്രത്യേകിച്ചും നഗരചേരികളിലും ഗ്രാമപ്രദേശങ്ങളിലും, എന്നിവയ്ക്കുള്ള പ്രാപ്യത;

(ച) വിജ്ഞാപനം ചെയ്യാവുന്ന, അങ്ങനെയുള്ള വരുമാന പരിധിയിലുള്ള വൈകല്യങ്ങളുള്ള ആളുകൾക്ക് സൗജന്യമായി സഹായങ്ങൾക്കും, ഉപകരണങ്ങൾക്കും, മരുന്നിനും രോഗനിർണ്ണയസേവനങ്ങൾക്കും കൂടാതെ തിരുത്തൽ ശസ്ത്രക്രിയയ്ക്കും ഉള്ള വ്യവസ്ഥകൾ;

(ഛ) വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള വരുമാന പരിധിക്കു വിധേയമായി വൈകല്യങ്ങളുള്ള ആളുകൾക്ക് അവശതാപെൻഷൻ;

(ജ) പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രണ്ടുവർഷത്തിൽ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുള്ളതും ആദായകരമായ ഏതെങ്കിലും തൊഴിൽ നൽകാൻ സാധിച്ചിട്ടില്ലാത്തതുമായ വൈകല്യങ്ങളുള്ള ആളുകൾക്ക് തൊഴിലില്ലായ്മാ ബത്ത;

(ഝ) പരമാവധി പിന്തുണാവശ്യങ്ങളുള്ള വൈകല്യങ്ങളുള്ള ആളുകൾക്ക് പരിചരണം നൽകുന്ന ആളിനുള്ള ബത്ത;

(ഞ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതികളുടെയോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറിയോ സർക്കാർ സ്പോൺസർ ചെയ്യുന്നതോ ആയ ഇൻഷ്വറൻസ് പദ്ധതികളുടെയോ കീഴിൽ വരാത്ത വൈകല്യമുള്ള ആളുകൾക്കുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി;

(ട) സമുചിത സർക്കാർ ഉചിതമെന്ന് കരുതാവുന്ന മറ്റേതെങ്കിലും കാര്യം,

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യേണ്ടതാണ്.

25. <u>ആരോഗ്യ പരിരക്ഷ.</u>—(1) സമുചിത സർക്കാരും തദ്ദേശ അധികാരസ്ഥാനങ്ങളും, വൈകല്യങ്ങളുള്ള ആളുകൾക്ക്—

(ക) വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള കുടുംബ വരുമാനത്തിനു വിധേയമായി പരിസരത്ത്, പ്രത്യേകിച്ചും ഗ്രാമപ്രദേശത്ത് സൗജന്യ ആരോഗ്യ പരിരക്ഷ;

(ഖ) സർക്കാർ-സ്വകാര്യ ആശുപത്രികളുടെയും മറ്റ് ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങളുടെയും കേന്ദ്രങ്ങളുടെയും എല്ലാ ഭാഗങ്ങളിലും തടസ്സരഹിതമായ പ്രാപ്യത;

(ഗ) പരിചരണത്തിലും ചികിത്സയിലും മുൻഗണന എന്നിവ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) സമുചിത സർക്കാരും തദ്ദേശ അധികാരസ്ഥാനങ്ങളും ആരോഗ്യ പരിരക്ഷ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതികൾക്കോ കർമ്മപരിപാടികൾക്കോ രൂപം നൽകേണ്ടതും വൈകല്യങ്ങൾ സംഭവിക്കുന്നത് തടയേണ്ടതും പ്രസ്തുത ആവശ്യത്തിലേയ്ക്കായി—

(ക) വൈകല്യങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച സർവ്വേകൾ, അന്വേഷണങ്ങൾ, ഗവേഷണം എന്നിവ ഏറ്റെടുക്കുകയും അല്ലെങ്കിൽ ഏറ്റെടുക്കാൻ ഇടയാക്കുകയും ചെയ്യേണ്ടതാണ്;

(ഖ) വൈകല്യങ്ങൾ തടയുന്നതിനുള്ള വിവിധ രീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്;

(ഗ) "അപായസാദ്ധ്യതയിലുള്ള" സംഗതികൾ തിരിച്ചറിയുന്നതിനുള്ള ആവശ്യത്തിലേക്കായി ഏറ്റവും കുറഞ്ഞത് വർഷത്തിലൊരിക്കൽ എല്ലാ കുട്ടികളെയും പരിശോധിക്കേണ്ടതാണ്;

(ഘ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് പരിശീലനത്തിനുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്;

(ങ) അവബോധ പ്രവർത്തനങ്ങൾ സ്പോൺസർ ചെയ്യുക അല്ലെങ്കിൽ സ്പോൺസർ ചെയ്യുന്നതിന് ഇടയാക്കുകയും പൊതുശുചിത്വപരിപാലനത്തിനും ആരോഗ്യം സംബന്ധിച്ചും ശുചീകരണത്തിനും ഉള്ള അറിവ് പ്രചരിപ്പിക്കുക അല്ലെങ്കിൽ പ്രചരിപ്പിക്കുന്നതിന് ഇടയാക്കുകയും ചെയ്യേണ്ടതാണ്;

(ച) അമ്മയുടെയും കുഞ്ഞിന്റെയും പ്രസവപൂർവ്വ, പ്രസവകാല, പ്രസവാനന്തര പരിചരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്;

(ഛ) പ്രീ-സ്കൂളുകൾ, സ്കൂളുകൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, ഗ്രാമ തലത്തിലുള്ള പ്രവർത്തകർ, അംഗനവാടി തൊഴിലാളികൾ എന്നിവരിലൂടെ പൊതുജനത്തിന് അറിവുണ്ടാക്കേണ്ടതാണ്;

(ജ) വൈകല്യങ്ങളുടെ കാരണങ്ങളെക്കുറിച്ചും സ്വീകരിക്കേണ്ടതായ പ്രതിരോധ നടപടികളെക്കുറിച്ചും ബഹുജനങ്ങൾക്കിടയിൽ ടെലിവിഷൻ, റേഡിയോ മറ്റ് ബഹുജനമാധ്യമങ്ങൾ എന്നിവയിലൂടെ അവബോധം സൃഷ്ടിക്കേണ്ടതാണ്;

(ഝ) പ്രകൃതി ദുരന്തങ്ങളുടെയും മറ്റ് അപായ സാഹചര്യങ്ങളുടെയും സമയത്ത് ആരോഗ്യ പരിരക്ഷ നൽകേണ്ടതാണ്;

(ഞ) ജീവൻ രക്ഷിക്കുന്നതിനുള്ള അടിയന്തര ചികിത്സയ്ക്കും നടപടിക്രമങ്ങൾക്കും ഉള്ള അത്യന്താപേക്ഷിതമായ മെഡിക്കൽ സൗകര്യങ്ങൾ നൽകേണ്ടതാണ്;

(ട) ലൈംഗികവും പ്രത്യുൽപാദനപരവുമായ വിശേഷിച്ചും, വൈകല്യമുള്ള സ്ത്രീകൾക്ക് ആരോഗ്യ പരിരക്ഷ നൽകേണ്ടതാണ്.

26. <u>ഇൻഷ്വറൻസ് പദ്ധതികൾ.</u>—സമുചിത സർക്കാർ, അവരുടെ വൈകല്യങ്ങളുള്ള ജീവനക്കാർക്ക് വേണ്ടി വിജ്ഞാപനം മുഖേന ഇൻഷ്വറൻസ് പദ്ധതികൾ ഉണ്ടാക്കേണ്ടതാണ്.

27. <u>പുനരധിവാസം.</u>—(1) സമുചിത സർക്കാരും തദ്ദേശ അധികാരസ്ഥാനങ്ങളും അവരുടെ സാമ്പത്തികശേഷിയുടെയും വളർച്ചയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് വൈകല്യങ്ങളുള്ള എല്ലാ ആളുകളുടെയും പുനരധിവാസത്തിന്റെ, വിശേഷിച്ചും ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ, സേവനങ്ങളും കർമ്മപരിപാടികളും ഏറ്റെടുക്കുകയോ ഏറ്റെടുക്കുന്നതിന് ഇടയാക്കുകയോ ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി സമുചിത സർക്കാരിനും തദ്ദേശ അധികാരസ്ഥാനങ്ങൾക്കും സർക്കാരിതര സംഘടനകൾക്ക് ധനസഹായം അനുവദിക്കാവുന്നതാണ്.

(3) സമുചിത സർക്കാരും തദ്ദേശാധികാരസ്ഥാനങ്ങളും, പുനരധിവാസപദ്ധതികൾ രൂപീകരിക്കുമ്പോൾ വൈകല്യങ്ങളുള്ള ആളുകളുടെ കാര്യത്തിനായി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുമായി കൂടിയാലോചിക്കേണ്ടതാണ്.

28. ഗവേഷണവും വികസനവും.—സമുചിത സർക്കാർ, വൈകല്യങ്ങളുള്ള ആളുകളുടെ ഹാബിലിറ്റേഷൻ, റീഹാബിലിറ്റേഷൻ എന്നിവ വർദ്ധിപ്പിക്കുന്ന സംഗതികളിലും അവരുടെ ശാക്തീകരണത്തിനാവശ്യമായ അങ്ങനെയുള്ള മറ്റു സംഗതികളിലും, വ്യക്തികളും സ്ഥാപനങ്ങളും മുഖേന ഗവേഷണവും വികസനവും ആരംഭിക്കുകയോ ആരംഭിക്കുന്നതിന് ഇടയാക്കുകയോ ചെയ്യേണ്ടതാണ്.

29. സംസ്ക്കാരവും വിനോദവും.—സമുചിത സർക്കാരും തദ്ദേശ അധികാര സ്ഥാനങ്ങളും വൈകല്യങ്ങളുള്ള എല്ലാ ആളുകൾക്കും മറ്റുള്ളവർക്ക് തുല്യമായി ഒരു സാംസ്ക്കാരിക ജീവിതം ഉണ്ടാകുന്നതിനും വിനോദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും, അതിൽ,—

(ക) വൈകല്യമുള്ള കലാകാരൻമാർക്കും എഴുത്തുകാർക്കും അവരുടെ താത്പര്യങ്ങളും കഴിവുകളും പിൻതുടരുന്നതിനുള്ള സൗകര്യങ്ങളും പിന്തുണയും സ്പോൺസർഷിപ്പുകളും;

(ഖ) വൈകല്യങ്ങളുള്ള ആളുകളുടെ ചരിത്രപരമായ അനുഭവങ്ങൾ കാലാനുക്രമമായി വിവരിക്കുന്നതും വ്യാഖ്യാനിക്കുന്നതുമായ ഒരു വൈകല്യ ചരിത്ര മ്യൂസിയം സ്ഥാപിക്കലും;

(ഗ) വൈകല്യങ്ങളുള്ള ആളുകൾക്ക് കല പ്രാപ്യമാക്കലും;

(ഘ) വിനോദകേന്ദ്രങ്ങളും മറ്റ് സമാജപരമായ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കലും;

(ങ) സ്കൗട്ടിംഗ്, നൃത്തം ചെയ്യൽ, കലാക്ലാസ്സുകൾ, തുറസ്സായ സ്ഥലത്തുള്ള ക്യാമ്പുകൾ, സാഹസിക പ്രവർത്തനങ്ങൾ എന്നിവയിലെ പങ്കെടുക്കൽ സുകരമാക്കലും;

(ച) വൈകല്യങ്ങളുള്ള ആളുകളുടെ പങ്കെടുക്കലും പ്രാപ്യതയും സാദ്ധ്യമാക്കി ത്തീർക്കുന്നതിലേക്ക് സാംസ്ക്കാരിക-കലാവിഷയങ്ങളിലുള്ള കോഴ്സുകൾ പുനർരൂപകല്പന ചെയ്യലും;

(ഛ) വൈകല്യങ്ങളുള്ള ആളുകൾക്ക് വിനോദപരമായ പ്രവർത്തനങ്ങളിൽ പ്രാപ്യതയും ഉൾപ്പെടുത്തലും സുകരമാക്കുന്നതിലേക്ക് സാങ്കേതിക വിദ്യയും സഹായക ഉപകരണങ്ങളും സാമഗ്രികളും വികസിപ്പിക്കലും;

(ജ) ശ്രവണക്ഷയമുള്ള ആളുകൾക്ക് ആംഗ്യ ഭാഷാ വ്യാഖ്യാനത്തിലൂടെയോ ഉപശീർഷകത്തിലൂടെയോ ടെലിവിഷൻ പരിപാടികൾക്ക് പ്രാപ്യതയുണ്ടാകുമെന്ന് ഉറപ്പാക്കലും,

ഉൾപ്പെടുന്നതാണ്.

30. കായികപരമായ പ്രവർത്തനങ്ങൾ.—(1) സമുചിത സർക്കാർ കായിക പ്രവർത്തനങ്ങളിൽ വൈകല്യങ്ങളുള്ള ആളുകളുടെ ഫലപ്രദമായ പങ്കെടുക്കൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) സ്പോർട്സ് അതോറിറ്റികൾ വൈകല്യങ്ങളുള്ള ആളുകൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവകാശത്തിന് അർഹമായ അംഗീകാരം നൽകേണ്ടതും കായികപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി, അവരുടെ പദ്ധതികളിലും കർമ്മപരിപാടികളിലും വൈകല്യങ്ങളുള്ള ആളുകളുടെ ഉൾപ്പെടുത്തലിന് മതിയായ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതുമാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് ഭംഗം വരാതെ, സമുചിത സർക്കാരും സ്പോർട്സ് അതോറിറ്റികളും,—

(ക) കായികപരമായ എല്ലാ പ്രവർത്തനങ്ങളിലും വൈകല്യങ്ങളുള്ള ആളുകളുടെ പ്രാപ്യത, ഉൾപ്പെടുത്തൽ, പങ്കെടുക്കൽ എന്നിവ ഉറപ്പുവരുത്തുന്നതിനായി കോഴ്സുകളും കർമ്മപരിപാടികളും പുനഃസംഘടിപ്പിക്കുന്നതിനും;

(ഖ) വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള കായികപരമായ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെ പുനർ രൂപകല്പനയ്ക്കും പിന്തുണയ്ക്കും;

(ഗ) വൈകല്യങ്ങളുള്ള എല്ലാ ആളുകളുടെയും കായികപരമായ പ്രവർത്തനങ്ങളിൽ ശക്തി, പ്രതിഭ, ശേഷി, കഴിവ് എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും;

(ഘ) വൈകല്യങ്ങളുള്ള എല്ലാ ആളുകളുടെയും ഫലപ്രദമായ പങ്കെടുക്കൽ ഉറപ്പ് വരുത്തുന്നതിന്, കായികപരമായ എല്ലാ പ്രവർത്തനങ്ങളിലും മൾട്ടി-സെൻസറി അടിസ്ഥാന ഘടകങ്ങളും സവിശേഷതകളും നൽകുന്നതിനും;

(ങ) വൈകല്യങ്ങളുള്ള ആളുകളുടെ പരിശീലനത്തിന് വേണ്ടി അത്യാധുനികമായ കായിക സൗകര്യങ്ങളുടെ വികസനത്തിനായി ഫണ്ടുകൾ നീക്കിവയ്ക്കുന്നതിനും;

(ച) വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി വൈകല്യം നിർദ്ദിഷ്ടമായ കായികപരമായ മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും കൂടാതെ അങ്ങനെയുള്ള കായികപരമായ മത്സരങ്ങളിലെ വിജയികൾക്കും മറ്റ് പങ്കാളികൾക്കും അവാർഡുകൾ ഏർപ്പെടുത്തുന്നതിനും,

നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അദ്ധ്യായം VI

## വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ

31. വ്യവസ്ഥിത വൈകല്യങ്ങളുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം.—(1) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (2009-ലെ 35)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആറു വയസ്സിനും പതിനെട്ട് വയസ്സിനും ഇടയിൽ പ്രായമുള്ള വ്യവസ്ഥിത വൈകല്യമുള്ള ഓരോ കുട്ടിക്കും, അവന്റെ

ഇഷ്ടപ്രകാരം സമീപപ്രദേശത്തെ ഒരു സ്കൂളിൽ അല്ലെങ്കിൽ ഒരു സ്പെഷ്യൽ സ്കൂളിൽ സൗജന്യ വിദ്യാഭ്യാസത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) സമുചിത സർക്കാരും തദ്ദേശാധികാരസ്ഥാനങ്ങളും വ്യവസ്ഥിത വൈകല്യമുള്ള ഓരോ കുട്ടിക്കും അവന് പതിനെട്ട് വയസ്സ് തികയുന്നതുവരെ സമുചിതമായ ഒരു ചുറ്റുപാടിൽ സൗജന്യ വിദ്യാഭ്യാസത്തിന് പ്രാപ്യതയുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

32. <u>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം.</u>—(1) ഉന്നത വിദ്യാഭ്യാസത്തിനുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളും സർക്കാരിൽ നിന്ന് സഹായം ലഭിക്കുന്ന മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും അഞ്ച് ശതമാനത്തിൽ കുറയാത്ത സീറ്റുകൾ വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി സംവരണം ചെയ്യേണ്ടതാണ്.

(2) വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് ഉയർന്ന പ്രായത്തിൽ അഞ്ച് വർഷത്തെ ഇളവ് നൽകേണ്ടതാണ്.

33. <u>സംവരണത്തിന് വേണ്ടി തസ്തികകൾ തിരിച്ചറിയൽ.</u>—സമുചിത സർക്കാർ—

(i) 34-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളെ സംബന്ധിച്ച്, വ്യവസ്ഥിത വൈകല്യങ്ങളുള്ള ബന്ധപ്പെട്ട വിഭാഗം ആളുകൾക്ക് വഹിക്കാൻ കഴിയുന്ന, സ്ഥാപനങ്ങളിലെ തസ്തികകൾ തിരിച്ചറിയുകയും;

(ii) അങ്ങനെയുള്ള തസ്തികകൾ തിരിച്ചറിയുന്നതിന് വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് പ്രാതിനിധ്യമുള്ള ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും;

(iii) തിരിച്ചറിഞ്ഞ തസ്തികകളുടെ ആനുകാലിക അവലോകനം മൂന്ന് വർഷത്തിൽ കവിയാത്ത ഒരു ഇടവേളയിൽ ഏറ്റെടുക്കുകയും,

ചെയ്യേണ്ടതാണ്.

34. <u>സംവരണം.</u>—(1) ഓരോ സമുചിത സർക്കാരും ഓരോ സർക്കാർ സ്ഥാപനത്തിലും ഓരോ വിഭാഗം തസ്തികയിലെയും കേഡർ സ്ട്രെങ്ത്തിലുള്ള ആകെ ഒഴിവുകളുടെ എണ്ണത്തിന്റെ നാല് ശതമാനത്തിൽ കുറയാതെ വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകളാൽ നികത്തപ്പെടുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് നിശ്ചയിക്കേണ്ടതും അതിൽ (ക), (ഖ), (ഗ) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് ഒരു ശതമാനം വീതവും (ഘ), (ങ) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് ഒരു ശതമാനവും സംവരണം ചെയ്യേണ്ടതാണ്, അതായത്:—

(ക) അന്ധതയും കാഴ്ചക്കുറവും;

(ഖ) ബധിരതയും കേൾവിക്കുറവും;

(ഗ) മസ്തിഷ്ക തളർവാതം ഉൾപ്പെടെയുള്ള ചലനപരമായ വൈകല്യം, കുഷ്ഠരോഗം ഭേദമായവർ, വളർച്ച മുരടിക്കൽ, ആസിഡ് ആക്രമണത്തിന്റെ ഇരകൾ, പേശീക്ഷയം എന്നിവ;

(ഘ) ഓട്ടിസം, ബുദ്ധിവിഷയകമായ വൈകല്യം, പ്രത്യേക പഠന വൈകല്യം, മനോരോഗം എന്നിവ;

(ങ) ഓരോ വൈകല്യത്തിനായി തിരിച്ചറിഞ്ഞ തസ്തികകളിൽ ബധിരാന്ധത ഉൾപ്പെടെ (ക) മുതൽ (ഘ) വരെ ഖണ്ഡങ്ങൾക്കു കീഴിലുള്ള ആളുകൾക്കിടയിലുള്ള ഒന്നിലധികം വൈകല്യങ്ങൾ:

എന്നാൽ ഉദ്യോഗ കയറ്റത്തിലുള്ള സംവരണം സമുചിത സർക്കാർ, അതത് സമയം പുറപ്പെടുവിക്കുന്ന, അങ്ങനെയുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല സമുചിത സർക്കാരിന്, ചീഫ് കമ്മീഷണറുമായോ സംസ്ഥാന കമ്മീഷണറുമായോ, അതത് സംഗതിപോലെ, കൂടിയാലോചിച്ച് ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നടത്തുന്ന ജോലിയുടെ ഭാരം പരിഗണിച്ച്, വിജ്ഞാപനം മുഖേനയും അങ്ങനെയുള്ള വിജ്ഞാപനങ്ങളിൽ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും ഏതെങ്കിലും സർക്കാർ സ്ഥാപനത്തെ ഈ വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(2) ഏതെങ്കിലും നിയമന വർഷം വ്യവസ്ഥിത വൈകല്യമുള്ള അനുയോജ്യനായ ഒരാൾ ലഭ്യമല്ലാത്തതുകൊണ്ടോ മറ്റേതെങ്കിലും മതിയായ കാരണങ്ങളാലോ ഏതെങ്കിലും ഒഴിവ് നികത്താൻ കഴിയാത്തിടത്ത്, അങ്ങനെയുള്ള ഒഴിവ് തുടർന്നുവരുന്ന നിയമന വർഷത്തിലേതിനോട് എടുത്തെഴുതേണ്ടതും തുടർന്നു വരുന്ന നിയമന വർഷവും വ്യവസ്ഥിത വൈകല്യമുള്ള അനുയോജ്യനായ ആൾ ലഭ്യമല്ലെങ്കിൽ അത്, ആദ്യം അഞ്ച് വിഭാഗങ്ങൾക്കിടയിൽ പരസ്പര മാറ്റത്തിലൂടെ നികത്താവുന്നതും ആ വർഷവും ആ തസ്തികയിലേക്ക് വൈകല്യമുള്ള ഒരാൾ ലഭ്യമല്ലെങ്കിൽ മാത്രം, തൊഴിൽദായകൻ വൈകല്യമുള്ള ആളല്ലാത്ത ഒരാളെ നിയമിച്ചുകൊണ്ട് പ്രസ്തുത ഒഴിവ് നികത്തേണ്ടതുമാണ്:

എന്നാൽ ഒരു സ്ഥാപനത്തിലെ ഒഴിവുകളുടെ സ്വഭാവം ഒരു നിശ്ചിത വിഭാഗത്തിലുള്ള ആളിനെ നിയമിക്കാൻ കഴിയാത്ത അങ്ങനെയുള്ളതാണെങ്കിൽ, സമുചിത സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ആ ഒഴിവുകൾ അഞ്ച് വിഭാഗങ്ങൾക്കിടയിൽ പരസ്പരം മാറ്റാവുന്നതാണ്.

(3) സമുചിത സർക്കാരിന്, വിജ്ഞാപനം മുഖേന, വ്യവസ്ഥിത വൈകല്യമുള്ള ആളുകളുടെ ജീവനത്തിനുള്ള ഉയർന്ന പ്രായപരിധിയിൽ അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള ഇളവിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

35. <u>സ്വകാര്യമേഖലയിലെ തൊഴിൽദായകർക്ക് പ്രോത്സാഹനങ്ങൾ.</u>—സമുചിത സർക്കാരും തദ്ദേശാധികാരസ്ഥാനങ്ങളും അവരുടെ സാമ്പത്തികശേഷിയുടെയും വളർച്ചയുടെയും പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് സ്വകാര്യ മേഖലയിലെ തൊഴിൽദായകർക്ക്, അവരുടെ തൊഴിൽ ശക്തിയുടെ ഏറ്റവും കുറഞ്ഞത് അഞ്ച് ശതമാനമെങ്കിലും വ്യവസ്ഥിത വൈകല്യമുള്ള ആളുകൾ ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്.

36. <u>പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച്.</u>—സമുചിത സർക്കാരിന്, വിജ്ഞാപനം മുഖേന, ഓരോ സ്ഥാപനത്തിലെയും തൊഴിൽദായകൻ പ്രസ്തുത സ്ഥാപനത്തിൽ വ്യവസ്ഥിത വൈകല്യമുള്ള ആളുകൾക്കായി നിശ്ചയിക്കപ്പെട്ട, ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഒഴിവുകളുമായി ബന്ധപ്പെട്ട്, കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള വിവരമോ റിട്ടേണോ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിന്, അങ്ങനെയുള്ള തീയതി മുതൽ നൽകണമെന്ന് ആവശ്യപ്പെടാവുന്നതും, സ്ഥാപനം അതിന്മേൽ അങ്ങനെയുള്ള ആവശ്യപ്പെടൽ അനുസരിക്കേണ്ടതുമാണ്.

37. <u>പ്രത്യേക പദ്ധതികളും വികസന പരിപാടികളും.</u>—സമുചിത സർക്കാരും തദ്ദേശാധികാരസ്ഥാനങ്ങളും വിജ്ഞാപനം മുഖേന, വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകളുടെ പ്രയോജനത്തിനുവേണ്ടി,—

(ക) പ്രസക്തമായ എല്ലാ പദ്ധതികളിലും വികസനപരിപാടികളിലും വ്യവസ്ഥിത വൈകല്യങ്ങളുള്ള വനിതകൾക്ക് ഉചിതമായ മുൻഗണനയോടെ കൃഷിഭൂമിയും പാർപ്പിടവും അനുവദിക്കുന്നതിൽ അഞ്ച് ശതമാനം സംവരണവും;

(ഖ) എല്ലാ ദാരിദ്ര്യ നിർമ്മാജന പദ്ധതികളിലും വിവിധ വികസന പദ്ധതികളിലും വ്യവസ്ഥിത വൈകല്യങ്ങളുള്ള വനിതകൾക്ക് മുൻഗണനയോടെ അഞ്ച് ശതമാനം സംവരണം;

(ഗ) സൗജന്യനിരക്കിൽ ഭൂമി അനുവദിക്കുന്നതിൽ, അങ്ങനെയുള്ള ഭൂമി, പാർപ്പിടം, അഭയകേന്ദ്രം, തൊഴിൽ ആരംഭിക്കൽ, ബിസിനസ്, സംരംഭം, വിനോദകേന്ദ്രങ്ങൾ, ഉൽപ്പാദനകേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന ആവശ്യത്തിലേക്ക് ഉപയോഗിക്കണമെന്നുള്ളിടത്ത് അഞ്ച് ശതമാനം സംവരണം,

നൽകുന്നതിന് പദ്ധതികൾ ഉണ്ടാക്കേണ്ടതാണ്.

## അദ്ധ്യായം VII

## പരമാവധി പിന്തുണാവശ്യങ്ങളുള്ള വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി പ്രത്യേക വ്യവസ്ഥകൾ

38. <u>വൈകല്യങ്ങളുള്ള ആളുകൾക്ക് പരമാവധി പിന്തുണയ്ക്ക് പ്രത്യേക വ്യവസ്ഥകൾ.</u>—(1) പരമാവധി പിന്തുണ ആവശ്യമുണ്ടെന്ന് സ്വയം കരുതുന്ന വ്യവസ്ഥിത വൈകല്യമുള്ള ഏതെങ്കിലും ആളിനോ അല്ലെങ്കിൽ അവനോ അവൾക്കോ വേണ്ടി ഏതെങ്കിലും ആളിനോ സംഘടനയ്ക്കോ സമുചിത സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഒരു അധികാരസ്ഥാനത്തോട് പരമാവധി പിന്തുണ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ, അധികാരസ്ഥാനം, അത് കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു അസസ്സ്മെന്റ് ബോർഡിന് റഫർ ചെയ്യേണ്ടതാണ്.

(3) അസസ്സ്മെന്റ് ബോർഡ് (1)-ാം ഉപവകുപ്പ് പ്രകാരം അതിന് റഫർ ചെയ്യപ്പെട്ട സംഗതി, കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ വിലയിരുത്തേണ്ടതും

പരമാവധി പിന്തുണയുടെ ആവശ്യകതയും അതിന്റെ സ്വഭാവവും സാക്ഷ്യപ്പെടുത്തുന്ന ഒരു റിപ്പോർട്ട് അധികാരസ്ഥാനത്തിന് അയയ്ക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് ലഭിക്കുന്നതിൻമേൽ, അധികാരസ്ഥാനം റിപ്പോർട്ടിനനുസൃതമായും സമുചിത സർക്കാരിന്റെ ഇതിലേക്കായുള്ള പ്രസക്തമായ പദ്ധതികൾക്കും ഉത്തരവുകൾക്കും വിധേയമായും പിന്തുണ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അദ്ധ്യായം VIII
## സമുചിത സർക്കാരുകളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും

39. <u>ബോധവൽക്കരണ പ്രവർത്തനങ്ങൾ.</u>—(1) സമുചിത സർക്കാർ, ചീഫ് കമ്മീഷണറുമായോ സംസ്ഥാന കമ്മീഷണറുമായോ, അതത് സംഗതിപോലെ, കൂടിയാലോചിച്ച് വൈകല്യങ്ങളുള്ള ആളുകൾക്ക് ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങളും സംവേദനക്ഷമമായ പരിപാടികളും നടത്തുകയും ശക്തിപ്പെടുത്തുകയും പിന്തുണയ്ക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരിപാടികളും പ്രവർത്തനങ്ങളും,—

(ക) ഉൾപ്പെടുത്തൽ, സഹിഷ്ണുത, തന്മയീഭാവശക്തി, വൈവിധ്യത്തോടുള്ള ആദരവ് എന്നീ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും;

(ഖ) വൈകല്യങ്ങളുള്ള ആളുകളുടെ നൈപുണ്യം, ഗുണങ്ങൾ, കഴിവുകൾ കൂടാതെ തൊഴിൽ ശക്തിക്കും തൊഴിൽ വിപണിക്കും പ്രൊഫഷണൽ ഫീസിനും അവരുടെ സംഭാവനകൾ എന്നിവയുടെ തിരിച്ചറിയൽ പുരോഗമിപ്പിക്കുകയും;

(ഗ) കുടുംബജീവിതം, ബന്ധങ്ങൾ, പ്രസവവും കുട്ടികളെ വളർത്തലും എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും വൈകല്യങ്ങളുള്ള ആളുകൾ എടുക്കുന്ന തീരുമാനങ്ങളോടുള്ള ആദരവ് വളർത്തുകയും;

(ഘ) സ്കൂൾ, കോളേജ്, സർവ്വകലാശാല, പ്രൊഫഷണൽ പരിശീലനം എന്നീ തലങ്ങളിൽ വൈകല്യത്താലുള്ള മനുഷ്യാവസ്ഥയെക്കുറിച്ചും, വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളെക്കുറിച്ചും അഭിവിന്യാസവും സംവേദനക്ഷമതയും നൽകുകയും;

(ങ) വൈകല്യങ്ങളുള്ള ആളുകളുടെ അവശതപ്പെടുത്തുന്ന അവസ്ഥകളെയും അവകാശങ്ങളെയും കുറിച്ച് തൊഴിൽദായകർക്കും ഭരണാധികാരികൾക്കും സഹപ്രവർത്തകർക്കും അഭിവിന്യാസവും സംവേദനക്ഷമതയും നൽകുകയും;

(ച) സർവ്വകലാശാലകളിലെയും കോളേജുകളിലെയും സ്കൂളുകളിലെയും പാഠ്യപദ്ധതിയിൽ വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും,

കൂടെ ചെയ്യേണ്ടതാണ്.

40. <u>പ്രാപ്യത.</u>—കേന്ദ്ര സർക്കാർ, മുഖ്യ കമ്മീഷണറുമായി കൂടിയാലോചിച്ച്, വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി, ഉചിതമായ സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഉൾപ്പെടെ ഭൗതിക ചുറ്റുപാട്, ഗതാഗതം, വിവരവും ആശയവിനിമയവും എന്നിവയ്ക്കും കൂടാതെ പൊതുജനത്തിന് നഗര, ഗ്രാമ പ്രദേശങ്ങളിൽ നൽകുന്ന മറ്റ് സൗകര്യങ്ങൾക്കും സേവനങ്ങൾക്കും പ്രാപ്യതയുടെ നിലവാരങ്ങൾ നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്.

41. <u>ഗതാഗതത്തിനുള്ള പ്രാപ്യത.</u>—(1) സമുചിത സർക്കാർ,—

(ക) വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി ബസ് സ്റ്റോപ്പുകൾ, റെയിൽവേ സ്റ്റേഷനുകൾ, എയർപോർട്ടുകൾ എന്നിവിടങ്ങളിൽ പാർക്കിംഗ് സ്ഥലങ്ങൾ, ശൗചാലയങ്ങൾ, ടിക്കറ്റിംഗ് കൗണ്ടറുകൾ, ടിക്കറ്റിംഗ് മെഷീനുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രാപ്യതാ നിലവാരങ്ങൾ അനുവർത്തിക്കുന്ന സൗകര്യങ്ങൾ;

(ഖ) സാങ്കേതികമായി സാധ്യമായതും വൈകല്യങ്ങളുള്ള ആളുകൾക്ക് സുരക്ഷിതവും സാമ്പത്തികമായി പ്രായോഗികവുമായിടത്തെല്ലാം രൂപരേഖയ്ക്ക് ഘടനാപരമായി വലിയ മാറ്റങ്ങൾ അനിവാര്യമാക്കിത്തീർക്കാതെയും പഴയ ഗതാഗത രീതികളുടെ റിട്രോഫിറ്റിംഗ് ഉൾപ്പെടെ രൂപരേഖാ നിലവാരങ്ങൾക്ക് അനുരൂപമായ എല്ലാ ഗതാഗത രീതികളിലേക്കുമുള്ള പ്രാപ്യത;

(ഗ) വൈകല്യങ്ങളുള്ള ആളുകൾക്ക് ആവശ്യമായ ചലനക്ഷമത കൈകാര്യം ചെയ്യുന്നതിന് പ്രാപ്യമായ റോഡുകൾ,

എന്നിവ നൽകുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) സമുചിത സർക്കാർ, വഹിക്കാവുന്ന ചെലവിൽ വൈകല്യങ്ങളുള്ള ആളുകളുടെ വ്യക്തിപരമായ ചലനക്ഷമത പ്രോത്സാഹിപ്പിക്കുന്നതിന്,—

(ക) പ്രോത്സാഹനങ്ങൾക്കും ഇളവുകൾക്കും;

(ഖ) വാഹനങ്ങളുടെ റിട്രോഫിറ്റിംഗിനും;

(ഗ) വ്യക്തിപരമായ ചലനക്ഷമതയ്ക്കുള്ള സഹായത്തിനും,

വ്യവസ്ഥ ചെയ്യുന്നതിന് പദ്ധതികളും കർമ്മപരിപാടികളും വികസിപ്പിക്കേണ്ടതാണ്.

42. <u>വിവര-ആശയവിനിമയ സാങ്കേതികവിദ്യയ്ക്കുള്ള പ്രാപ്യത.</u>—സമുചിത സർക്കാർ,—

(i) ശ്രവണ, അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിൽ ലഭ്യമായ എല്ലാ ഉള്ളടക്കങ്ങളും പ്രാപ്യമായ രീതിയിൽ ആണെന്നും;

(ii) വൈകല്യങ്ങളുള്ള ആളുകൾക്ക് ശ്രവണ വിവരണം, ആംഗ്യ ഭാഷാ വ്യാഖ്യാനം, ക്ലോസ് ക്യാപ്ഷനിംഗ് എന്നിവ നൽകുന്നതുവഴി ഇലക്ട്രോണിക് മാധ്യമത്തിനുള്ള പ്രാപ്യത ഉണ്ടെന്നും;

(iii) ദൈനംദിന ഉപയോഗത്തിന് ഉദ്ദേശിച്ചുള്ള ഇലക്ട്രോണിക് സാധനങ്ങളും ഉപകരണവും സാർവത്രികമായ രൂപകല്പനയിൽ ലഭ്യമാണെന്നും,

ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

43. <u>ഉപഭോക്തൃ സാധനങ്ങൾ.</u>—സമുചിത സർക്കാർ, വൈകല്യങ്ങളുള്ള ആളുകളുടെ പൊതുവായ ഉപയോഗത്തിനായി സാർവത്രിക രൂപകല്പനയിലുള്ള ഉപഭോക്തൃ ഉൽപന്നങ്ങളുടെയും അനുബന്ധ സാധനങ്ങളുടെയും വികസനവും ഉൽപാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

44. <u>പ്രാപ്യതാ മാനദണ്ഡങ്ങളുടെ നിർബന്ധിത പാലിക്കൽ.</u>—(1) കെട്ടിട നിർമ്മാണ പ്ലാൻ കേന്ദ്ര സർക്കാർ 40-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന ചട്ടങ്ങൾക്ക് വിധേയമല്ലെങ്കിൽ യാതൊരു സ്ഥാപനത്തിനും ഏതെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാൻ പാടില്ലാത്തതാണ്.

(2) യാതൊരു സ്ഥാപനത്തിനും, ഒരു കെട്ടിടം കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന ചട്ടങ്ങൾക്ക് വിധേയമല്ലാത്തപക്ഷം, അതിന് ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനോ അത് കൈവശം എടുക്കാൻ അനുവദിക്കുന്നതിനോ പാടില്ലാത്തതാണ്.

45. <u>നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും പരിസരങ്ങളും പ്രാപ്യമാക്കുന്നതിനുള്ള സമയ പരിധിയും പ്രസ്തുത ആവശ്യത്തിനുള്ള നടപടിയും.</u>—(1) നിലവിലുള്ള എല്ലാ പൊതു കെട്ടിടങ്ങളും കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന ചട്ടങ്ങൾക്ക് അനുസൃതമായി, അങ്ങനെയുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത തീയതി മുതൽ അഞ്ചു വർഷത്തിൽ കവിയാത്ത ഒരു കാലയളവിനുള്ളിൽ പ്രാപ്യമാക്കേണ്ടതാണ്:

എന്നാൽ കേന്ദ്ര സർക്കാരിന്, ഈ വ്യവസ്ഥയ്ക്ക് വിധേയമാകുന്നതിന് സംസ്ഥാനങ്ങൾക്ക് അവരുടെ മുന്നൊരുക്കത്തിന്റെ അവസ്ഥയെയും ബന്ധപ്പെട്ട മറ്റ് ഘടകങ്ങളെയും ആശ്രയിച്ച്, ഓരോ സംഗതിയുടെയും അടിസ്ഥാനത്തിൽ സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

(2) സമുചിത സർക്കാരും, തദ്ദേശ അധികാരസ്ഥാനങ്ങളും, എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, സിവിൽ ആശുപത്രികളും, സ്കൂളുകളും, റെയിൽവേ സ്റ്റേഷനുകളും, ബസ് സ്റ്റോപ്പുകളും പോലെ അവശ്യ സേവനങ്ങൾ നൽകുന്ന, അവരുടെ എല്ലാ കെട്ടിടങ്ങളിലും സ്ഥലങ്ങളിലും പ്രാപ്യത നൽകുന്നതിനായി മുൻഗണന നൽകൽ അടിസ്ഥാനമാക്കി ഒരു കർമ്മ പദ്ധതി രൂപീകരിക്കേണ്ടതും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

46. <u>സേവനദാതാക്കളാലുള്ള പ്രാപ്യതയ്ക്ക് സമയപരിധി.</u>—സർക്കാർ അല്ലെങ്കിൽ സ്വകാര്യ സേവന ദാതാക്കൾ കേന്ദ്ര സർക്കാർ 40-ാം വകുപ്പ് പ്രകാരം പ്രാപ്യതയെ സംബന്ധിച്ച് രൂപീകരിക്കുന്ന ചട്ടങ്ങൾക്കനുസൃതമായി, അങ്ങനെയുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ രണ്ട് വർഷത്തെ ഒരു കാലയളവിനുള്ളിൽ സേവനങ്ങൾ നൽകേണ്ടതാണ്:

എന്നാൽ കേന്ദ്ര സർക്കാരിന് മുഖ്യ കമ്മീഷണറുമായി കൂടിയാലോചിച്ച്, പ്രസ്തുത ചട്ടങ്ങൾക്കനുസൃതമായി ചില വിഭാഗം സേവനങ്ങൾ നൽകുന്നതിന് സമയം ദീർഘിപ്പിക്കൽ അനുവദിക്കാവുന്നതാണ്.

47. <u>മാനവ വിഭവശേഷി വികസനം.</u>—(1) സമുചിത സർക്കാർ, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്റ്റ്, 1992 (1992-ലെ 34) പ്രകാരം രൂപീകരിച്ച റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഏതെങ്കിലും ചുമതലയ്ക്കും അധികാരത്തിനും ഭംഗം വരാതെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കേണ്ടതും പ്രസ്തുത ആവശ്യത്തിലേയ്ക്ക്,—

(ക) പഞ്ചായത്ത് രാജ് അംഗങ്ങളുടെയും നിയമ നിർമ്മാതാക്കളുടെയും ഭരണാധികാരികളുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ജഡ്ജിമാരുടെയും അഭിഭാഷകരുടെയും പരിശീലനത്തിന് വേണ്ടിയുള്ള എല്ലാ പാഠ്യക്രമങ്ങളിലും വൈകല്യാവകാശങ്ങൾ സംബന്ധിച്ച പരിശീലനം നിർബന്ധമാക്കുകയും;

(ഖ) സ്കൂളുകളിലേക്കും കോളേജുകളിലേക്കും കൂടാതെ സർവ്വകലാശാല അദ്ധ്യാപകർ, ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ഉദ്യോഗസ്ഥർ, സാമൂഹ്യക്ഷേമ ഓഫീസർമാർ, ഗ്രാമ വികസന ഓഫീസർമാർ, ആശാ വർക്കർമാർ, അംഗൻവാടി വർക്കർമാർ, എൻജിനീയർമാർ, ആർക്കിടെക്റ്റുകൾ, മറ്റ് പ്രൊഫഷണലുകൾ, കമ്മ്യൂണിറ്റി വർക്കർമാർ എന്നിവർക്കുമുള്ള എല്ലാ വിദ്യാഭ്യാസ പാഠ്യക്രമങ്ങളിലും വൈകല്യം ഒരു ഘടകമായി ചേർക്കുകയും;

(ഗ) കുടുംബങ്ങൾ, സമൂഹത്തിലെ അംഗങ്ങളും മറ്റ് തൽപര കക്ഷികളും, പരിചരണദാതാക്കൾ എന്നിവർക്ക് സ്വതന്ത്ര ജീവനത്തിനും സാമൂഹ്യ ബന്ധങ്ങൾക്കുമുള്ള പരിശീലനം ഉൾപ്പെടെ പരിചരണം നൽകലിലും പിന്തുണ നൽകലിലും കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ ആരംഭിക്കുകയും;

(ഘ) വൈകല്യമുള്ള ആളുകൾക്ക്, പരസ്പര സഹായത്തിലും, ബഹുമാനത്തിലും സാമൂഹ്യ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിന് സ്വയാധികാര പരിശീലനം ഉറപ്പാക്കുകയും;

(ങ) സ്പോർട്സ്, ഗെയിംസ്, സാഹസിക പ്രവർത്തനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് കായിക അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ നടത്തുകയും;

(ച) ആവശ്യമാകാവുന്ന മറ്റേതെങ്കിലും കാര്യശേഷി വികസന നടപടികൾ എടുക്കുകയും,

ചെയ്യേണ്ടതാണ്.

(2) എല്ലാ സർവ്വകലാശാലകളും വൈകല്യ പഠനങ്ങളിൽ, അങ്ങനെയുള്ള പഠനങ്ങൾക്കു വേണ്ടി പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് ഉൾപ്പെടെ അദ്ധ്യാപനവും ഗവേഷണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(3) സമുചിത സർക്കാർ, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ബാദ്ധ്യസ്ഥത നിറവേറ്റുന്നതിന് ഓരോ അഞ്ച് വർഷവും ഒരു ആവശ്യാധിഷ്ഠിത വിശകലനം ഏറ്റെടുക്കേണ്ടതും ഈ ആക്റ്റ് പ്രകാരമുള്ള വിവിധ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിന് അനുയോജ്യരായ ഉദ്യോഗസ്ഥരുടെ ആളെച്ചേർക്കൽ, പ്രവേശിപ്പിക്കൽ, സംവേദനക്ഷമമാക്കൽ, അഭിവിന്യാസം, പരിശീലനം എന്നിവയ്ക്കായി പദ്ധതികൾ രൂപീകരിക്കേണ്ടതുമാണ്.

48. സാമൂഹ്യ ഓഡിറ്റ്.—സമുചിത സർക്കാർ, വൈകല്യങ്ങളുള്ള ആളുകൾ ഉൾപ്പെടുന്ന പൊതുവായ എല്ലാ പദ്ധതികളും കർമ്മപരിപാടികളും, ആ പദ്ധതികൾക്കും കർമ്മപരിപാടികൾക്കും വൈകല്യങ്ങളുള്ള ആളുകളിന്മേൽ പ്രതികൂല ആഘാതം ഇല്ലെന്നും വൈകല്യങ്ങളുള്ള ആളുകളുടെ ആവശ്യങ്ങളും ആശങ്കകളും കുറവായിരിക്കുകയാണെന്നും ഉറപ്പുവരുത്തുന്നതിനായി സാമൂഹ്യ ഓഡിറ്റ് നടത്തേണ്ടതാണ്.

## അദ്ധ്യായം IX

## വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും അങ്ങനെയുള്ള സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളും

49. ക്ഷമതയുള്ള അധികാരസ്ഥാനം.—സംസ്ഥാന സർക്കാർ, അത് ഉചിതമെന്ന് കരുതുന്ന ഒരു അധികാരസ്ഥാനത്തെ, ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി ക്ഷമതയുള്ള ഒരു അധികാരസ്ഥാനമായി നിയമിക്കേണ്ടതാണ്.

50. രജിസ്ട്രേഷൻ.—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, യാതൊരാളും വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള ഏതെങ്കിലും സ്ഥാപനം ഇതിലേക്കായി ക്ഷമതയുള്ള അധികാരസ്ഥാനം നൽകിയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അനുസൃതമായല്ലാതെ സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്:

എന്നാൽ മെന്റൽ ഹെൽത്ത് ആക്റ്റ്, 1987 (1987-ലെ 14)-ലെ 8-ാം വകുപ്പ് പ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും ആക്റ്റ് പ്രകാരമോ സാധുവായ ഒരു ലൈസൻസ് കൈവശമുള്ള, മാനസിക രോഗികളായ ആളുകളുടെ പരിരക്ഷയ്ക്കുള്ള ഒരു സ്ഥാപനം ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടണമെന്ന് ആവശ്യപ്പെടാൻ പാടില്ലാത്തതാണ്.

51. അപേക്ഷയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകലും.—(1) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഓരോ അപേക്ഷയും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള രീതിയിലും ക്ഷമതയുള്ള അധികാരസ്ഥാനത്തിന് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ ക്ഷമതയുള്ള അധികാരസ്ഥാനം അത് യുക്തമെന്ന് കരുതാവുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തേണ്ടതും ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിലെയും ആവശ്യങ്ങൾ അപേക്ഷകൻ അനുസരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിൻമേൽ, അപേക്ഷ ലഭിച്ച് തൊണ്ണൂറ് ദിവസത്തെ ഒരു കാലയളവിനുള്ളിൽ അത്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതും, ബോദ്ധ്യപ്പെടാത്തപക്ഷം ക്ഷമതയുള്ള അധികാരസ്ഥാനം, ഉത്തരവ് മുഖേന, അപേക്ഷിച്ച സർട്ടിഫിക്കറ്റ് നൽകുന്നത് നിരസിക്കേണ്ടതുമാണ്:

എന്നാൽ ഒരു സർട്ടിഫിക്കറ്റ് നിരസിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് ക്ഷമതയുള്ള അധികാരസ്ഥാനം അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതും ഒരു സർട്ടിഫിക്കറ്റ് നൽകുന്നത് നിരസിക്കലിന്റെ ഓരോ ഉത്തരവും അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം യാതൊരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, ഏത് സ്ഥാപനത്തെ സംബന്ധിച്ചാണോ ഒരു അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ആ സ്ഥാപനം സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അങ്ങനെയുള്ള നിലവാരങ്ങൾ പുലർത്തുന്നതിനുള്ള അവസ്ഥയിലല്ലാത്തപക്ഷം നൽകാൻ പാടില്ലാത്തതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്,—

(ക) 52-ാം വകുപ്പ് പ്രകാരം റദ്ദാക്കാത്ത പക്ഷം സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള കാലയളവിൽ പ്രാബല്യത്തിലിരിക്കുന്നതും;

(ഖ) സമാനമായ ഒരു കാലയളവിലേയ്ക്ക് അതതുസമയം പുതുക്കാവുന്നതും; കൂടാതെ

(ഗ) സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിലായിരിക്കേണ്ടതും അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കേണ്ടതും,

ആണ്.

(5) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള ഒരു അപേക്ഷ, സാധുതയുടെ കാലാവധി അവസാനിക്കുന്നതിന് അറുപതിൽ കുറയാത്ത ദിവസങ്ങൾക്കു മുൻപ് നൽകേണ്ടതാണ്.

(6) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ്, ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് സ്ഥാപനം പ്രദർശിപ്പിക്കേണ്ടതാണ്.

(7) (1)-ാം ഉപവകുപ്പ് പ്രകാരമോ (5)-ാം ഉപവകുപ്പ് പ്രകാരമോ നൽകുന്ന ഓരോ അപേക്ഷയും ക്ഷമതയുള്ള അധികാരസ്ഥാനം സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

52. <u>രജിസ്ട്രേഷൻ റദ്ദാക്കൽ.</u>—(1) ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, 51-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അനുവദിച്ച ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ,—

(ക) സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഏതെങ്കിലും അപേക്ഷയുമായി ബന്ധപ്പെട്ട് സാരവത്തായ വിവരങ്ങളിൽ ശരിയല്ലാത്തതോ വ്യാജമോ ആയ ഒരു പ്രസ്താവന നടത്തിയിട്ടുണ്ടെന്നോ;

(ഖ) ഏത് ചട്ടങ്ങൾക്കോ ഏത് നിബന്ധനകൾക്കോ വിധേയമായാണ് സർട്ടിഫിക്കറ്റ് നൽകിയത് അവയുടെ ഏതെങ്കിലും ലംഘനം നടത്തുകയോ നടത്തുന്നതിന് ഇടയാക്കുകയോ ചെയ്തിട്ടുണ്ടെന്നോ,

അതിന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷം, ഉത്തരവ് മുഖേന സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്:

എന്നാൽ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കാതിരിക്കുന്നതിന് കാരണം കാണിക്കാൻ ഒരു അവസരം നൽകുന്നത് വരെ അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു സ്ഥാപനത്തെ സംബന്ധിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള റദ്ദാക്കൽ തീയതി മുതൽ അങ്ങനെയുള്ള സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്:

എന്നാൽ റദ്ദാക്കൽ ഉത്തരവിനെതിരെ 53-ാം വകുപ്പ് പ്രകാരം ഒരു അപ്പീൽ ഉണ്ടായിരിക്കുന്നിടത്ത്,—

(ക) യാതൊരു അപ്പീലും ബോധിപ്പിക്കാത്തിടത്ത്, അങ്ങനെയുള്ള അപ്പീൽ ഫയൽ ചെയ്യുന്നതിന് നിർണ്ണയിച്ചിട്ടുള്ള കാലാവധി അവസാനിപ്പിച്ചാൽ ഉടൻ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കുകയും എന്നാൽ റദ്ദാക്കൽ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തിട്ടുള്ളിടത്ത്, അപ്പീൽ ഉത്തരവിന്റെ തീയതി മുതൽ,

അങ്ങനെയുള്ള സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്.

(3) ഒരു സ്ഥാപനത്തെ സംബന്ധിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുമ്പോൾ ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, അങ്ങനെയുള്ള റദ്ദാക്കൽ തീയതിയിൽ അങ്ങനെയുള്ള സ്ഥാപനത്തിലെ അന്തേവാസിയായ വൈകല്യമുള്ള ഏതെങ്കിലും ആളെ,—

(ക) അവന്റെയോ അവളുടെയോ മാതാവിന്റെയോ പിതാവിന്റെയോ ഭാര്യയുടെയോ ഭർത്താവിന്റെയോ അല്ലെങ്കിൽ നിയമാനുസൃത രക്ഷാകർത്താവിന്റെയോ സംരക്ഷണയിൽ, അതത്സംഗതിപോലെ, തിരിച്ചേൽപ്പിക്കേണ്ടതാണെന്നോ; അല്ലെങ്കിൽ

(ഖ) ക്ഷമതയുള്ള അധികാരസ്ഥാനം പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റേണ്ടതാണെന്നോ,

നിർദ്ദേശിക്കാവുന്നതാണ്.

(4) ഈ വകുപ്പ് പ്രകാരം റദ്ദാക്കുന്ന ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശം വയ്ക്കുന്ന ഓരോ സ്ഥാപനവും അങ്ങനെയുള്ള റദ്ദാക്കലിന് ശേഷം, ഉടനെ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ക്ഷമതയുള്ള അധികാരസ്ഥാനത്തിന് തിരിച്ചേൽപ്പിക്കേണ്ടതാണ്.

53. <u>അപ്പീൽ.</u>—(1) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് നിരസിച്ചുകൊണ്ടോ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കിക്കൊണ്ടോ ഉള്ള, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന്, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള കാലാവധിയ്ക്കുള്ളിൽ, സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള അപ്പീലധികാരസ്ഥാനത്തിന്, അങ്ങനെയുള്ള നിരസിക്കലിനോ റദ്ദാക്കലിനോ എതിരെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) അപ്പീലധികാരസ്ഥാനത്തിന്റെ അങ്ങനെയുള്ള അപ്പീലിന്മേലുള്ള ഉത്തരവ് അന്തിമമായിരിക്കുന്നതാണ്.

54. <u>കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ സ്ഥാപിക്കുന്നതോ പരിപാലിക്കുന്നതോ ആയ സ്ഥാപനങ്ങൾക്ക് ആക്റ്റ് ബാധകമാകുന്നതല്ലെന്ന്.</u>—ഈ അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ കേന്ദ്ര സർക്കാരോ ഒരു സംസ്ഥാന സർക്കാരോ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി സ്ഥാപിക്കുന്നതോ പരിപാലിക്കുന്നതോ ആയ ഒരു സ്ഥാപനത്തിന് ബാധകമാകുന്നതല്ല.

55. <u>രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സഹായം.</u>— സമുചിത സർക്കാരിന്, അവരുടെ സാമ്പത്തിക ശേഷിയുടെയും വളർച്ചയുടെയും പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് സേവനങ്ങൾ നൽകുന്നതിനും പദ്ധതികളും കർമ്മപരിപാടികളും നടപ്പിലാക്കുന്നതിനും വേണ്ടി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാവുന്നതാണ്.

## അദ്ധ്യായം X

## നിർദ്ദിഷ്ട വൈകല്യങ്ങളുടെ സാക്ഷ്യപ്പെടുത്തൽ

56. നിർദ്ദിഷ്ട വൈകല്യങ്ങൾ കണക്കാക്കലിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.—കേന്ദ്ര സർക്കാർ, ഒരു ആളിലെ നിർദ്ദിഷ്ട വൈകല്യത്തിന്റെ വ്യാപ്തി കണക്കാക്കുന്ന ആവശ്യത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ വിജ്ഞാപനം ചെയ്യേണ്ടതാണ്.

57. സാക്ഷ്യപ്പെടുത്തുന്ന അധികാരസ്ഥാനങ്ങളുടെ സ്ഥാനനിർദ്ദേശം.—(1) സമുചിത സർക്കാർ, ആവശ്യമായ യോഗ്യതകളും അനുഭവജ്ഞാനവും ഉള്ള ആളുകളെ സാക്ഷ്യപ്പെടുത്തുന്ന അധികാരസ്ഥാനങ്ങളായി സ്ഥാനനിർദ്ദേശം ചെയ്യേണ്ടതും അവർ വൈകല്യ സർട്ടിഫിക്കറ്റ് നൽകുന്നതിന് ക്ഷമതയുള്ളവരായിരിക്കുന്നതുമാണ്.

(2) സമുചിത സർക്കാർ, സാക്ഷ്യപ്പെടുത്തുന്ന അധികാരസ്ഥാനം ഏത് അധികാരാതിർത്തിക്കുള്ളിലും ഏത് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും അതിന്റെ സാക്ഷ്യപ്പെടുത്തൽ ചുമതലകൾ നിർവ്വഹിക്കണമെന്ന് കൂടി വിജ്ഞാപനം ചെയ്യേണ്ടതാണ്.

58. സാക്ഷ്യപ്പെടുത്തലിനുള്ള നടപടിക്രമം.—(1) നിർദ്ദിഷ്ട വൈകല്യമുള്ള ഏതെങ്കിലും ആളിന്, കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ, അധികാരിതയുള്ള ഒരു സാക്ഷ്യപ്പെടുത്തൽ അധികാരസ്ഥാനത്തോട് ഒരു വൈകല്യ സർട്ടിഫിക്കറ്റ് നൽകുന്നതിന് അപേക്ഷിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുന്നതിന്മേൽ, സാക്ഷ്യപ്പെടുത്തൽ അധികാരസ്ഥാനം, 56-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രസക്തമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട ആളിന്റെ വൈകല്യം കണക്കാക്കേണ്ടതും അങ്ങനെയുള്ള കണക്കാക്കലിന് ശേഷം, അതത് സംഗതിപോലെ,—

(ക) കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള ആളിന് ഒരു വൈകല്യ സർട്ടിഫിക്കറ്റ് നൽകുകയോ;

(ഖ) അയാൾക്ക് നിർദിഷ്ട വൈകല്യം ഇല്ല എന്ന് രേഖാമൂലം അയാളെ അറിയിക്കുകയോ,

ചെയ്യേണ്ടതാണ്.

(3) ഈ വകുപ്പ് പ്രകാരം നൽകുന്ന വൈകല്യ സർട്ടിഫിക്കറ്റിന് രാജ്യം മുഴുവൻ സാധുത ഉണ്ടായിരിക്കുന്നതാണ്.

59. സാക്ഷ്യപ്പെടുത്തൽ അധികാരസ്ഥാനത്തിന്റെ ഒരു തീരുമാനത്തിനെതിരെയുള്ള അപ്പീൽ.—(1) സാക്ഷ്യപ്പെടുത്തൽ അധികാരസ്ഥാനത്തിന്റെ തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന്, അങ്ങനെയുള്ള തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാർ ഈ ആവശ്യത്തിലേയ്ക്ക് സ്ഥാനനിർദ്ദേശം ചെയ്യാവുന്ന അങ്ങനെയുള്ള അപ്പീലധികാരസ്ഥാനത്തിന്, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും അപ്പീൽ കൊടുക്കാവുന്നതാണ്.

(2) ഒരു അപ്പീൽ ലഭിക്കുന്നതിൻമേൽ, അപ്പീലധികാരസ്ഥാനം, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ അപ്പീൽ തീർപ്പാക്കേണ്ടതാണ്.

### അദ്ധ്യായം XI

## വൈകല്യം സംബന്ധിച്ച കേന്ദ്ര-സംസ്ഥാന ഉപദേശക ബോർഡുകളും ജില്ലാതല സമിതിയും

60. വൈകല്യം സംബന്ധിച്ച കേന്ദ്ര ഉപദേശക ബോർഡിന്റെ രൂപീകരണം.—(1) കേന്ദ്ര സർക്കാർ, വിജ്ഞാപനം മുഖേന, വൈകല്യം സംബന്ധിച്ച കേന്ദ്ര ഉപദേശക ബോർഡ് എന്നറിയപ്പെടുന്ന ഒരു നികായം ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന് ഏൽപ്പിച്ചുകൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി രൂപീകരിക്കേണ്ടതാണ്.

(2) കേന്ദ്ര ഉപദേശക ബോർഡിൽ,—

(ക) കേന്ദ്ര സർക്കാരിൽ വൈകല്യകാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, ഔദ്യോഗിക നിലയിൽ, ചെയർപേഴ്സൺ;

(ഖ) വൈകല്യകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന, കേന്ദ്ര സർക്കാരിലെ മന്ത്രാലയത്തിന്റെ ചുമതലയുള്ള സഹമന്ത്രി, ഔദ്യോഗിക നിലയിൽ, വൈസ് ചെയർപേഴ്സൺ;

(ഗ) പാർലമെന്റിലെ മൂന്ന് അംഗങ്ങൾ, അവരിൽ രണ്ടു പേരെ ലോകസഭയും ഒരാളെ രാജ്യസഭയും തിരഞ്ഞെടുക്കേണ്ടതാണ്, ഔദ്യോഗിക നിലയിൽ, അംഗങ്ങൾ;

(ഘ) എല്ലാ സംസ്ഥാനങ്ങളിലെയും വൈകല്യകാര്യങ്ങളുടെ ചുമതലയുള്ള മന്ത്രിമാരും, കേന്ദ്രഭരണ പ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരും അല്ലെങ്കിൽ ലഫ്റ്റനന്റ് ഗവർണ്ണർമാരും, ഔദ്യോഗിക നിലയിൽ, അംഗങ്ങൾ;

(ങ) വൈകല്യകാര്യം, സാമൂഹ്യനീതിയും ശാക്തീകരണവും, സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും, ഉന്നത വിദ്യാഭ്യാസവും, വനിതാ-ശിശുവികസനം, എക്സ്പെന്റിച്ചർ, ഉദ്യോഗസ്ഥ-പരിശീലനം, അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആന്റ് പബ്ലിക് ഗ്രീവൻസസ്, ആരോഗ്യവും കുടുംബക്ഷേമവും, ഗ്രാമവികസനം, പഞ്ചായത്ത് രാജ്, വ്യാവസായികനയവും പ്രോത്സാഹനവും, നഗരവികസനം, ഭവനനിർമ്മാണവും നഗരദാരിദ്ര്യനിർമ്മാജ്ജനവും, ശാസ്ത്ര സാങ്കേതികം, ആശയ വിനിമയവും വിവരസാങ്കേതികവിദ്യയും, നിയമകാര്യം, പബ്ലിക് എന്റർപ്രൈസസ്, യുവജന കാര്യവും സ്പോർട്ട്സും, റോഡ് ഗതാഗതവും ഹൈവേകളും സിവിൽ വ്യോമയാനവും എന്നീ മന്ത്രാലയങ്ങളുടെയോ വകുപ്പുകളുടെയോ ചുമതലയുള്ള, ഭാരത സർക്കാരിന്റെ സെക്രട്ടറിമാർ, ഔദ്യോഗിക നിലയിൽ, അംഗങ്ങൾ;

(ച) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാൻഫോമിംഗ് ഇന്ത്യ (എൻ.ഐ.റ്റി.ഐ.) അയോഗ് സെക്രട്ടറി, ഔദ്യോഗിക നിലയിൽ, അംഗം;

(ഛ) റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ചെയർപേഴ്സൺ, ഔദ്യോഗിക നിലയിൽ, അംഗം;

(ജ) നാഷണൽ ട്രസ്റ്റ് ഫോർ ദി വെൽഫെയർ ഓഫ് പേഴ്സൺസ് വിത്ത് ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിറ്റാർഡേഷൻ ആന്റ് മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് ചെയർപേഴ്സൺ, ഔദ്യോഗിക നിലയിൽ, അംഗം;

(ഝ) നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ-കം-മാനേജിംഗ് ഡയറക്ടർ, ഔദ്യോഗിക നിലയിൽ, അംഗം;

(ഞ) ആർട്ടിഫിഷ്യൽ ലിംബ്സ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ചെയർമാൻ-കം-മാനേജിംഗ് ഡയറക്ടർ, ഔദ്യോഗിക നിലയിൽ, അംഗം;

(ട) റെയിൽവെ ബോർഡ് ചെയർമാൻ, ഔദ്യോഗിക നിലയിൽ, അംഗം;

(ഠ) ലേബർ ആന്റ് എംപ്ലോയ്മെന്റ് മന്ത്രാലയത്തിലെ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ-ജനറൽ, ഔദ്യോഗിക നിലയിൽ, അംഗം;

(ഡ) നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രയിനിംഗ് ഡയറക്ടർ, ഔദ്യോഗിക നിലയിൽ, അംഗം;

(ഢ) നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ചെയർപേഴ്സൺ, ഔദ്യോഗിക നിലയിൽ, അംഗം;

(ണ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർപേഴ്സൺ, ഔദ്യോഗിക നിലയിൽ, അംഗം;

(ത) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ചെയർപേഴ്സൺ, ഔദ്യോഗിക നിലയിൽ, അംഗം;

(ഥ) താഴെപ്പറയുന്ന ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഡയറക്ടർമാർ:—

(i) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഹാൻഡിക്യാപ്ഡ്, ഡെറാഡൂൺ;

(ii) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ഹാൻഡിക്യാപ്ഡ്, സെക്കന്തരാബാദ്;

(iii) പണ്ഡിറ്റ് ദീൻ ദയാൽ ഉപാദ്ധ്യായ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഫിസിക്കലി ഹാൻഡിക്യാപ്ഡ്, ന്യൂഡെൽഹി;

(iv) അലിയാവർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഹിയറിംഗ് ഹാൻഡിക്യാപ്ഡ്, മുംബൈ;

(v) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഓർത്തോപീഡിക്കലി ഹാൻഡിക്യാപ്ഡ്, കൊൽക്കത്ത;

(vi) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് ആന്റ് റിസർച്ച്, കട്ടക്;

(vii) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്, ചെന്നൈ;

(viii) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആന്റ് സയൻസസ്, ബാംഗ്ലൂർ;

(ix) ഇൻഡ്യൻ സൈൻ ലാംഗ്വേജ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ, ന്യൂഡെൽഹി,

ഔദ്യോഗിക നിലയിൽ, അംഗങ്ങൾ;

(ദ) കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട അംഗങ്ങൾ,—

(i) വൈകല്യത്തിന്റെയും പുനരധിവാസത്തിന്റെയും മേഖലയിൽ വിദഗ്ധരായ അഞ്ച് അംഗങ്ങൾ;

(ii) വൈകല്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിതര സംഘടനകളെയോ അംഗഭംഗം വന്നവരുടെ സംഘടനകളെയോ പ്രതിനിധീകരിക്കുന്നതിന്, പ്രായോഗികമാകുന്നിടത്തോളം, വൈകല്യങ്ങളുള്ളവരായ പത്ത് അംഗങ്ങൾ:

എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന പത്ത് അംഗങ്ങളിൽ, ഏറ്റവും കുറഞ്ഞത് അഞ്ച് അംഗങ്ങൾ സ്ത്രീകൾ ആയിരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് ഒരാൾ വീതം പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും നിന്ന് ആയിരിക്കേണ്ടതുമാണ്;

(iii) ദേശീയതല കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി ചേംബറുകളുടെ മൂന്ന് പ്രതിനിധികൾ വരെ;

(ധ) വൈകല്യനയത്തിന്റെ വിഷയം കൈകാര്യം ചെയ്യുന്ന, ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി, ഔദ്യോഗിക നിലയിൽ, മെമ്പർ-സെക്രട്ടറി.

61. <u>അംഗങ്ങളുടെ സേവനത്തിന്റെ നിബന്ധനകളും ഉപാധികളും.</u>—(1) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, 60-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ദ) ഖണ്ഡ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന കേന്ദ്ര ഉപദേശക ബോർഡിലെ ഒരംഗം അയാളുടെ നാമനിർദ്ദേശത്തീയതി മുതൽ മൂന്നു വർഷക്കാലം, ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള ഒരംഗം, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചു എന്നിരുന്നാലും അദ്ദേഹത്തിന്റെ പിൻഗാമി അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നത് തുടരേണ്ടതാണ്.

(2) കേന്ദ്ര സർക്കാരിന്, അത് യുക്തമെന്ന് കരുതുന്ന പക്ഷം, 60-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ദ) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഏതെങ്കിലും അംഗത്തെ, അദ്ദേഹത്തിന്, നീക്കം ചെയ്യുന്നതിനെതിരെ കാരണം കാണിക്കുന്നതിനുള്ള ന്യായമായ ഒരവസരം നൽകിയ ശേഷം അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുന്നതിന് മുമ്പ് നീക്കം ചെയ്യാവുന്നതാണ്.

(3) 60-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ദ) ഖണ്ഡ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗത്തിന്, സ്വന്തം കൈപ്പടയിൽ ലിഖിതമായി കേന്ദ്ര സർക്കാരിനെ അഭിസംബോധന ചെയ്തുകൊണ്ട്, ഏതു സമയത്തും അദ്ദേഹത്തിന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതും അതിൻമേൽ പ്രസ്തുത അംഗത്തിന്റെ സ്ഥാനം ഒഴിവുള്ളതാകുന്നതുമാണ്.

(4) കേന്ദ്ര ഉപദേശക ബോർഡിലെ ഒരു ആകസ്മിക ഒഴിവ് ഒരു പുതിയ നാമനിർദ്ദേശം മുഖേന നികത്തേണ്ടതും ആ ഒഴിവ് നികത്തുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾ, ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹത്തെ അപ്രകാരം നാമനിർദ്ദേശം ചെയ്തത്, ആ അംഗത്തിന്റെ ശേഷിക്കുന്ന കാലാവധി മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(5) 60-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ദ) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡം അല്ലെങ്കിൽ (iii)-ാം ഉപഖണ്ഡം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം പുനർ നാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതാണ്.

(6) 60-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ദ) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡം അല്ലെങ്കിൽ (ii)-ാം ഉപഖണ്ഡവും പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക് കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ബത്തകൾ ലഭിക്കുന്നതാണ്.

62. <u>അയോഗ്യതകൾ.</u>—(1) യാതൊരാളും, അയാൾ—

(ക) നിർദ്ധനനായി വിധിക്കപ്പെടുകയോ ഏതെങ്കിലും സമയത്ത് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിലോ അയാളുടെ കടങ്ങൾ വീട്ടുന്നത് നിർത്തി വച്ചിട്ടുണ്ടെങ്കിലോ ഉത്തമർണ്ണരുമായി രാജിയായിട്ടുണ്ടെങ്കിലോ;

(ഖ) ചിത്തഭ്രമമുള്ള ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(ഗ) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെടുകയോ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

(ഘ) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെടുകയോ ഏതെങ്കിലും സമയത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

(ങ) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, അയാൾ ആ സ്ഥാനത്ത് തുടരുന്നത് പൊതുജനത്തിന്റെ താൽപര്യങ്ങൾക്ക് പ്രതികൂലമായി തീരത്തക്കവിധം ഒരു അംഗമെന്ന നിലയിൽ അയാളുടെ പദവി അപ്രകാരം ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലോ,

കേന്ദ്ര ഉപദേശക ബോർഡിൽ ഒരു അംഗമാകാൻ പാടില്ലാത്തതാണ്.

(2) ബന്ധപ്പെട്ട അംഗത്തിന് നീക്കം ചെയ്യുന്നതിനെതിരെ കാരണം കാണിക്കാൻ ന്യായമായ ഒരു അവസരം നൽകിയിട്ടില്ലാത്തപക്ഷം ഈ വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ യാതൊരു നീക്കം ചെയ്യൽ ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

(3) 61-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ (5)-ാം ഉപവകുപ്പിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ടിട്ടുള്ള ഒരു അംഗത്തിന്, ഒരു അംഗമായി പുനർ നാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

63. <u>അംഗങ്ങൾ സ്ഥാനങ്ങൾ ഒഴിയുന്നതിന്.</u>—കേന്ദ്ര ഉപദേശക ബോർഡിലെ ഒരംഗം 62-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനാകുകയാണെങ്കിൽ, അദ്ദേഹത്തിന്റെ സ്ഥാനം ഒഴിവുള്ളതായിത്തീരുന്നതാണ്.

64. <u>വൈകല്യം സംബന്ധിച്ച കേന്ദ്ര ഉപദേശക ബോർഡിന്റെ യോഗങ്ങൾ.</u>—കേന്ദ്ര ഉപദേശക ബോർഡ് ഏറ്റവും കുറഞ്ഞത് ഓരോ ആറു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

65. <u>വൈകല്യം സംബന്ധിച്ച കേന്ദ്ര ഉപദേശക ബോർഡിന്റെ ചുമതലകൾ.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, വൈകല്യം സംബന്ധിച്ച കേന്ദ്ര ഉപദേശക ബോർഡ്, വൈകല്യം സംബന്ധിച്ച വിഷയങ്ങളിൽ ദേശീയതല പര്യാലോചക ഉപദേശക നികായം ആയിരിക്കുന്നതും കൂടാതെ വൈകല്യങ്ങളുള്ള ആളുകളുടെ ശാക്തീകരണത്തിനും അവകാശങ്ങളുടെ പൂർണ്ണമായ അനുഭവത്തിനും ഒരു സമഗ്ര നയത്തിന്റെ തുടർച്ചയായുള്ള പരിണാമം സുകരമാക്കേണ്ടതുമാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും വൈകല്യം സംബന്ധിച്ച കേന്ദ്ര ഉപദേശക ബോർഡ് താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും വൈകല്യം സംബന്ധിച്ച നയങ്ങളിലും കർമ്മപരിപാടികളിലും നിയമനിർമ്മാണത്തിലും പ്രോജക്ടുകളിലും ഉപദേശം നൽകുക;

(ഖ) വൈകല്യങ്ങളുള്ള ആളുകളെ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ദേശീയ നയം വികസിപ്പിക്കുക;

(ഗ) വൈകല്യങ്ങളുള്ള ആളുകളെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന, സർക്കാരിലെ എല്ലാ വകുപ്പുകളുടെയും മറ്റ് സർക്കാർ-സർക്കാരിതര സംഘടനകളുടെയും പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക;

(ഘ) ദേശീയ പദ്ധതികളിൽ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി പദ്ധതികളും പ്രോജക്റ്റുകളും വ്യവസ്ഥ ചെയ്യുന്നത് ലക്ഷ്യമാക്കി, വൈകല്യങ്ങളുള്ള ആളുകളുടെ വിഷയങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും ശ്രദ്ധയിൽപ്പെടുത്തുക;

(ങ) പ്രാപ്യത, ന്യായമായ സൗകര്യം, വിവരവുമായി ബന്ധപ്പെട്ട് വൈകല്യങ്ങളുള്ള ആളുകൾക്ക് വിവേചനരാഹിത്യം, സേവനങ്ങളും നിർമ്മിത ചുറ്റുപാടും കൂടാതെ സാമൂഹ്യ ജീവിതത്തിൽ അവരുടെ പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യുക;

(ച) വൈകല്യങ്ങളുള്ള ആളുകളുടെ പൂർണ്ണ പങ്കാളിത്തം കൈവരിക്കുന്നതിന് നിയമങ്ങൾ, നയങ്ങൾ, കർമ്മപരിപാടികൾ എന്നിവയുടെ ഫലം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക; കൂടാതെ

(ഛ) കേന്ദ്ര സർക്കാർ അതതുസമയം ഏൽപ്പിച്ചു കൊടുക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകളും.

66. <u>വൈകല്യം സംബന്ധിച്ച സംസ്ഥാന ഉപദേശക ബോർഡ്.</u>—(1) ഓരോ സംസ്ഥാന സർക്കാരും വിജ്ഞാപനം മുഖേന, ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനും വൈകല്യം സംബന്ധിച്ച സംസ്ഥാന ഉപദേശക ബോർഡ് എന്നറിയപ്പെടുന്ന ഒരു നികായം രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന ഉപദേശക ബോർഡിൽ—

(ക) സംസ്ഥാന സർക്കാരിൽ വൈകല്യ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, ഔദ്യോഗിക നിലയിൽ, ചെയർപേഴ്സൺ;

(ഖ) സംസ്ഥാന സർക്കാരിൽ വൈകല്യ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ ചുമതലയുള്ള സഹമന്ത്രി അല്ലെങ്കിൽ ഉപമന്ത്രി, ആരെങ്കിലും ഉണ്ടെങ്കിൽ, ഔദ്യോഗിക നിലയിൽ, വൈസ്-ചെയർപേഴ്സൺ;

(ഗ) വൈകല്യ കാര്യങ്ങൾ, സ്കൂൾ വിദ്യാഭ്യാസം, സാക്ഷരതയും ഉന്നതവിദ്യാഭ്യാസവും, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, ധനകാര്യം, ഉദ്യോഗസ്ഥരും പരിശീലനവും, ആരോഗ്യവും കുടുംബക്ഷേമവും, ഗ്രാമവികസനം, പഞ്ചായത്ത് രാജ്, വ്യവസായ നയവും പ്രോത്സാഹനവും, തൊഴിലും ജീവനവും, നഗരവികസനം, ഭവനവും നഗര ദാരിദ്ര്യ നിർമ്മാർജ്ജനവും, ശാസ്ത്ര-സാങ്കേതികവിദ്യ, വിവര സാങ്കേതികവിദ്യ, പബ്ലിക് എന്റർപ്രൈസസ്, യുവജനകാര്യവും സ്പോർട്സും, റോഡ് ഗതാഗതം എന്നീ വകുപ്പുകളുടെയും സംസ്ഥാന സർക്കാർ ആവശ്യമെന്ന് കരുതുന്ന മറ്റേതെങ്കിലും വകുപ്പിന്റെയും ചുമതല വഹിക്കുന്ന, സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിമാർ, ഔദ്യോഗിക നിലയിൽ, അംഗങ്ങൾ;

(ഘ) സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ മൂന്ന് അംഗങ്ങൾ, അവരിൽ രണ്ടു പേരെ നിയമസഭയും ഒരാളെ നിയമസമിതിയും, ഏതെങ്കിലും ഉണ്ടെങ്കിൽ, തിരഞ്ഞെടുക്കേണ്ടതും, നിയമസമിതി ഇല്ലാത്തിടത്ത് മൂന്ന് അംഗങ്ങളെയും നിയമസഭ തിരഞ്ഞെടുക്കേണ്ടതുമാണ്, ഔദ്യോഗിക നിലയിൽ, അംഗങ്ങൾ;

(ങ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട അംഗങ്ങൾ:—

(i) വൈകല്യവും പുനരധിവാസവും മേഖലയിൽ വിദഗ്ധരായ അഞ്ച് അംഗങ്ങൾ;

(ii) ജില്ലകളെ പ്രതിനിധാനം ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സംസ്ഥാന സർക്കാർ ക്രമമനുസരിച്ച് നാമനിർദ്ദേശം ചെയ്യേണ്ട അഞ്ച് അംഗങ്ങൾ:

എന്നാൽ ഈ ഉപഖണ്ഡപ്രകാരമുള്ള യാതൊരു നാമനിർദ്ദേശവും ബന്ധപ്പെട്ട ജില്ലാഭരണകൂടത്തിന്റെ ശിപാർശയിന്മേലല്ലാതെ നടത്താൻ പാടില്ലാത്തതാണ്;

(iii) വൈകല്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിതര സംഘടനകളെയോ സമാജങ്ങളെയോ പ്രതിനിധാനം ചെയ്യുന്നതിന്, പ്രായോഗികമാകുന്നിടത്തോളം, വൈകല്യങ്ങൾ ഉള്ളവരായ പത്ത് ആളുകൾ:

എന്നാൽ ഈ ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന പത്ത് ആളുകളിൽ ഏറ്റവും കുറഞ്ഞത് അഞ്ച് പേർ വനിതകളായിരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് ഒരാൾ വീതം പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും നിന്ന് ആയിരിക്കേണ്ടതുമാണ്.

(iv) സ്റ്റേറ്റ് ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ മൂന്നിൽ കൂടാത്ത പ്രതിനിധികൾ;

(ച) സംസ്ഥാന സർക്കാരിൽ വൈകല്യകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ, ഔദ്യോഗിക നിലയിൽ, മെമ്പർ-സെക്രട്ടറി.

67. <u>അംഗങ്ങളുടെ സേവനത്തിന്റെ നിബന്ധനകളും ഉപാധികളും.</u>—(1) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, 66-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ (ങ) ഖണ്ഡ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന സംസ്ഥാന ഉപദേശക ബോർഡിലെ ഒരു അംഗം അദ്ദേഹത്തിന്റെ നാമനിർദ്ദേശത്തീയതി മുതൽ മൂന്ന് വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള ഒരു അംഗം, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചു എന്നിരുന്നാലും അദ്ദേഹത്തിന്റെ പിൻഗാമി അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നത് തുടരേണ്ടതാണ്.

(2) സംസ്ഥാന സർക്കാരിന്, അത് യുക്തമെന്ന് കരുതുന്ന പക്ഷം, 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഏതെങ്കിലും അംഗത്തെ അദ്ദേഹത്തിന്, നീക്കം ചെയ്യുന്നതിനെതിരെ കാരണം കാണിക്കുന്നതിനുള്ള ന്യായമായ ഒരു അവസരം നൽകിയ ശേഷം അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുന്നതിനു മുൻപ് നീക്കം ചെയ്യാവുന്നതാണ്.

(3) 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗത്തിന്, സ്വന്തം കൈപ്പടയിൽ ലിഖിതമായി സംസ്ഥാന സർക്കാരിനെ അഭിസംബോധന ചെയ്തുകൊണ്ട്, ഏതു സമയത്തും അദ്ദേഹത്തിന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതും അതിൻമേൽ പ്രസ്തുത അംഗത്തിന്റെ സ്ഥാനം ഒഴിവുള്ളതാകുന്നതുമാണ്.

(4) സംസ്ഥാന ഉപദേശക ബോർഡിലെ ഒരു ആകസ്മിക ഒഴിവ് ഒരു പുതിയ നാമനിർദ്ദേശം മുഖേന നികത്തേണ്ടതും ആ ഒഴിവ് നികത്തുന്നതിന് നാമനിർദ്ദേശം

ചെയ്യപ്പെടുന്ന ആൾ, ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹത്തെ അപ്രകാരം നാമനിർദ്ദേശം ചെയ്തത്, ആ അംഗത്തിന്റെ ശേഷിക്കുന്ന കാലാവധി മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(5) 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡം അല്ലെങ്കിൽ (iii)-ാം ഉപഖണ്ഡ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം പുനർ നാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതാണ്.

(6) 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡം അല്ലെങ്കിൽ (ii)-ാം ഉപഖണ്ഡ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ബത്തകൾ ലഭിക്കുന്നതാണ്.

68. <u>അയോഗ്യത.</u>—യാതൊരാളും, അയാൾ—

(ക) നിർദ്ധനനായി വിധിക്കപ്പെടുകയോ ഏതെങ്കിലും സമയത്ത് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിലോ അയാളുടെ കടങ്ങൾ വീട്ടുന്നത് നിർത്തിവച്ചിട്ടുണ്ടെങ്കിലോ ഉത്തമർണ്ണരുമായി രാജിയായിട്ടുണ്ടെങ്കിലോ;

(ഖ) ചിത്തഭ്രമമുള്ള ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(ഗ) സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെടുകയോ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

(ഘ) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെടുകയോ ഏതെങ്കിലും സമയത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

(ങ) സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിൽ, അയാൾ സംസ്ഥാന ഉപദേശക ബോർഡിൽ തുടരുന്നത് പൊതുജനതാൽപര്യങ്ങൾക്ക് ഹാനികരമായി തീരത്തക്കവിധം ഒരു അംഗമെന്ന നിലയിൽ അയാളുടെ പദവി അപ്രകാരം ദുരുപോയഗപ്പെടുത്തിയിട്ടുണ്ടെങ്കിലോ,

സംസ്ഥാന ഉപദേശക ബോർഡിൽ ഒരു അംഗമാകാൻ പാടില്ലാത്തതാണ്.

(2) ബന്ധപ്പെട്ട അംഗത്തിന് നീക്കം ചെയ്യുന്നതിനെതിരെ കാരണം കാണിക്കാൻ ന്യായമായ ഒരു അവസരം നൽകിയിട്ടില്ലാത്തപക്ഷം ഈ വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ യാതൊരു നീക്കം ചെയ്യൽ ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

(3) 67-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ (5)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അംഗത്തിന് ഒരംഗമായി പുനർ നാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

69. <u>സ്ഥാനങ്ങൾ ഒഴിയുന്നത്.</u>—സംസ്ഥാന ഉപദേശക ബോർഡിലെ ഒരംഗം 68-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനാവുകയാണെങ്കിൽ അയാളുടെ സ്ഥാനം ഒഴിവുള്ളതായിത്തീരുന്നതാണ്.

70. <u>വൈകല്യം സംബന്ധിച്ച ഉപദേശക ബോർഡ് യോഗങ്ങൾ.</u>—സംസ്ഥാന ഉപദേശക ബോർഡ് ഏറ്റവും കുറഞ്ഞത് ആറു മാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങളോ നടപടിക്രമങ്ങളോ പാലിക്കേണ്ടതുമാണ്.

71. <u>വൈകല്യം സംബന്ധിച്ച സംസ്ഥാന ഉപദേശക ബോർഡിന്റെ ചുമതലകൾ.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, വൈകല്യം സംബന്ധിച്ച സംസ്ഥാന ഉപദേശക ബോർഡ്, വൈകല്യ വിഷയങ്ങളിൽ സംസ്ഥാനതല പര്യാലോചക-ഉപദേശക നികായം ആയിരിക്കുന്നതും കൂടാതെ വൈകല്യങ്ങളുള്ള ആളുകളുടെ ശാക്തീകരണത്തിനും അവകാശങ്ങളുടെ പൂർണ്ണമായ അനുഭവത്തിനും ഒരു സമഗ്രനയത്തിന്റെ തുടർച്ചയായുള്ള പരിണാമം സുകരമാകേണ്ടതുമാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, വൈകല്യം സംബന്ധിച്ച സംസ്ഥാന ഉപദേശക ബോർഡ് താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) സംസ്ഥാന സർക്കാരിന് വൈകല്യം സംബന്ധിച്ച നയങ്ങളിലും കർമ്മപരിപാടികളിലും നിയമനിർമ്മാണത്തിലും പ്രോജക്റ്റുകളിലും ഉപദേശം നൽകുക;

(ഖ) വൈകല്യങ്ങളുള്ള ആളുകളെ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സംസ്ഥാന നയം വികസിപ്പിക്കുക;

(ഗ) വൈകല്യങ്ങളുള്ള ആളുകളെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന, സംസ്ഥാന സർക്കാരിലെ എല്ലാ വകുപ്പുകളുടെയും സംസ്ഥാനത്തെ മറ്റു സർക്കാർ-സർക്കാരിതര സംഘടനകളുടെയും പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക;

(ഘ) സംസ്ഥാന പദ്ധതികളിൽ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി പദ്ധതികളും പ്രോജക്റ്റുകളും വ്യവസ്ഥ ചെയ്യുന്നത് ലക്ഷ്യമാക്കി, വൈകല്യങ്ങളുള്ള ആളുകളുടെ വിഷയങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും ശ്രദ്ധയിൽപ്പെടുത്തുക;

(ങ) പ്രാപ്യത, ന്യായമായ സൗകര്യം, വൈകല്യങ്ങളുള്ള ആളുകൾക്ക് വിവേചനരാഹിത്യം, സേവനങ്ങളും നിർമ്മിത ചുറ്റുപാടും, മറ്റുള്ളവരുടേതിനു തുല്യമായ അടിസ്ഥാനത്തിൽ സാമൂഹ്യ ജീവിതത്തിൽ അവരുടെ പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യുക;

(ച) വൈകല്യങ്ങളുള്ള ആളുകളുടെ പൂർണ്ണ പങ്കാളിത്തം കൈവരിക്കുന്നതിന് രൂപപ്പെടുത്തിയ നിയമങ്ങൾ, നയങ്ങൾ, കർമ്മപരിപാടികൾ എന്നിവയുടെ ഫലം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക; കൂടാതെ

(ഛ) സംസ്ഥാന സർക്കാർ അതതുസമയം ഏൽപ്പിച്ചു കൊടുക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകളും.

72. വൈകല്യം സംബന്ധിച്ച ജില്ലാതല സമിതി.—സംസ്ഥാന സർക്കാർ, അത് നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി വൈകല്യം സംബന്ധിച്ച ജില്ലാതല സമിതി രൂപീകരിക്കേണ്ടതാണ്.

73. ഒഴിവുകൾ നടപടിക്രമങ്ങളെ അസാധുവാക്കുന്നതല്ലെന്ന്.—വൈകല്യം സംബന്ധിച്ച കേന്ദ്ര ഉപദേശക ബോർഡിന്റെയോ വൈകല്യം സംബന്ധിച്ച ഒരു സംസ്ഥാന ഉപദേശക ബോർഡിന്റെയോ വൈകല്യം സംബന്ധിച്ച ഒരു ജില്ലാതല സമിതിയുടെയോ യാതൊരു പ്രവൃത്തിയോ നടപടിക്രമമോ അങ്ങനെയുള്ള ബോർഡിലോ സമിതിയിലോ, അതത് സംഗതിപോലെ, ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

## അദ്ധ്യായം XII

## വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള മുഖ്യ കമ്മീഷണറും സംസ്ഥാന കമ്മീഷണറും

74. മുഖ്യ കമ്മീഷണറുടെയും കമ്മീഷണർമാരുടെയും നിയമനം.—(1) കേന്ദ്ര സർക്കാരിന്, വിജ്ഞാപനം മുഖേന, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടി ഒരു മുഖ്യ കമ്മീഷണറെ (ഇതിനുശേഷം "മുഖ്യ കമ്മീഷണർ" എന്നാണ് പരാമർശിക്കപ്പെടുക) നിയമിക്കാവുന്നതാണ്.

(2) കേന്ദ്ര സർക്കാരിന്, വിജ്ഞാപനം മുഖേന, മുഖ്യ കമ്മീഷണറെ സഹായിക്കുന്നതിനായി രണ്ടു കമ്മീഷണർമാരെ നിയമിക്കാവുന്നതും അതിൽ ഒരു കമ്മീഷണർ വൈകല്യമുള്ള ഒരാൾ ആയിരിക്കേണ്ടതുമാണ്.

(3) ഒരാൾ, മുഖ്യ കമ്മീഷണറോ കമ്മീഷണറോ ആയുള്ള നിയമനത്തിന്, പുനരധിവാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അയാൾക്ക് പ്രത്യേക അറിവോ പ്രായോഗിക പരിജ്ഞാനമോ ഇല്ലാത്ത പക്ഷം, യോഗ്യനായിരിക്കുന്നതല്ല.

(4) മുഖ്യ കമ്മീഷണർക്കും കമ്മീഷണർമാർക്കും നൽകാവുന്ന ശമ്പളവും ബത്തകളും അവരുടെ മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് ഉദ്യോഗ വിരാമ ആനുകൂല്യങ്ങളും ഉൾപ്പെടെ) കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

(5) കേന്ദ്ര സർക്കാർ, മുഖ്യകമ്മീഷണറെ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും തരവും വിഭാഗവും നിശ്ചയിക്കേണ്ടതും അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും മുഖ്യ കമ്മീഷണർക്ക് നൽകേണ്ടതുമാണ്.

(6) മുഖ്യ കമ്മീഷണർക്ക് നൽകപ്പെട്ട ഉദ്യോഗസ്ഥരും ജീവനക്കാരും അവരുടെ ചുമതലകൾ മുഖ്യകമ്മീഷണറുടെ പൊതുവായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും കീഴിൽ നിർവ്വഹിക്കേണ്ടതാണ്.

(7) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും, കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

(8) കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ വിവിധ വൈകല്യങ്ങളിൽ വിദഗ്ധരായവരിൽ നിന്നും എടുക്കുന്ന പതിനൊന്ന് പേരിൽ കൂടാത്ത അംഗങ്ങൾ അടങ്ങുന്ന ഒരു ഉപദേശക സമിതി മുഖ്യ കമ്മീഷണറെ സഹായിക്കേണ്ടതാണ്.

75. <u>മുഖ്യ കമ്മീഷണറുടെ ചുമതലകൾ.</u>—(1) മുഖ്യ കമ്മീഷണർ—

(ക) സ്വമേധയാ അല്ലെങ്കിൽ മറ്റു വിധത്തിൽ, ഈ ആക്റ്റിന് സംഗതമല്ലാത്ത, ഏതെങ്കിലും നിയമത്തിലെയോ നയത്തിലെയോ വ്യവസ്ഥകളും കർമ്മപരിപാടിയും നടപടിക്രമങ്ങളും തിരിച്ചറിയുകയും ആവശ്യമായ തിരുത്തൽ നടപടികൾ ശിപാർശ ചെയ്യുകയും;

(ഖ) സ്വമേധയാ അല്ലെങ്കിൽ മറ്റുവിധത്തിൽ, കേന്ദ്ര സർക്കാർ സമുചിത സർക്കാരായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളും അവർക്ക് ലഭ്യമായ സുരക്ഷാ വ്യവസ്ഥകളും നിഷേധിക്കൽ അന്വേഷിക്കുകയും തിരുത്തൽ നടപടിയ്ക്കായി ആ കാര്യം സമുചിത അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും;

(ഗ) ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിനാലോ നിയമത്തിൻകീഴിലോ വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നൽകിയിട്ടുള്ള സുരക്ഷാ വ്യവസ്ഥകൾ അവലോകനം ചെയ്യുകയും അവയുടെ ഫലപ്രദമായ നടപ്പാക്കലിന് നടപടികൾ ശിപാർശ ചെയ്യുകയും;

(ഘ) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ അനുഭവിക്കുന്നത് തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ അവലോകനം ചെയ്യുകയും ഉചിതമായ പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും;

(ങ) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളിൻമേലുള്ള സന്ധികളും മറ്റ് അന്താരാഷ്ട്ര കരണങ്ങളും പഠിക്കുകയും അവയുടെ ഫലപ്രദമായ നടപ്പാക്കലിന് ശിപാർശകൾ ചെയ്യുകയും;

(ച) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളുടെ മേഖലയിൽ ഗവേഷണം ഏറ്റെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും;

(ഛ) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളെക്കുറിച്ചും അവയുടെ സംരക്ഷണത്തിന് ലഭ്യമായ സുരക്ഷാ വ്യവസ്ഥകളെക്കുറിച്ചും അവബോധം വർദ്ധിപ്പിക്കുകയും;

(ജ) ഈ ആക്റ്റിലെ വ്യവസ്ഥകളും വൈകല്യങ്ങളുള്ള ആളുകളെ ഉദ്ദേശിച്ചുള്ള പദ്ധതികളും കർമ്മപരിപാടികളും നടപ്പാക്കൽ നിരീക്ഷിക്കുകയും;

(ഝ) വൈകല്യങ്ങളുള്ള ആളുകളുടെ പ്രയോജനത്തിനായി കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുകയും;

(ഞ) കേന്ദ്ര സർക്കാർ ഏൽപ്പിച്ചുകൊടുക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുകയും,

ചെയ്യേണ്ടതാണ്.

(2) മുഖ്യ കമ്മീഷണർ ഈ ആക്റ്റ് പ്രകാരമുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ ഏത് കാര്യത്തിന്മേലും കമ്മീഷണർമാരുമായി കൂടിയാലോചിക്കേണ്ടതാണ്.

76. <u>മുഖ്യ കമ്മീഷണറുടെ ശിപാർശയിന്മേൽ സമുചിത അധികാരസ്ഥാനങ്ങളുടെ നടപടി.</u>— മുഖ്യ കമ്മീഷണർ 75-ാം വകുപ്പ് [1][(1)-ാം ഉപവകുപ്പ്] (ഖ) ഖണ്ഡത്തിന് അനുസൃതമായി ഒരു അധികാരസ്ഥാനത്തിന് ഒരു ശിപാർശ നൽകുമ്പോഴെല്ലാം ആ അധികാരസ്ഥാനം, അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും എടുത്ത നടപടി സംബന്ധിച്ച് ആ ശിപാർശ ലഭിച്ച തീയതി മുതൽ മൂന്ന് മാസങ്ങൾക്കകം മുഖ്യ കമ്മീഷണറെ അറിയിക്കേണ്ടതുമാണ്:

എന്നാൽ ഒരു അധികാരസ്ഥാനം ഒരു ശിപാർശ സ്വീകരിക്കാത്തിടത്ത്, സ്വീകരിക്കാതിരിക്കലിന്റെ കാരണങ്ങൾ അത് മൂന്ന് മാസക്കാലയളവിനുള്ളിൽ മുഖ്യ കമ്മീഷണറെ ധരിപ്പിക്കേണ്ടതും കൂടാതെ സങ്കടമനുഭവിക്കുന്ന ആളിനെയും അറിയിക്കേണ്ടതുമാണ്.

77. <u>മുഖ്യ കമ്മീഷണറുടെ അധികാരങ്ങൾ.</u>—(1) മുഖ്യ കമ്മീഷണർക്ക് ഈ ആക്റ്റ് പ്രകാരമുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേക്ക്, താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള, ഒരു സിവിൽ കോടതിയുടെ അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കിക്കുന്നതിനും;

(ഖ) ഏതെങ്കിലും രേഖകളുടെ കണ്ടെടുക്കലും ഹാജരാക്കലും ആവശ്യപ്പെടുന്നതിനും;

(ഗ) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഘ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ നിയോഗിക്കുന്നതിനും.

(2) മുഖ്യ കമ്മീഷണർ മുമ്പാകെയുള്ള ഓരോ നടപടിക്രമവും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 193, 228 എന്നീ വകുപ്പുകളുടെ അർത്ഥത്തിൽ ഒരു നീതിന്യായ നടപടിയായിരിക്കുന്നതും ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ

---

1. 2017-ലെ റദ്ദാക്കലും ഭേദഗതിയും (രണ്ടാം) ആക്റ്റ്, (2018-ലെ 4-ാം നമ്പർ ആക്റ്റ്) 3-ാം വകുപ്പും രണ്ടാം പട്ടികയും പ്രകാരം ചേർത്തത് (5-1-2018 മുതൽ പ്രാബല്യം).

195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും ആവശ്യങ്ങൾക്ക് മുഖ്യകമ്മീഷണറെ ഒരു സിവിൽ കോടതിയായി കരുതേണ്ടതുമാണ്.

78. മുഖ്യ കമ്മീഷണറുടെ വാർഷിക റിപ്പോർട്ടും വിശേഷാൽ റിപ്പോർട്ടുകളും.—(1) മുഖ്യ കമ്മീഷണർ കേന്ദ്ര സർക്കാരിന് ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഏതെങ്കിലും കാര്യത്തിന്മേൽ, അത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നത് വരെ നീട്ടിവയ്ക്കാൻ പാടില്ലാത്ത അങ്ങനെയുള്ള അത്യാവശ്യകതയോ പ്രാധാന്യമോ ഉള്ളതാണെങ്കിൽ ഏത് സമയത്തും വിശേഷാൽ റിപ്പോർട്ടുകൾ സമർപ്പിക്കാവുന്നതുമാണ്.

(2) കേന്ദ്ര സർക്കാർ മുഖ്യ കമ്മീഷണറുടെ വാർഷിക റിപ്പോർട്ടും വിശേഷാൽ റിപ്പോർട്ടുകളും അദ്ദേഹത്തിന്റെ ശിപാർശകളിന്മേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടികളുടെ ഒരു മെമ്മോറാണ്ടവും ശിപാർശകൾ സ്വീകരിക്കാതിരിക്കലിനുള്ള കാരണങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവയും സഹിതം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പ്പിക്കേണ്ടതാണ്.

(3) വാർഷിക റിപ്പോർട്ടും വിശേഷാൽ റിപ്പോർട്ടുകളും കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന, അങ്ങനെയുള്ള ഫാറത്തിലും രീതിയിലും തയ്യാറാക്കേണ്ടതും അങ്ങനെയുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

79. സംസ്ഥാനങ്ങളിൽ സംസ്ഥാന കമ്മീഷണറുടെ നിയമനം.—(1) സംസ്ഥാന സർക്കാരിന് ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വിജ്ഞാപനം മുഖേന, വൈകല്യങ്ങളുള്ള ആളുകൾക്കായി ഒരു സംസ്ഥാന കമ്മീഷണറെ (ഇതിനു ശേഷം "സംസ്ഥാന കമ്മീഷണർ" എന്നാണ് പരാമർശിക്കപ്പെടുക) നിയമിക്കാവുന്നതാണ്.

(2) ഒരാൾ, പുനരധിവാസവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക അറിവോ പ്രായോഗിക പരിചയമോ അയാൾക്ക് ഇല്ലാത്ത പക്ഷം സംസ്ഥാന കമ്മീഷണറായുള്ള നിയമനത്തിന് യോഗ്യനായിരിക്കുന്നതല്ലാത്തതാണ്.

(3) സംസ്ഥാന കമ്മീഷണർക്ക് നൽകാവുന്ന ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് ഉദ്യോഗവിരാമ ആനുകൂല്യങ്ങളും ഉൾപ്പെടെ) സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(4) സംസ്ഥാന സർക്കാർ, സംസ്ഥാന കമ്മീഷണറെ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും തരവും വിഭാഗങ്ങളും തീരുമാനിക്കേണ്ടതും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും സംസ്ഥാന കമ്മീഷണർക്ക് നൽകേണ്ടതുമാണ്.

(5) സംസ്ഥാന കമ്മീഷണർക്ക് നൽകിയിട്ടുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും സംസ്ഥാന കമ്മീഷണറുടെ പൊതുവായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും കീഴിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(6) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(7) സംസ്ഥാന കമ്മീഷണറെ, വൈകല്യ മേഖലയിലെ വിദഗ്ദ്ധരിൽ നിന്ന് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന, അങ്ങനെയുള്ള രീതിയിൽ എടുക്കുന്ന അഞ്ചിൽ കൂടാത്ത അംഗങ്ങൾ അടങ്ങുന്ന ഒരു ഉപദേശക സമിതി സഹായിക്കേണ്ടതാണ്.

80. സംസ്ഥാന കമ്മീഷണറുടെ ചുമതലകൾ.—സംസ്ഥാന കമ്മീഷണർ—

(ക) സ്വമേധയാ അല്ലെങ്കിൽ മറ്റ് വിധത്തിൽ, ഈ ആക്റ്റിന് വിരുദ്ധമായ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥയോ നയമോ കർമ്മപരിപാടിയും നടപടിക്രമങ്ങളുമോ തിരിച്ചറിയുകയും ആവശ്യമായ തിരുത്തൽ നടപടികൾ ശിപാർശ ചെയ്യുകയും;

(ഖ) സ്വമേധയാ അല്ലെങ്കിൽ മറ്റ് വിധത്തിൽ, സംസ്ഥാന സർക്കാർ സമുചിതമായ സർക്കാരായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളും അവർക്ക് ലഭ്യമായ സുരക്ഷാ വ്യവസ്ഥകളും ഇല്ലാതാക്കുന്നത് അന്വേഷിക്കുകയും ആ കാര്യം തിരുത്തൽ നടപടിയ്ക്കായി സമുചിത അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും;

(ഗ) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമപ്രകാരമോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ വ്യവസ്ഥകൾ പുനഃപരിശോധിക്കുകയും അവയുടെ ഫലപ്രദമായ നടപ്പാക്കലിന് നടപടികൾ ശിപാർശ ചെയ്യുകയും;

(ഘ) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളുടെ അനുഭവം തടസ്സപ്പെടുത്തുന്ന സംഗതികൾ പുനഃപരിശോധിക്കുകയും ഉചിതമായ പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും;

(ങ) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളുടെ മേഖലയിൽ ഗവേഷണം ഏറ്റെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും;

(ച) വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങളെയും അവരുടെ സംരക്ഷണത്തിന് ലഭ്യമായ സുരക്ഷാവ്യവസ്ഥകളെയും കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുകയും;

(ഛ) ഈ ആക്റ്റിലെ വ്യവസ്ഥകളുടെയും വൈകല്യങ്ങളുള്ള ആളുകളെ ഉദ്ദേശിച്ചുള്ള പദ്ധതികളുടെയും കർമ്മപരിപാടികളുടെയും നടപ്പാക്കൽ നിരീക്ഷിക്കുകയും;

(ജ) വൈകല്യങ്ങളുള്ള ആളുകൾക്ക് ആനുകൂല്യങ്ങൾക്കായി സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന ഫണ്ടുകളുടെ ഉപയോഗം നിരീക്ഷിക്കുകയും;

(ഝ) സംസ്ഥാന സർക്കാർ ഏൽപ്പിച്ചുകൊടുക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും,

ചെയ്യേണ്ടതാണ്.

81. <u>സംസ്ഥാന കമ്മീഷണറുടെ ശിപാർശയിൻമേൽ സമുചിത അധികാരസ്ഥാനങ്ങളുടെ നടപടി.</u>—80-ാം വകുപ്പ് (ഖ) ഖണ്ഡത്തിന് അനുസൃതമായി സംസ്ഥാന കമ്മീഷണർ ഒരു അധികാരസ്ഥാനത്തിന് ഒരു ശിപാർശ നൽകുമ്പോഴെല്ലാം ആ അധികാരസ്ഥാനം അതിന്മേൽ ആവശ്യമായ നടപടി എടുക്കേണ്ടതും ശിപാർശ ലഭിച്ച തീയതി മുതൽ മൂന്ന് മാസങ്ങൾക്കകം എടുത്ത നടപടി സംസ്ഥാന കമ്മീഷണറെ അറിയിക്കേണ്ടതുമാണ്:

എന്നാൽ ഒരു അധികാരസ്ഥാനം ഒരു ശിപാർശ അംഗീകരിക്കാത്തിടത്ത്, അംഗീകരിക്കാതിരിക്കലിനുള്ള കാരണങ്ങൾ മൂന്നുമാസക്കാലയളവിനുള്ളിൽ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറെ അത് ധരിപ്പിക്കേണ്ടതും കൂടാതെ സങ്കടമനുഭവിക്കുന്ന ആളിനെയും അറിയിക്കേണ്ടതുമാണ്.

82. <u>സംസ്ഥാന കമ്മീഷണറുടെ അധികാരങ്ങൾ.</u>—(1) സംസ്ഥാന കമ്മീഷണർക്ക്, ഈ ആക്റ്റ് പ്രകാരമുള്ള അവരുടെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേക്ക് താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു കോടതിയിൽ നിക്ഷിപ്തമായ പ്രകാരമുള്ള ഒരു സിവിൽ കോടതിയുടെ അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കിക്കുന്നതിനും;

(ഖ) ഏതെങ്കിലും രേഖകളുടെ കണ്ടെടുക്കലും ഹാജരാക്കലും ആവശ്യപ്പെടുന്നതിനും;

(ഗ) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഘ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ നിയോഗിക്കുന്നതിനും.

(2) സംസ്ഥാന കമ്മീഷണർ മുമ്പാകെയുള്ള ഓരോ നടപടിക്രമവും ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 193, 228 എന്നീ വകുപ്പുകളുടെ അർത്ഥത്തിൽ ഒരു നീതിന്യായ നടപടിയായിരിക്കുന്നതും ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും ആവശ്യങ്ങൾക്ക് സംസ്ഥാന കമ്മീഷണറെ ഒരു സിവിൽ കോടതിയായി കരുതേണ്ടതുമാണ്.

83. <u>സംസ്ഥാന കമ്മീഷണറുടെ വാർഷിക റിപ്പോർട്ടും വിശേഷാൽ റിപ്പോർട്ടുകളും.</u>—(1) സംസ്ഥാന കമ്മീഷണർ സംസ്ഥാന സർക്കാരിന് ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഏതെങ്കിലും കാര്യത്തിൻമേൽ, അത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ നീട്ടിവയ്ക്കാൻ പാടില്ലാത്ത, അങ്ങനെയുള്ള അത്യാവശ്യകതയോ പ്രാധാന്യമോ ഉള്ളതാണെങ്കിൽ ഏതുസമയത്തും വിശേഷാൽ റിപ്പോർട്ടുകൾ സമർപ്പിക്കാവുന്നതുമാണ്.

(2) സംസ്ഥാന സർക്കാർ, വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറുടെ വാർഷിക റിപ്പോർട്ടും വിശേഷാൽ റിപ്പോർട്ടുകളും സംസ്ഥാന കമ്മീഷണറുടെ ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടികളുടെ ഒരു മെമ്മോറാണ്ടവും ശിപാർശകൾ സ്വീകരിക്കാതിരിക്കലിനുള്ള കാരണങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവയും സഹിതം സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ, അതിന് രണ്ടു സഭകൾ ഉള്ളിടത്ത്, ഓരോ സഭയുടെയും മുമ്പാകെയോ, അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിന് ഒരു സഭ ഉള്ളിടത്ത് ആ സഭ മുമ്പാകെയോ വയ്പ്പിക്കേണ്ടതാണ്.

(3) വാർഷിക റിപ്പോർട്ടും വിശേഷാൽ റിപ്പോർട്ടുകളും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന, അങ്ങനെയുള്ള ഫാറത്തിലും രീതിയിലും തയ്യാറാക്കേണ്ടതും അങ്ങനെയുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

## അദ്ധ്യായം XIII

## പ്രത്യേക കോടതി

84. <u>പ്രത്യേക കോടതി.</u>—സത്വര വിചാരണ നടത്തുന്ന ആവശ്യത്തിലേക്കായി, സംസ്ഥാന സർക്കാർ, ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അനുമതിയോടുകൂടി, വിജ്ഞാപനം മുഖേന, ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനായി ഒരു സെഷൻസ് കോടതിയെ ഒരു പ്രത്യേക കോടതിയായി ഓരോ ജില്ലയ്ക്കും വേണ്ടി നിർദ്ദേശിക്കേണ്ടതാണ്.

85. <u>സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ.</u>—(1) ഓരോ പ്രത്യേക കോടതിയ്ക്കും, സംസ്ഥാന സർക്കാരിന്, വിജ്ഞാപനം മുഖേന, ആ കോടതിയിൽ കേസുകൾ നടത്തുന്ന ആവശ്യത്തിലേക്ക് ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി ഒരു പബ്ലിക് പ്രോസിക്യൂട്ടറെ നിർദ്ദേശിക്കുകയോ അല്ലെങ്കിൽ ഏഴു വർഷത്തിൽ കുറയാതെ അഭിഭാഷകനായി പ്രാക്റ്റീസ് ചെയ്യുന്ന ഒരു അഭിഭാഷകനെ നിയമിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർക്ക്, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫീസോ പ്രതിഫലമോ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം XIV

## വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള ദേശീയ ഫണ്ട്

86. <u>വൈകല്യങ്ങളുള്ള ആളുകൾക്കുവേണ്ടിയുള്ള ദേശീയ ഫണ്ട്.</u>—വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള ദേശീയഫണ്ട് എന്ന് വിളിക്കപ്പെടുന്ന ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അതിലേക്ക്—

(ക) ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്റ്റ്, 1890 (1890-ലെ 6)-ൻ കീഴിൽ 1983 ആഗസ്റ്റ് 11-ാം തീയതിയിലെ എസ്.ഒ 573(<u>ഇ</u>) നമ്പർ വിജ്ഞാപനം മുഖേന രൂപീകരിക്കപ്പെട്ട ഫണ്ട് ഫോർ പീപ്പിൾ വിത്ത് ഡിസബിലിറ്റീസിനും 2006 നവംബർ 21-ാം

തീയതിയിലെ 30-3-2004- ഡി ഡി II നമ്പർ വിജ്ഞാപനം മുഖേന രൂപീകരിക്കപ്പെട്ട ട്രസ്റ്റ് ഫണ്ട് ഫോർ എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസിനും കീഴിൽ ലഭ്യമായ മുഴുവൻ തുകകളും;

(ഖ) 2000-ലെ 4655, 5218 എന്നീ നമ്പർ സിവിൽ അപ്പീലുകളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2004 ഏപ്രിൽ 16-ാം തീയതിയിലെ വിധിന്യായത്തിനനുസൃതമായി ബാങ്കുകളും കോർപ്പറേഷനുകളും ധനകാര്യ സ്ഥാപനങ്ങളും നൽകേണ്ട മുഴുവൻ തുകകളും;

(ഗ) സഹായധനം, ദാനങ്ങൾ, സംഭാവനകൾ, സഹായങ്ങൾ, മരണ സ്വത്തുക്കൾ അല്ലെങ്കിൽ കൈമാറ്റങ്ങൾ വഴി ലഭിച്ച മുഴുവൻ തുകകളും;

(ഘ) സഹായക ഗ്രാന്റുകൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച മുഴുവൻ തുകകളും;

(ങ) കേന്ദ്ര സർക്കാർ തീരുമാനിക്കാവുന്ന അങ്ങനെയുള്ള മറ്റു സ്രോതസ്സുകളിൽ നിന്നുമുള്ള മുഴുവൻ തുകകളും,

വരവ് വയ്ക്കേണ്ടതുമാണ്.

(2) വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള ഫണ്ട് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഉപയോഗിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതുമാണ്.

87. കണക്കുകളും ആഡിറ്റും.—(1) കേന്ദ്ര സർക്കാർ കൃത്യമായ കണക്കുകളും പ്രസക്തമായ മറ്റുരേഖകളും വച്ചുപോരേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ വരവിന്റെയും ചെലവിന്റെയും കണക്കുകൾ ഉൾപ്പെടെയുള്ള ഫണ്ടിന്റെ കണക്കുകളുടെ ഒരു വാർഷിക പത്രിക തയ്യാറാക്കേണ്ടതുമാണ്.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ, അദ്ദേഹം നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ ഫണ്ടിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നേരിടുന്ന ഏതെങ്കിലും ചെലവ് ഫണ്ടിൽ നിന്നും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് നൽകേണ്ടതുമാണ്.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിനും ഫണ്ടിന്റെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളിനും സർക്കാർ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് പൊതുവായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ചും, കണക്ക് പുസ്തകങ്ങളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു രേഖകളും പത്രങ്ങളും ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതിനും ഫണ്ടിന്റെ ഏതെങ്കിലും ഓഫീസുകൾ പരിശോധിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതുമാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലോ ഇതിലേക്ക് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ഫണ്ടിന്റെ കണക്കുകൾ

അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ കേന്ദ്ര സർക്കാർ വയ്ക്കേണ്ടതാണ്.

## അദ്ധ്യായം XV

## വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള സംസ്ഥാന ഫണ്ട്

88. വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള സംസ്ഥാന ഫണ്ട്.—(1) ഒരു സംസ്ഥാന സർക്കാർ, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള സംസ്ഥാന ഫണ്ട് എന്ന് വിളിക്കപ്പെടുന്ന ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്.

(2) വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സംസ്ഥാന ഫണ്ട് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ ഉപയോഗിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്.

(3) ഓരോ സംസ്ഥാന സർക്കാരും വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സംസ്ഥാന ഫണ്ടിന്റെ വരവുചെലവ് കണക്കുകൾ ഉൾപ്പെടെയുള്ള കൃത്യമായ കണക്കുകളും പ്രസക്തമായ മറ്റു രേഖകളും ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ വച്ചുപോരേണ്ടതാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ അദ്ദേഹം നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സംസ്ഥാന ഫണ്ടിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നേരിടുന്ന ഏതെങ്കിലും ചെലവ് സംസ്ഥാന ഫണ്ടിൽ നിന്നും കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് നൽകേണ്ടതുമാണ്.

(5) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിനും വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സംസ്ഥാന ഫണ്ടിന്റെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആളിനും സർക്കാർ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് പൊതുവായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ചും, കണക്ക് പുസ്തകങ്ങളുടെ ബന്ധപ്പെട്ട വൗച്ചറുകളും മറ്റു രേഖകളും പത്രങ്ങളും ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതിനും സംസ്ഥാന ഫണ്ടിന്റെ ഏതെങ്കിലും ഓഫീസുകൾ പരിശോധിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതുമാണ്.

(6) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലോ ഇതിലേക്ക് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള, വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള സംസ്ഥാന ഫണ്ടിന്റെ കണക്കുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ, അതിന് രണ്ടു സഭകൾ ഉള്ളിടത്ത് ഓരോ സഭയുടെയും മുമ്പാകെയോ, അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിന് ഒരു സഭ ഉള്ളിടത്ത് ആ സഭയുടെ മുമ്പാകെയോ വയ്ക്കേണ്ടതാണ്.

## അദ്ധ്യായം XVI

## കുറ്റങ്ങളും ശിക്ഷകളും

89. ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും, ആദ്യ ലംഘനത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയും പിന്നീടുള്ള ഏതെങ്കിലും ലംഘനത്തിന് അമ്പതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ അഞ്ചു ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

90. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, ആ കുറ്റം ചെയ്ത സമയം കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചുമതല ഉണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിത്വം ഉണ്ടായിരുന്നതുമായ ഓരോ ആളും അതുപോലെതന്നെ കമ്പനിയും കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടി എടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്തത് അയാളുടെ അറിവോടുകൂടി അല്ലെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യൽ തടയുന്നതിന് അയാൾ വേണ്ടത്ര എല്ലാ ജാഗ്രതയും പുലർത്തിയിട്ടുണ്ടായിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കിത്തീർക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്തും ആ കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ ആണെന്നോ അല്ലെങ്കിൽ കുറ്റം, കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പിക്കപ്പെടാമെന്നോ തെളിയിക്കുന്നിടത്തും അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടി എടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) “കമ്പനി” എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും; കൂടാതെ

(ഖ) “ഡയറക്ടർ” എന്നാൽ, ഒരു ഫേമുമായി ബന്ധപ്പെട്ട് ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

91. വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആനുകൂല്യം വഞ്ചനാപൂർവ്വമായി ഉപയോഗപ്പെടുത്തുന്നതിനുള്ള ശിക്ഷ.—വ്യവസ്ഥിത വൈകല്യങ്ങളുള്ള ആളുകൾക്ക് ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആനുകൂല്യം വഞ്ചനാപൂർവ്വമായി

ഉപയോഗിക്കുകയോ ഉപയോഗിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അയാൾ രണ്ടു വർഷത്തോളമാകാവുന്ന ഒരു കാലത്തേയ്ക്ക് തടവോ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

92. <u>അതിക്രമകുറ്റങ്ങൾക്കുള്ള ശിക്ഷ.</u>—ഏതൊരാളാണോ,—

(ക) വൈകല്യമുള്ള ഒരാളെ പൊതുജനത്തിന്റെ ദൃശ്യപരിധിക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്ത് അവഹേളിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഉദ്ദേശ്യപൂർവ്വം അപമാനിക്കുകയോ ഭയപ്പെടുത്തുകയോ;

(ഖ) വൈകല്യമുള്ള ഏതെങ്കിലും ആളെ, അയാളെ അനാദരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി കൈയ്യേറ്റം ചെയ്യുകയോ അയാൾക്ക് നേരേ ബലം പ്രയോഗിക്കുകയോ അല്ലെങ്കിൽ വൈകല്യമുള്ള ഒരു സ്ത്രീയെ മാനഭംഗപ്പെടുത്തുകയോ;

(ഗ) വൈകല്യമുള്ള ഒരാളുടെമേൽ യഥാർത്ഥ ചുമതലയോ നിയന്ത്രണമോ ഉണ്ടായിരിക്കുകയും സ്വേച്ഛയാ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് അവനോ അവൾക്കോ ഭക്ഷണമോ ദ്രാവകമോ നിഷേധിക്കുകയോ;

(ഘ) വൈകല്യമുള്ള ഒരു കുട്ടിയുടെയോ സ്ത്രീയുടെയോ ഇച്ഛയെ നിയന്ത്രിക്കുന്ന നിലയിലായിരിക്കുകയും അവളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിന് ആ നില ഉപയോഗിക്കുകയോ;

(ങ) വൈകല്യമുള്ള ഒരാളുടെ ഏതെങ്കിലും അവയവത്തിന്റെയോ ഇന്ദ്രിയത്തിന്റെയോ ഏതെങ്കിലും സഹായകോപകരണത്തിന്റെയോ ഉപയോഗത്തിന് സ്വേച്ഛയാ ക്ഷതി ഉളവാക്കുകയോ കേടു വരുത്തുകയോ പ്രതിബന്ധം സൃഷ്ടിക്കുകയോ;

(ച) വൈകല്യമുള്ള ഒരു സ്ത്രീയ്ക്കുമേൽ നിർവ്വഹിക്കേണ്ട, ഗർഭം അലസുന്നതിലേക്ക് നയിക്കുന്നതോ നയിക്കാൻ സാധ്യത ഉള്ളതോ ആയ ഏതെങ്കിലും വൈദ്യശാസ്ത്ര സംബന്ധമായ പ്രക്രിയ, തീവ്ര വൈകല്യമുള്ള സംഗതികളിൽ ഗർഭം അലസിപ്പിക്കുന്ന വൈദ്യശാസ്ത്ര സംബന്ധമായ പ്രക്രിയ രജിസ്റ്റർ ചെയ്ത ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ അഭിപ്രായത്തോടും വൈകല്യമുള്ള സ്ത്രീയുടെ രക്ഷാകർത്താവിന്റെ സമ്മതത്തോടു കൂടിയും ചെയ്യുന്നിടത്ത് ഒഴികെയുള്ള സംഗതികളിൽ, അവളുടെ പ്രകടമായ സമ്മതം കൂടാതെ നിർവ്വഹിക്കുകയോ നടത്തുകയോ നിർദ്ദേശിക്കുകയോ ചെയ്യുന്നത്,

അയാൾ ആറുമാസത്തിൽ കുറയാത്തതും എന്നാൽ അഞ്ചുവർഷത്തോളമാകാവുന്നതുമായ ഒരു കാലത്തേയ്ക്ക് തടവും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

93. <u>വിവരം നൽകുന്നതിന് വീഴ്ചയ്ക്കുള്ള ശിക്ഷ.</u>—ഈ ആക്റ്റോ അതിൻ കീഴിൽ പുറപ്പെടുവിച്ചതോ നൽകിയതോ ആയ ഏതെങ്കിലും ഉത്തരവോ നിർദ്ദേശമോ പ്രകാരം ഹാജരാക്കുന്നതിനോ നൽകുന്നതിനോ കടമപ്പെട്ടിരിക്കുന്ന ഏതെങ്കിലും പുസ്തകമോ കണക്കോ മറ്റ് രേഖകളോ ഹാജരാക്കുന്നതിലോ, ഏതെങ്കിലും പ്രസ്താവനയോ വിവരമോ വിശദാംശങ്ങളോ നൽകുന്നതിലോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻ കീഴിൽ പുറപ്പെടുവിച്ചതോ നൽകിയതോ ആയ ഏതെങ്കിലും ഉത്തരവിനോ നിർദ്ദേശത്തിനോ അനുസൃതമായി ഉന്നയിക്കുന്ന ഏതെങ്കിലും ചോദ്യത്തിന് ഉത്തരം നൽകുന്നതിലോ വീഴ്ച

വരുത്തുന്ന ഏതൊരാളും ഓരോ കുറ്റത്തെയും സംബന്ധിച്ച് ഇരുപത്തി അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും തുടർന്നുള്ള വീഴ്ചയുടെയോ നിരസിക്കലിന്റെയോ സംഗതിയിൽ പിഴശിക്ഷ ചുമത്തുന്ന അസ്സൽ ഉത്തരവിന്റെ തീയതിക്ക് ശേഷം തുടർന്നുള്ള വീഴ്ചയുടെയോ നിരസിക്കലിന്റെയോ ഓരോ ദിവസത്തിനും ആയിരം രൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

94. സമുചിത സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി.—യാതൊരു കോടതിയും, സമുചിത സർക്കാരിന്റെ ഒരു ജീവനക്കാരൻ ചെയ്തതായി ആരോപിക്കപ്പെടുന്ന, ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഒരു കുറ്റം സമുചിത സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെയോ അത് ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ ഒരു പരാതി ഫയൽ ചെയ്യാതെയോ നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

95. ആനുകല്പിക ശിക്ഷകൾ.—ഒരു കൃത്യമോ കൃത്യവിലോപമോ ഈ ആക്റ്റ് പ്രകാരവും മറ്റ് ഏതെങ്കിലും കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന ആക്റ്റ് പ്രകാരവും കൂടി ശിക്ഷാർഹമായ ഒരു കുറ്റമാകുന്നിടത്ത്, അപ്പോൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള കുറ്റത്തിന് അപരാധിയാണെന്ന് കണ്ട, കുറ്റം ചെയ്ത ആൾ, കൂടിയ ഡിഗ്രിയിൽ വ്യവസ്ഥചെയ്യുന്ന പ്രകാരം അങ്ങനെയുള്ള ആക്റ്റിൻകീഴിൽ മാത്രം ശിക്ഷയ്ക്ക് വിധേയനാകുന്നതാണ്.

## അദ്ധ്യായം XVII

## പലവക

96. മറ്റു നിയമങ്ങളുടെ ബാധകതയ്ക്ക് തടസ്സമില്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേയും അവയ്ക്ക് ന്യൂനത വരുത്താതെയും ആയിരിക്കുന്നതാണ്.

97. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.— ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച്, സമുചിത സർക്കാരിനോ സമുചിത സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ചീഫ് കമ്മീഷണറുടെയോ സംസ്ഥാന കമ്മീഷണറുടെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

98. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മുഖേന ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയോ അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ഈ വകുപ്പ് പ്രകാരമുള്ള അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലം കഴിഞ്ഞതിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനു ശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

99. <u>പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം.</u>—(1) സമുചിത സർക്കാർ നടത്തുന്ന ശിപാർശകളിൻമേലോ മറ്റുവിധത്തിലോ, അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്നോ യുക്തമാണെന്നോ കേന്ദ്ര സർക്കാരിന് ബോദ്ധ്യമാകുകയാണെങ്കിൽ, അതിന്, വിജ്ഞാപനം മുഖേന പട്ടിക ഭേദഗതി ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നത്, പട്ടിക അതനുസരിച്ച് ഭേദഗതി ചെയ്തതായി കരുതപ്പെടേണ്ടതുമാണ്.

(2) അങ്ങനെയുള്ള ഓരോ വിജ്ഞാപനവും, അത് പുറപ്പെടുവിച്ചശേഷം സാദ്ധ്യമാകുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

100. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അധികാരം.</u>—(1) കേന്ദ്ര സർക്കാരിന്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തൽ എന്ന നിബന്ധനയ്ക്ക് വിധേയമായി, വിജ്ഞാപനം മുഖേന, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വൈകല്യം സംബന്ധിച്ച ഗവേഷണത്തിനു വേണ്ടിയുള്ള സമിതി രൂപീകരിക്കുന്നതിന്റെ രീതി;

(ഖ) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തുല്യ അവസര നയം വിജ്ഞാപനം ചെയ്യുന്നതിന്റെ രീതി;

(ഗ) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ സ്ഥാപനവും റിക്കാർഡുകൾ വച്ചുപോരുന്നതിന്റെ ഫാറവും രീതിയും;

(ഘ) 23-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പരാതി പരിഹാര ഓഫീസർ പരാതികളുടെ രജിസ്റ്റർ വച്ചുപോരേണ്ടതിന്റെ രീതി;

(ങ) 36-ാം വകുപ്പ് പ്രകാരം സ്ഥാപനം പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് വിവരവും റിട്ടേണും നൽകുന്നതിന്റെ രീതി;

(ച) 38-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അസ്സസ്മെന്റ് ബോർഡിന്റെ ഘടനയും (3)-ാം ഉപവകുപ്പ് പ്രകാരം അസ്സസ്മെന്റ് ബോർഡ് അസ്സസ്മെന്റ് നടത്തേണ്ടതിന്റെ രീതിയും;

(ഛ) 40-ാം വകുപ്പ് പ്രകാരം വൈകല്യങ്ങളുള്ള ആളിന് വേണ്ടി പ്രാപ്യതയുടെ നിലവാരങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ചട്ടങ്ങൾ;

(ജ) 58-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വൈകല്യ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അപേക്ഷയുടെ രീതിയും (2)-ാം ഉപവകുപ്പ് പ്രകാരമുള്ള വൈകല്യ സർട്ടിഫിക്കറ്റിന്റെ ഫാറവും;

(ഝ) 61-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം കേന്ദ്ര ഉപദേശക ബോർഡിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ട ബത്തകൾ;

(ഞ) 64-ാം വകുപ്പ് പ്രകാരം കേന്ദ്ര ഉപദേശക ബോർഡിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പിന്റെ നടപടിക്രമം സംബന്ധിച്ച ചട്ടങ്ങൾ;

(ട) 74-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം മുഖ്യ കമ്മീഷണറുടെയും കമ്മീഷണർമാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;

(ഠ) 74-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം മുഖ്യ കമ്മീഷണറുടെ ഉദ്യോഗസ്ഥരുടെയും സ്റ്റാഫിന്റെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;

(ഡ) 74-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം ഉപദേശക സമിതിയുടെ ഘടനയും വിദഗ്ദ്ധരുടെ നിയമന രീതിയും;

(ഢ) 78-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം മുഖ്യ കമ്മീഷണർ തയ്യാറാക്കേണ്ടതും സമർപ്പിക്കേണ്ടതുമായ വാർഷിക റിപ്പോർട്ടിന്റെ ഫാറവും രീതിയും ഉള്ളടക്കവും;

(ണ) 86-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഫണ്ടിന്റെ നടപടിക്രമവും ഉപയോഗപ്പെടുത്തലിന്റെ രീതിയും നടത്തിപ്പും;

(ത) 87-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഫണ്ടിന്റെ കണക്കുകൾ തയ്യാറാക്കുന്നതിനുള്ള ഫാറം.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ, അത് സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ട് പിന്നാലെ വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നു എങ്കിൽ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

101. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അധികാരം.</u>—(1) സംസ്ഥാന സർക്കാരിന്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തൽ എന്ന നിബന്ധനയ്ക്ക് വിധേയമായി, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറു മാസത്തിന് പിൻപല്ലാതെ വിജ്ഞാപനം മുഖേന, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വൈകല്യം സംബന്ധിച്ച ഗവേഷണത്തിന് വേണ്ടിയുള്ള സമിതി രൂപീകരിക്കുന്നതിന്റെ രീതി;

(ഖ) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പരിമിത രക്ഷാകർത്താവിന്റെ പിന്തുണ നൽകുന്നതിന്റെ രീതി;

(ഗ) 51-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഒരു അപേക്ഷ സമർപ്പിക്കുന്നതിന്റെ ഫാറവും രീതിയും;

(ഘ) 51-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ട സൗകര്യങ്ങളും പുലർത്തേണ്ട നിലവാരങ്ങളും;

(ങ) 51-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധുതയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട നിബന്ധനകളും;

(ച) 51-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ തീർപ്പാക്കലിന്റെ കാലാവധി;

(ഛ) 53-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ ഏത് കാലയളവിനുള്ളിലാണ് നൽകേണ്ടതെന്ന്;

(ജ) 59-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സാക്ഷ്യപ്പെടുത്തൽ അധികാരസ്ഥാനത്തിന്റെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിന്റെ സമയവും രീതിയും കൂടാതെ (2)-ാം ഉപവകുപ്പ് പ്രകാരം അങ്ങനെയുള്ള അപ്പീൽ തീർപ്പാക്കലിന്റെ രീതിയും;

(ഝ) 67-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ഉപദേശക ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ട ബത്തകൾ;

(ഞ) 70-ാം വകുപ്പ് പ്രകാരം സംസ്ഥാന ഉപദേശക ബോർഡിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പിനായുള്ള നടപടിക്രമം സംബന്ധിച്ച ചട്ടങ്ങൾ;

(ട) 72-ാം വകുപ്പ് പ്രകാരം ജില്ലാതല സമിതിയുടെ ഘടനയും ചുമതലകളും;

(ഠ) 79-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന കമ്മീഷണറുടെ ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും;

(ഡ) 79-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന കമ്മീഷണറുടെ ഉദ്യോഗസ്ഥരുടെയും സ്റ്റാഫിന്റെയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും;

(ഢ) 79-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ഉപദേശക സമിതിയുടെ ഘടനയും വിദഗ്ദ്ധരുടെ നിയമന രീതിയും;

(ണ) 83-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, സംസ്ഥാന കമ്മീഷണർ തയ്യാറാക്കേണ്ടതും സമർപ്പിക്കേണ്ടതുമായ വാർഷിക റിപ്പോർട്ടിന്റെയും വിശേഷാൽ റിപ്പോർട്ടുകളുടെയും ഫാറവും രീതിയും ഉള്ളടക്കവും;

(ത) 85-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർക്ക് നൽകേണ്ട ഫീസ് അല്ലെങ്കിൽ പ്രതിഫലം;

(ഥ) 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വൈകല്യങ്ങളുള്ള ആളുകൾക്കു വേണ്ടിയുള്ള സംസ്ഥാന ഫണ്ടിന്റെ രൂപീകരണത്തിന്റെ രീതിയും (2)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ഫണ്ടിന്റെ ഉപയോഗപ്പെടുത്തലിന്റെയും നടത്തിപ്പിന്റെയും രീതിയും;

(ദ) 88-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം വൈകല്യങ്ങളുള്ള ആളുകൾക്ക് വേണ്ടിയുള്ള സംസ്ഥാന ഫണ്ടിന്റെ കണക്കുകൾ തയ്യാറാക്കുന്നതിനുള്ള ഫാറം.

(3) ഈ ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ, അതിന് രണ്ട് സഭകൾ ഉള്ളിടത്ത്, ഓരോ സഭയുടെയും മുമ്പാകെയോ, അങ്ങനെയുള്ള സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന് ഒരു സഭ ഉള്ളിടത്ത് ആ സഭയുടെ മുമ്പാകെയോ വയ്ക്കേണ്ടതാണ്.

102. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995 (1996-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) പ്രസ്തുത ആക്റ്റ് റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തത്തുല്യമായ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പട്ടിക

[2-ാം വകുപ്പ് (യഗ) ഖണ്ഡം കാണുക]

## നിർദ്ദിഷ്ട വൈകല്യം

1. ശാരീരിക വൈകല്യം—

ക. ചലനപരമായ വൈകല്യം (സ്വയം ചലിക്കുന്നതുമായി ബന്ധപ്പെട്ട പ്രത്യേകമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു ആളിന്റെ കഴിവില്ലായ്മയും മാംസപേശീവ്യവസ്ഥയുടെയും അസ്ഥിവ്യവസ്ഥയുടെയും അല്ലെങ്കിൽ നാഡീവ്യവസ്ഥയുടെയും അല്ലെങ്കിൽ രണ്ടിന്റെയും രോഗത്തിൽ നിന്നുണ്ടാകുന്ന കാര്യങ്ങളും)—

(ക) "കുഷ്ഠ രോഗം ഭേദമായ ആൾ" എന്നാൽ കുഷ്ഠ രോഗം ഭേദമായതും എന്നാൽ—

(i) കൈകളിലെയോ പാദങ്ങളിലെയോ സംവേദനം നഷ്ടപ്പെടലും അതുപോലെതന്നെ കണ്ണിലെയും കൺപോളയിലെയും സംവേദനം നഷ്ടപ്പെടലും ഭാഗിക പക്ഷാഘാതവുംമൂലം ദുരിതമനുഭവിക്കുകയും എന്നാൽ പ്രകടമായ വൈരൂപ്യം ഇല്ലാതിരിക്കുകയും;

(ii) പ്രകടമായ വൈരൂപ്യവും ഭാഗിക പക്ഷാഘാതവുംമൂലം ദുരിതമനുഭവിക്കുകയും എന്നാൽ സാധാരണ സാമ്പത്തിക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് അവരെ പ്രാപ്തരാക്കും വിധം അവരുടെ കൈകളിലും പാദങ്ങളിലും മതിയായ ചലനശക്തി ഉണ്ടായിരിക്കുകയും;

(iii) ഏതെങ്കിലും ആദായകരമായ ജോലി ഏറ്റെടുക്കുന്നതിൽ നിന്നും അവനെ/അവളെ തടയുന്ന അതിയായ ശാരീരിക വൈരൂപ്യവും അതുപോലെതന്നെ പ്രായാധിക്യവും മൂലം ദുരിതമനുഭവിക്കുകയും,

ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നതും "കുഷ്ഠരോഗം ഭേദമായ" എന്ന പദപ്രയോഗത്തിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതുമാണ്;

(ഖ) "മസ്തിഷ്ക തളർവാതം" എന്നാൽ സാധാരണയായി ജനനത്തിനു മുമ്പോ ജനനസമയത്തോ ജനിച്ച ഉടനെയോ മസ്തിഷ്കത്തിന്റെ പ്രത്യേകമായ ഒന്നോ അതിലധികമോ ഭാഗങ്ങളിൽ സംഭവിക്കുന്ന കേടു മൂലം ഉണ്ടാകുന്ന, ശരീര ചലനങ്ങളെയും പേശികളുടെ ഏകോപനത്തെയും ബാധിക്കുന്ന വർദ്ധമാനമല്ലാത്ത, നാഡീവ്യൂഹ സംബന്ധമായ അവസ്ഥയുടെ ഒരു ഗണം എന്നർത്ഥമാകുന്നു;

(ഗ) "വളർച്ചമുരടിക്കൽ" എന്നാൽ ഒരു മുതിർന്നയാളുടെ ഉയരം 4 അടി 10 ഇഞ്ചോ (147 സെന്റീ മീറ്റർ) അതിൽ കുറവോ ആയിത്തീരുന്ന, വൈദ്യശാസ്ത്ര സംബന്ധമായ അല്ലെങ്കിൽ ജനിതകമായ ഒരു അവസ്ഥ എന്നർത്ഥമാകുന്നു;

(ഘ) "പേശീ ശോഷണം" എന്നാൽ മനുഷ്യശരീരത്തെ ചലിപ്പിക്കുന്ന പേശികളെ ദുർബലപ്പെടുത്തുന്ന ഒരു കൂട്ടം പാരമ്പര്യ ജനിതക പേശീ രോഗം എന്നർത്ഥമാകുന്നതും ഒന്നിലധികം അവയവ ശോഷണമുള്ള ആളുകളുടെ ജീനുകളിൽ, ആരോഗ്യമുള്ള പേശികൾക്ക്

ആവശ്യമായ മാംസ്യം നിർമ്മിക്കുന്നതിൽ നിന്ന് അവയെ തടയുന്ന, തെറ്റായതും ഇല്ലാത്തതുമായ വിവരം ഉണ്ടായിരിക്കുന്നതുമാണ്. വർദ്ധമാനമായ അസ്ഥി-പേശീ ബലഹീനത, പേശീ മാംസ്യത്തിലെ തകരാറുകൾ, പേശീ കോശങ്ങളുടെയും കോശജാലത്തിന്റെയും നാശം എന്നിവയാണ് ഇതിന്റെ സവിശേഷതകൾ;

(ങ) "ആസിഡ് ആക്രമണ ഇര" എന്നാൽ ആസിഡോ സമാനമായ ദ്രവിപ്പിക്കുന്ന പദാർത്ഥമോ ക്ഷേപിക്കുന്നത് മുഖേനയുള്ള ഹിംസാത്മകമായ കയ്യേറ്റങ്ങൾമൂലം വിരൂപമാക്കപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു.

ഖ. കാഴ്ചക്ഷയം

(ക) "അന്ധത" എന്നാൽ ഏറ്റവും മികച്ച തിരുത്തലിനുശേഷം ഒരു ആളിന്, താഴെപ്പറയുന്ന അവസ്ഥകളിൽ ഉള്ള ഏതെങ്കിലും ഒരു അവസ്ഥ എന്ന് അർത്ഥമാകുന്നു—

(i) കാഴ്ചയുടെ പൂർണ്ണമായ അഭാവം; അല്ലെങ്കിൽ

(ii) സാധ്യമായ ഏറ്റവും മികച്ച തിരുത്തലോടെ കൂടുതൽ മെച്ചപ്പെട്ട കണ്ണിൽ 3/60-ൽ കുറവോ 10/200 (സ്നെല്ലൻ)-ൽ കുറവോ ആയ കാഴ്ച തീവ്രത; അല്ലെങ്കിൽ

(iii) 10 ഡിഗ്രിയിൽ കുറവുള്ള ഒരു കോണിന് താഴോട്ട് വ്യാപിക്കുന്ന ദൃശ്യ മണ്ഡലത്തിന്റെ പരിമിതി;

(ഖ) "കാഴ്ചക്കുറവ്" എന്നാൽ ഒരു ആളിന് താഴെപ്പറയുന്ന അവസ്ഥകളിൽ ഉള്ള ഏതെങ്കിലും ഒരു അവസ്ഥ എന്ന് അർത്ഥമാകുന്നു, അതായത്:—

(i) സാധ്യമായ ഏറ്റവും മികച്ച തിരുത്തലുകളോടെ കൂടുതൽ മെച്ചപ്പെട്ട കണ്ണിൽ 6/18-ൽ അധികരിക്കാത്തതോ 20/60-ൽ കുറഞ്ഞ് 3/60 വരെയോ അല്ലെങ്കിൽ 10/200 (സ്നെല്ലൻ) വരെയോ ഉള്ള കാഴ്ച തീവ്രത; അല്ലെങ്കിൽ

(ii) 40 ഡിഗ്രിയിൽ കുറഞ്ഞ് 10 ഡിഗ്രി വരെയുള്ള ഒരു കോണിന് താഴോട്ട് വ്യാപിക്കുന്ന ദൃശ്യമണ്ഡലത്തിന്റെ പരിമിതി.

ഗ. ശ്രവണക്ഷയം

(ക) "ബധിരൻ" എന്നാൽ ഇരുചെവികളിലും സംസാര ആവൃത്തികളിൽ 70 ഡി ബി കേൾവി നഷ്ടമുള്ള ആൾ എന്നർത്ഥമാകുന്നു;

(ഖ) "അല്പം ബധിരതയുള്ള" എന്നാൽ ഇരുചെവികളിലും സംസാര ആവൃത്തികളിൽ 60 ഡി ബി മുതൽ 70 ഡി ബി വരെ കേൾവി നഷ്ടമുള്ള ആൾ എന്നർത്ഥമാകുന്നു;

ഘ. "സംസാര-ഭാഷാവൈകല്യം" എന്നാൽ സഹജമായ അല്ലെങ്കിൽ നാഡീവ്യൂഹ സംബന്ധമായ കാരണങ്ങളാൽ സംസാരത്തിന്റെയും ഭാഷയുടെയും ഒന്നോ അതിലധികമോ ഘടകങ്ങളെ ബാധിക്കുന്ന, ലാരിൻജെക്ടമി അല്ലെങ്കിൽ എഫെയ്സിയ പോലെയുള്ള അവസ്ഥകളിൽ നിന്ന് ഉണ്ടാകുന്ന സ്ഥിരമായ ഒരു വൈകല്യം എന്നർത്ഥമാകുന്നു.

2. ബുദ്ധിപരമായ വൈകല്യം—

(ക) വാമൊഴിയായോ ലിഖിതമായോ ഭാഷ പ്രയോഗിക്കുന്നതിൽ ഒരു അപര്യാപ്തതയുള്ള, ഗ്രഹിക്കുന്നതിനോ സംസാരിക്കുന്നതിനോ വായിക്കുന്നതിനോ എഴുതുന്നതിനോ യഥാക്ഷരം ഉച്ചരിക്കുന്നതിനോ ഗണിതശാസ്ത്രപരമായ കണക്കുകൂട്ടലുകൾ നടത്തുന്നതിനോ ഉള്ള ഒരു പ്രയാസമായി അതുതന്നെ പ്രകടമാക്കാവുന്നതും, കൂടാതെ, ഗ്രഹണശേഷിപരമായ വൈകല്യങ്ങൾ, ഡിസ്‌ലെക്സിയ, ഡിസ്ഗ്രാഫിയ, ഡിസ്കാൽക്കുലിയ, ഡിസ്പ്രാക്സിയ, ഡെവലപ്മെന്റൽ എഫെയ്സിയ എന്നിവ പോലെയുള്ള അങ്ങനെയുള്ള അവസ്ഥകൾ ഉൾപ്പെടുന്നതും വ്യത്യസ്ത സ്വഭാവത്തിലുള്ള അവസ്ഥകളുടെ ഒരു ഗണം എന്നർത്ഥമാകുന്നതുമായ "പ്രത്യേക പഠന വൈകല്യങ്ങൾ";

(ഖ) ജീവിതകാലത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിൽ സ്വഭാവാനുസാരേണ പ്രത്യക്ഷപ്പെടുന്ന, ഒരാളുടെ ആശയവിനിമയം നടത്താനും ബന്ധങ്ങൾ മനസ്സിലാക്കാനും മറ്റുള്ളവരുമായി ബന്ധപ്പെടുത്താനുമുള്ള കഴിവിനെ സാരവത്തായി ബാധിക്കുന്നതും പലപ്പോഴും അസാധാരണമായതോ ഒരേ തരത്തിലുള്ളതോ ആയ ചേഷ്ടകളുമായോ പെരുമാറ്റങ്ങളുമായോ ബന്ധപ്പെട്ടിരിക്കുന്നതുമായ ഒരു നാഡീവ്യൂഹ-വികസന അവസ്ഥ എന്നർത്ഥമാകുന്ന "ഓട്ടിസം സ്പെക്ട്രം ഡിസോർഡർ" ഉൾപ്പെടെയുള്ള,

ദൈനംദിന, സാമൂഹ്യ, പ്രായോഗിക നൈപുണ്യങ്ങളുടെ ഒരു ശ്രേണിയെ ഉൾക്കൊള്ളുന്ന, ബുദ്ധിപരമായ പ്രവർത്തനത്തിലും (യുക്തി, പഠനം, പ്രശ്നപരിഹാരം) അനുരൂപീകരണ പെരുമാറ്റങ്ങളിലും സാരവത്തായ പരിമിതിയുടെ സ്വഭാവസവിശേഷതയോടുകൂടിയ ഒരവസ്ഥ.

3. മാനസിക പെരുമാറ്റം,—

"മനോരോഗം" എന്നാൽ വിലയിരുത്തലിനെയോ പെരുമാറ്റത്തെയോ യാഥാർത്ഥ്യം തിരിച്ചറിയാനുള്ള ശേഷിയെയോ ജീവിതത്തിന്റെ സാധാരണ ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിനെയോ ആകെ ബലഹീനപ്പെടുത്തുന്ന, ചിന്തയുടെയോ മാനസികാവസ്ഥയുടെയോ ഗ്രഹണശക്തിയുടെയോ അഭിവിന്യാസത്തിന്റെയോ ഓർമ്മശക്തിയുടെയോ സാരമായ ക്രമഭംഗം എന്നർത്ഥമാകുന്നതും എന്നാൽ ഒരാളിന്റെ നിലച്ചതോ അപൂർണ്ണമായതോ ആയ മാനസിക വികാസത്തിന്റെ ഒരു അവസ്ഥയായ, പ്രത്യേകിച്ചും സാധാരണയിലും താഴെയായ ബുദ്ധിയുടെ സ്വഭാവസവിശേഷതയോടുകൂടിയ, വളർച്ചമുരടിക്കൽ ഉൾപ്പെടുന്നുമില്ല.

4. (ക) (i) തലച്ചോറിന്റെയും സുഷുമ്ന നാഡിയുടെയും നാഡീകോശങ്ങളുടെ ആക്സണിനു ചുറ്റുമുള്ള മെയിലിൻ ആവരണങ്ങൾ തകരാറിലാകുന്ന, ഡീമെയ്‌ലിനേഷനിലേക്ക് നയിക്കുകയും തലച്ചോറിന്റെയും സുഷുമ്നാ നാഡിയുടെയും നാഡീകോശങ്ങളുടെ പരസ്പരം ആശയവിനിമയം നടത്തുന്നതിനുള്ള കഴിവിനെ ബാധിക്കുകയും ചെയ്യുന്ന ഒരു നാഡീവ്യൂഹ വീക്കരോഗം എന്നർത്ഥമാകുന്ന "മൾട്ടിപ്പിൾ സ്ക്ലിറോസിസ്";

(ii) തലച്ചോറിന്റെ ബാസൽ ഗാംഗ്ലിയയുടെ ക്ഷയിക്കലും ന്യൂറോ ട്രാൻസ്മിറ്റർ ഡോപാമൈനിന്റെ കുറവുമായി ബന്ധപ്പെട്ട, മുഖ്യമായും മധ്യവയസ്കരെയും പ്രായമായ ആളുകളെയും ബാധിക്കുന്ന, വിറയൽ, പേശികളുടെ അയവില്ലായ്മ, മന്ദഗതിയിലും കൃത്യതയില്ലാത്തതുമായ ചലനം എന്നീ ലക്ഷണങ്ങളുള്ള നാഡീവ്യൂഹത്തിന്റെ വർദ്ധമാനമായ ഒരു രോഗം എന്നർത്ഥമാകുന്ന "പാർക്കിൻസൺസ് രോഗം",

പോലെയുള്ള വിട്ടുമാറാത്ത നാഡീവ്യൂഹ സംബന്ധമായ അവസ്ഥകൾ;

(ഖ) രക്തത്തിലെ തകരാർ—

(i) സാധാരണയായി പുരുഷന്മാരെ മാത്രം ബാധിക്കുന്നതും എന്നാൽ സ്ത്രീകളാൽ അവരുടെ ആൺകുട്ടികൾക്ക് പകരുന്നതുമായ രക്തത്തിന്റെ സാധാരണ കട്ടപിടിക്കാനുള്ള കഴിവിനെ നഷ്ടമാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്ന സ്വഭാവത്തോടുകൂടിയതും, അതിനാൽ പ്രായപൂർത്തിയാകാത്ത ഒരാളിന് മാരകമായ രക്തസ്രാവം ഉണ്ടാക്കാവുന്നതുമായ, പാരമ്പര്യമായ ഒരു രോഗം എന്നർത്ഥമാകുന്ന "ഹീമോഫീലിയ";

(ii) ഹീമോഗ്ലോബിന്റെ കുറഞ്ഞതോ ഇല്ലാത്തതോ ആയ അളവുകളുടെ സ്വഭാവത്തോടു കൂടിയ പാരമ്പര്യ രോഗങ്ങളുടെ ഒരു കൂട്ടമെന്നർത്ഥമാകുന്ന "തലസീമിയ";

(iii) ബന്ധപ്പെട്ട കോശത്തിന്റെയും അവയവത്തിന്റെയും തകരാറുകാരണം വിട്ടുമാറാത്ത വിളർച്ച, വേദനാജനകമായ അവസ്ഥകൾ, വിവിധ സങ്കീർണ്ണതകൾ എന്നീ സ്വഭാവത്തോടു കൂടിയ ഒരു ഹീമോലിറ്റിക് ഡിസോർഡർ എന്ന് അർത്ഥമാകുന്ന "സിക്കിൾ സെൽ രോഗം"; "ഹീമോലിറ്റിക്" എന്നത് ഹീമോഗ്ലോബിൻ പുറത്തുവിടുന്നതിന് കാരണമാകുന്ന, ചുവന്ന രക്താണുക്കളുടെ കോശസ്തരത്തിന്റെ നശീകരണത്തെ സൂചിപ്പിക്കുന്നു,

എന്നിവ കാരണം ഉണ്ടാകുന്ന വൈകല്യം.

5. ഒരാളിന് ഗുരുതരമായ ആശയവിനിമയ, വികസന, വിദ്യാഭ്യാസ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കേൾവിക്ഷയത്തിന്റെയും കാഴ്ചക്ഷയത്തിന്റെയും കൂടിച്ചേരൽ ഉണ്ടാകാനിടയുള്ള ഒരു അവസ്ഥ എന്നർത്ഥമാകുന്ന, ബധിരാന്ധത ഉൾപ്പെടെയുള്ള ഒന്നിലധികം വൈകല്യങ്ങൾ (മുകളിൽ പറഞ്ഞിട്ടുള്ള ഒന്നിൽ കൂടുതൽ വൈകല്യങ്ങൾ).

6. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന മറ്റേതെങ്കിലും വിഭാഗം.